REG. NO. M. 2689 & T. 122. LICENCE NO. 246. DATED 5-4-31

# മലയാളരാജ്യം
# ചിത്രവാരിക

19th Meenam 1110.

1st April 1935.



ഇതിൽ ആരാണു രാജ്ഞി.

U. P. S.

VOL. VII. NO. 30

Price As. 2. വില ൨ ണ

# ശ്രീരാമവിലാസം ബുക്ക്ഡിപ്പോ—കൊല്ലം

ബ്രാഞ്ചുകൾ—തിരുവനന്തപുരം, ആലപ്പുഴ, എറണാകുളം.

## ഉപനിഷത്തുകൾ.

| | ക. | ണ. | സ. |
|---|---|---|---|
| ഈശാവാസ്യോപനിഷത്ത് | 0 | 10 | 0 |
| കേനോപനിഷത്ത് | 0 | 6 | 0 |
| കാഠകോപനിഷത്ത് | 1 | 2 | 0 |
| പ്രശ്നോപനിഷത്ത് | 0 | 12 | 0 |
| മുണ്ഡകോപനിഷത്ത് | 0 | 12 | 0 |
| മാണ്ഡൂക്യോപനിഷത്ത് | 1 | 8 | 0 |
| തൈത്തരീയോപനിഷത്ത് | 1 | 4 | 0 |
| ഐതരേയോപനിഷത്ത് | 0 | 10 | 0 |
| ഛാന്ദോഗ്യോപനിഷത്ത് | 5 | 0 | 0 |

## ഇതിഹാസപുരാണാദി.

| | | | |
|---|---|---|---|
| അദ്ധ്യാത്മരാമായണം (സവ്യാഖ്യാനം) | 1 | 8 | 0 |
| ടി (വലിയ അക്ഷരം) ഒന്നാംതരം | 1 | 8 | 0 |
| ടി (പത്തിതിരിച്ച അച്ചടിച്ചതു്) ടി | 1 | 8 | 0 |
| ടി (ആരണ്യകാണ്ഡം മാത്രം.) | 0 | 6 | 0 |
| ടി (ഉത്തരയോടുകൂടിയതു) | 0 | 8 | 0 |
| ശ്രീമഹാഭാരതം (കിളിപ്പാട്ട്) | 0 | 8 | 0 |
| ശ്രീമഹാഭാഗവതം (കിളിപ്പാട്ട്) | 1 | 0 | 0 |
| ടി (കട്ടിക്കടലാസിൽ, | 1 | 12 | 0 |
| ടി മേനിക്കടലാസിൽ (തോൽബയൻറ) | 3 | 0 | 0 |
| തുളസീദാസരാമായണം (ഭാഷാഗദ്യം) | | | |
| ഒന്നാംഭാഗം | 1 | 4 | 0 |
| രണ്ടാംഭാഗം | 1 | 4 | 0 |
| ജ്ഞാനവാസിഷ്ഠം (കിളിപ്പാട്ട്) | 2 | 0 | 0 |
| ശ്രീമഹാദേവീഭാഗവതം(സംപൂർണ്ണഗദ്യഗ്രന്ഥം) | 1 | 8 | 0 |
| കണ്ണശ്ശരാമായണം (ഉത്തരകാണ്ഡം) | 0 | 12 | 0 |
| രുഗ്മാംഗദചരിതം. | 0 | 4 | 0 |
| കിരാതാർജ്ജുനീയം കിളിപ്പാട്ട്. | 0 | 4 | 0 |
| അഘനാശപദ്ധതി. | 0 | 2 | 0 |
| ഹരിഹരപുത്രചരിത്രം | 0 | 3 | 0 |

## വേദാന്തഗ്രന്ഥങ്ങൾ.

| | | | |
|---|---|---|---|
| ശ്രീമദ് ഭഗവദ്ഗീത | 0 | 8 | 0 |
| സ്വാമി രാമതീർത്ഥൻ (ഒന്നാം ഭാഗം) | 0 | 12 | 0 |
| സ്വാമി രാമതീർത്ഥൻ (൨-ം ൩-ം ഭാഗങ്ങൾ) | 1 | 4 | 0 |
| സ്വാമി വിവേകാനന്ദൻെറ 1004 ഉപദേശങ്ങൾ അഥവാ അദ്ധ്യാത്മചിന്താമണി | 1 | 0 | 0 |
| ജീവോൽപത്തിചിന്താമണി | 0 | 2 | 0 |
| നാരദഗീത | 0 | 1 | 0 |
| പുനർജ്ജന്മസിദ്ധാന്തം | 0 | 4 | 0 |
| മോക്ഷപ്രദീപവിമർശം അഥവാ അന്ധവിശ്വാസങ്ങൾ | 0 | 6 | 0 |
| ദിവ്യരഹസ്യപ്രകാശിക | 1 | 4 | 0 |
| ദിവ്യരഹസ്യപ്രകാശിക രണ്ടാംഭാഗം | 0 | 12 | 0 |
| ഹഠയോഗപ്രദീപിക. | 0 | 8 | 0 |
| കേരളാചാരനാഡീപരീക്ഷ അഥവാ ക്ഷേത്രപ്രവേശവാദം | 0 | 4 | 0 |
| ഏകാദശിമാഹാത്മ്യം | 0 | 4 | 0 |

## സ്തോത്രഗ്രന്ഥങ്ങൾ.

| | ക. | ണ. | സ. |
|---|---|---|---|
| നാരായണീയം ഭാഷാവ്യാഖ്യാനസഹിതം | 0 | 12 | 0 |
| നാരായണീയം പാക്കറ്റുബുക്ക് | 0 | 4 | 0 |
| സംക്ഷിപ്തഭാരതം | 0 | 8 | 0 |
| ദേവീമാഹാത്മ്യസംഗ്രഹം സവ്യാഖ്യാനം | 0 | 2 | 0 |
| ശ്രീഗുരുഗീത. | 0 | 4 | 0 |
| സ്തോത്രരത്നാകരം വ്യാഖ്യാനസഹിതം. | 1 | 0 | 0 |
| സൌന്ദര്യലഹരി. | 0 | 6 | 0 |
| ശ്രീകൃഷ്ണലീലകൾ. | 0 | 2 | 0 |
| സംഗീതസ്തവാമൃതതരംഗിണി | 0 | 2 | 0 |
| ശ്രീവിഷ്ണുപാദാദികേശാന്തവർണ്ണനസ്തോത്രം | 0 | 8 | 0 |

## സാഹിത്യഗ്രന്ഥങ്ങൾ.

| | | | |
|---|---|---|---|
| കൃഷ്ണഗാഥ പി. കെ നാരായണപിള്ളയുടെ അവതാരികയോടുകൂടിയതു് | 1 | 4 | |
| 111-ആട്ടക്കഥകൾ സാധാരണബയൻറു്. | 3 | 0 | 0 |
| തോൽ, കാലിക്കോ. | 3 | 8 | 0 |
| 60-തുള്ളൽകഥകൾ സാധാരണ | 2 | 8 | 0 |
| തോൽബയൻറു് | 3 | 0 | 0 |
| ശ്രീകൃഷ്ണചരിതം മണിപ്രവാളം(സവ്യാഖ്യാനം) | 0 | 12 | 0 |
| മേഘദൂതം ഖണ്ഡകാവ്യം. | 0 | 8 | 0 |
| അഭിജ്ഞാനശാകുന്തളം സവ്യാഖ്യാനം. | 1 | 0 | 0 |
| ഭർത്തൃഹരി വ്യാഖ്യാനസഹിതം | 0 | 8 | 0 |
| വടക്കൻപാട്ടുകൾ. | 0 | 8 | 0 |
| എഴുത്തച്ഛൻ. | 0 | 9 | 0 |
| പദ്യമഞ്ജൂഷ. | 0 | 6 | 0 |
| വേലുത്തമ്പിദളവാ | 0 | 8 | 0 |
| വ്യാസഭാരതം (ഗദ്യം) | 1 | 0 | 0 |
| വിജ്ഞാനരഞ്ജിനി (പരിഷ്കരിച്ചപതിപ്പ്) | 0 | 12 | 0 |
| പ്രബന്ധരത്നാവലി വ്യാഖ്യാനസഹിതം | 1 | 0 | 0 |
| ഗദ്യരത്നാവലി. | 0 | 12 | 0 |
| ഗദ്യമുക്താവലി. | 0 | 12 | 0 |
| ഉപന്യാസമാല ഒന്നാം ഭാഗം. | 0 | 10 | 0 |
| രണ്ടാം ഭാഗം. | 0 | 12 | 0 |
| കർണ്ണപർവ്വം സവ്യാഖ്യാനം | 0 | 4 | 0 |
| ചില കവിതാപ്രതിധ്വനികൾ | 0 | 13 | 6 |
| പ്രബന്ധമാല്യം. | 0 | 8 | 0 |
| പ്രസംഗതരംഗിണി രണ്ടാംഭാഗം | 0 | 8 | 0 |
| ശ്രീകൃഷ്ണകഥാനുവർണ്ണനം | 0 | 8 | 0 |
| ശ്രീപത്മനാഭദാസൻ. | 0 | 4 | 0 |
| ഭാരതീയമഹതികൾ. | 0 | 6 | 0 |
| പുഷ്പമാല. | 0 | 6 | 0 |
| സീതാദേവി | 0 | 6 | 0 |

# മലയാളരാജ്യം

## ചിത്രവാരിക.

പുസ്തകം ൧ | ൧൧൧൦ മീനം ൧൯-ാംനു- തിങ്കളാഴ്ച. | ലക്കം ൩൦.



പേഷ്യൻസു ക്രൂപ്പർ—അസ്മത്-കാ-മോതി എന്ന ചലനചിത്രകഥയിൽ.

# ഗ്രന്ഥരത്നം.

വിദ്വാൻ, വി. രാമശാസ്ത്രി.

ആദിമഹാകാവ്യമെന്ന് അഖിലരാലും അറിയപ്പെട്ടിട്ടുള്ള വാല്മീകിരാമായണത്തിലെ അമൂല്യങ്ങളായ അനവധി ഗ്രന്ഥരത്നങ്ങളിൽ അനർഘമെന്ന് അഭിയുക്തന്മാർ അഭിപ്രായപ്പെട്ടിട്ടുള്ള പദ്യം

"രാമംദശരഥംവിദ്ധി
മാംവിദ്ധിജനകാത്മജാം
അയോദ്ധ്യാമടവിംവിദ്ധി
ഗച്ഛതാത,യഥാസുഖം"

ഇതാണല്ലൊ. ഇതിൻെറ മഹത്വത്തിന കാരണമെന്ത്? ആ കവികലക്രൂടസ്ഥനായ മഹർഷി ഇതിൽ രാമായണത്തിലെ പ്രധാന കഥാംശങ്ങളെല്ലാം സരസമായി സംഗ്രഹിച്ചിരിക്കുന്നു എന്നുള്ളതല്ലാതെ മറെറാന്നുമല്ല. ഈ വസ്തുത സഹൃദയഹൃദയാഹ്ളാദനത്തിനുവേണ്ടി ഇവിടെ വിവരിച്ചുകൊള്ളട്ടെ.

സന്ദർഭം:—

1. ഒന്നാമതായി വനത്തിലേക്കു പുറപ്പെട്ട ശ്രീരാമനെ അനുഗമിക്കാൻ ആഗ്രഹിക്കുന്ന തൻെറ പുത്രനോടായി സുമിത്രാ താഴെപ്പറയുംപ്രകാരം ഹിതം അനുശാസിക്കുന്നു.

അന്വയം:- ഹേ താത! ത്വം രാമം ദശരഥം വിദ്ധി. ജനകാത്മജാം മാം വിദ്ധി. അടവീം അയോദ്ധ്യാംവിദ്ധി. യഥാസുഖം ഗച്ഛ.

അർത്ഥം: - അല്ലയോകുഞ്ഞേ! നീ ജ്യേഷ്ഠഭ്രാതാവായ രാമനെ നിൻെറ പിതാവായ മഹാരാജാവിനെപ്പോലെ കരുതി ഭക്തിപൂർവ്വം അനുവർത്തിക്കണം. ജനകപുത്രിയും രാമൻെറ സഹധർമ്മിണിയുമായ സീതയെ നിൻെറ അമ്മയായ എന്നെപ്പോലെ ഓക്കണം. അനന്തരം, നീ പോകേണ്ടതായ മഹാരണ്യത്തെ നിത്യപരിചയംകൊണ്ടു നിനക്കു ഹൃദ്യമായി തോന്നിയിരിക്കുന്നഅയോദ്ധ്യാനഗരംപോലെ കരുതിക്കൊള്ളുകയും വേണം. ഒരിക്കലും ആത്മാവിനെ ക്ലേശത്തിനു പാത്രീഭൂതമാക്കരുതു്. ഇപ്രകാരം ചെയ്യുന്നതായാൽ അഭ്യുദയവും, ചെയ്യാതിരുന്നാൽ പ്രത്യവായവും വന്നുകൂട്ടമെന്നുംകൂടി ഇതിൽ സൂചിപ്പിക്കുന്നു.

2. ദശരഥമഹാരാജാവിൻെറ അർദ്ധപത്നിയായ സുമിത്രാദേവി പാതിവ്രത്യബലത്താൽ ഭാവിവൃത്താന്തം മുഴുവൻ ജ്ഞാനദൃഷ്ടിയാൽ അറിഞ്ഞു ഈ പദ്യത്തിൽ സംഗ്രഹിച്ചു എന്നു പ്രസിദ്ധിയുണ്ടു്.

താത=കുഞ്ഞേ! ദശരഥം രാമംവിദ്ധി= അചിരേണ പുത്രവിയോഗത്താൽ പിതാവിനെ വിരാമസഹിതനായി അതായതു മൃതനായി അറിയൂ മാം=എന്നെ (സുമിത്രയെ). ജനകാത്മജാം=അച്ഛൻെറ മകളായി ഭർത്തൃവിയോഗദുഃഖിതയായ എന്നെ എൻെറ പിതാവു സ്വപുരത്തിലേക്കു കൊണ്ടുപോകുമെന്നു സാരം. വിദ്ധി=അറിഞ്ഞുകൊള്ളുക- അയോദ്ധ്യാമടവീംവിദ്ധി_ഈ അയോദ്ധ്യാനഗരിയെ, നാഥനില്ലായ്കനിമിത്തം വൃക്ഷലതാവല്മീകാകീർണ്ണമായ വനതലം എന്നുതന്നെ അറിഞ്ഞുകൊള്ളു. അതുകൊണ്ടു യഥാസുഖംഗച്ഛ=ഈ പരിണതികളെക്കുറിച്ചു ചിന്തിച്ചു ഖേദിക്കാതെ യാത്രയുടെ അവശ്യകർത്തവ്യതയെ പരിഗണിച്ചു സുഖമായി പൊയ്ക്കൊള്ളുക "എന്നു ഞാൻ ഇതാ കല്പിക്കുന്നു."

3. "ഈ ദുർദശാപരിപാകത്തിൻെറ പരിണാമത്തെക്കുറിച്ചു നീ ശങ്കിക്കുന്നുണ്ടെങ്കിൽ, അതിനു പ്രതിവിധിയും ഞാൻ നിനക്കു പറഞ്ഞുതരാം-"

രാമംദശരഥംവിദ്ധി=കൗസല്യാഗർഭസംഭൂതനായ് അഭിരാമനായ് ഇരിക്കുന്ന രാമനെ ദശരഥം=പക്ഷിയാകുന്ന രഥത്തോടുകൂടിയവൻ, വിഷ്ണു എന്നു നീ നല്ലപോലെ അറിയണം ജനകാത്മജാം മാം വിദ്ധി=ജനകരാജപുത്രിയെ അദ്ദേഹത്തിൻെറ(രാമൻെറ) പരിചര്യയ്ക്കായി അവതീർണ്ണയായ മാം=ലക്ഷ്മീദേവി എന്നും ധരിക്കണം. അയോദ്ധ്യാംഅടവീംവിദ്ധി=ഭഗവാൻെറ അവതാരത്തിനു പാത്രീഭൂതമായിത്തീർന്നിട്ടുള്ള അയോദ്ധ്യയെ അഖിലതപസ്വിജനസേവനീയത്വംകൊണ്ടു ഒരു തപോവനഭൂമിഎന്നാവർണ്ണവും ഓർത്തുകൊള്ളണം. വസ്തുത ഇപ്രകാരമിരിക്കയാൽ നിനക്കു അശുഭാശങ്കകൊണ്ടും ഉണ്ടാകാനില്ലതന്നെ. താത!=അച്ഛനെപ്പോലെ വിചാരജ്ഞാനസഹിതനായ നീ യഥാസുഖം ഗച്ഛ=ഇഷ്ടംപോലെ പൊയ്ക്കൊള്ളൂ.

4. എന്നിരുന്നാലും "സുകൃതം ദുഷ്കൃതഞ്ചൈവ ഗച്ഛന്തമനുഗച്ഛതി" എന്നുള്ളതുകൊണ്ടു് സദാചാരംകൂടി ഇതിൽ ഉപദേശിക്കുന്നു.

രാമം ദശരഥം വിദ്ധി=മേൽപ്രസ്താവിച്ച പ്രകാരമുള്ള രാമനേയും, നിൻെറ ഗുരുവായ ദശരഥമഹാരാജാവിനേയും സദാ ഓർത്തുകൊള്ളണം. മാം ജനകാത്മജാം വിദ്ധി= നിൻെറ ജനനത്തിനു ഹേതുഭൂതയായ എന്നേയും, മിഥിലേശ്വരപുത്രിയേയും മറന്നുകളയരുതു്. അയോദ്ധ്യാം അടവീം വിദ്ധി=അയോദ്ധ്യാവാസികളായ പരദേവതകളേയും ഗുരുബന്ധുജനങ്ങളേയും വിസ്മരിക്കരുതു്. അതിഘോരവൃകസിംഹാദിനാശഹേതുക്കളായ ഹിംസ്രമൃഗസങ്കീർണ്ണമാണു കാടു് എന്നുള്ളതുംധരിക്കണം താത=അല്ലയോ സല്ക്കാരയോഗ്യനായ വത്സ, യഥാസുഖം ഗച്ഛ= നിനക്കു സുഖമുണ്ടാവട്ടെ: പോക.

5. ത്വം രാമം ദശരഥം വിദ്ധി=വനവാസത്തിലേയ്ക്കായി പുറപ്പെട്ടിരിക്കുന്ന രാമനെ ദശരഥനെപ്പോലെ സ്വഭാര്യാവചനത്തിന് കീഴ്പ്പെട്ടുനടക്കുന്നവനാണെന്നും, തദ്വാരാ പല ആപത്തുകളിൽ ചെന്നു ചാടുന്നവനാണെന്നും കരുതണം. ഇതിൽനിന്നും പഞ്ചവടീവാസം, കനകഹരിണാനയനപ്രേഷണം തുടങ്ങിയവ സൂചിപ്പിക്കപ്പെടുന്നു. ജനകാത്മജാം മാം വിദ്ധി=അവിടെയും, ഞാൻ രാമാനുഗമനത്തിനായി നിന്നെ അനുശാസിക്കുംപോലെ സീതയും അനുശാസിക്കും ഇതുനിമിത്തം അസഹായഭൂതയായ അവളെ ഖലജനം അപഹരിക്കുംഎന്നും സൂചിപ്പിക്കുന്നു. അടവീം അയോദ്ധ്യാം വിദ്ധി=ആദ്യം താമസത്തിനായി സ്വീകരിച്ചിരുന്ന വനപ്രദേശം, അയോദ്ധ്യപോലെ നിൻെറ നിഷ്ക്രമണത്തിനു ഇടയുണ്ടാക്കിത്തീർക്കുമെന്നു അറിയുക ഇതിൽനിന്നും ഗോദാവരീതീരത്തുനിന്നും, കിഷ്കിന്ധാപരിസരത്തിലേയ്ക്കും, അവിടെനിന്നും സമുദ്രപ്രാന്തത്തിലേയ്ക്കുമുള്ള ദീർഘയാത്ര ഉപലക്ഷിക്കപ്പെടുന്നു. ഹേ താത, യഥാസുഖം ഗച്ഛ=ഇവിടെ സുമിത്രാ അപായശങ്കയോടും വാത്സല്യാതിരേകത്തോടും പുത്രനെ അനുസ്മരിക്കുന്നു. സുഖഗമനേച്ഛയെ സൂചിപ്പിക്കുകയും ചെയ്യുന്നുണ്ടു്.

6. രാമം ദശരഥം വിദ്ധി=അനന്തരംഹേ ലക്ഷ്മണ! നീ രാമനെ ദശരഥനെപ്പോലെ സാധാരണന്മാക്കു ഗന്തവ്യമല്ലാത്ത പ്രദേശങ്ങളിൽക്കൂടി ഗമിപ്പാൻ പ്രാപ്തനാണെന്നു വിചാരിക്കു ഇതുകൊണ്ടു സമുദ്രതരണം, ലങ്കാഗമനം ഇവ സൂചിപ്പിക്കപ്പെട്ടു. ജനകാത്മജാം മാം വിദ്ധി=സീതയും എന്നേപ്പോലെതന്നെ നിങ്ങളുടെ (രാമലക്ഷ്മണന്മാരുടെ) വിയോഗത്താൽ ദുരാചാരിണിയായി ഭവിക്കുമെന്നർത്ഥം അടവീം അയോദ്ധ്യാം വിദ്ധി=അതിദുർഗ്ഗമമായ വിപിനസ്ഥലത്തെ പരിചിതജനപൂർണ്ണവും സ്നിഗ്ദ്ധജനനിബിഡവും, സ്നേഹവിശ്വാസങ്ങൾക്കു പാത്രീഭൂതങ്ങളായ പക്ഷിമൃഗസങ്കുലവും ആയ അയോദ്ധ്യയെന്നുധരിച്ചുകൊള്ളണേ. ജടായുദർശനം, സുഗ്രീവസഖ്യം, ഹനുമൽസംപ്രേഷണം തുടങ്ങിയവ ധ്വനിപ്പിക്കപ്പെടുന്നു. ഹേ, താത യഥാസുഖം ഗച്ഛ= കുഞ്ഞേ, ഇപ്രകാരം അപൂർവ്വമായ അവസ്ഥാവിശേഷങ്ങളുടെ പരിചയപരിധിയിൽപ്പെടാനിടയുള്ള നീ എന്നാൽ മാനിക്കപ്പെടേണ്ടവൻതന്നെയാണു്. നിനക്കു ഈവക ആശ്ചര്യസന്ദർശനസാമർത്ഥ്യം നന്നേയുണ്ടാവട്ടെ നിൻെറ അമ്മയായ എൻെറ പ്രാർത്ഥന ഇത്രമാത്രമാകുന്നു.

7. രാമം ദശരഥം വിദ്ധി=ദശരഥനേപ്പോലെ രാമനും ദേവവൈരികളെ നശിപ്പിച്ച് വിമാനത്തിൽ കയറി അയോദ്ധ്യയിലേയ്ക്കു മടങ്ങുമെന്നു നീ വിചാരിക്കുക. രാമസഹായഭൂതനായ നിന്നെക്കുറിച്ചു പ്രത്യേകം പ്രസ്താവിക്കേണ്ടല്ലൊ. ഈഭാഗംകൊണ്ടു രാവണകുംഭകർണ്ണാദിവധവും, അനന്തരമുള്ള രാമാദികളുടെ അയോദ്ധ്യാപ്രാപ്തിയും സൂചിപ്പിക്കപ്പെട്ടു. ജനകാത്മജാംമാം വിദ്ധി=വിദൂരഗതയായ് ദുർജ്ജനസ്പൃഷ്ടയായ്ത്തീർന്നാലും സീത എന്നെപ്പോലെ നിർദ്ദോഷതന്നെയായിരിക്കുമെന്നു ബോധിക്കുക. സീതയുടെ അഗ്നിപ്രവേശശുദ്ധിയെ ഈഭാഗം വെളിവാക്കുന്നു. അയോദ്ധ്യാം അടവീംവിദ്ധി= ഈ അയോദ്ധ്യാപുരിയെ അനുഗതരാകുന്ന അനേകം വാനരരാക്ഷസസേനയാൽ (അപ്പോൾ) അടവിയായി മനസ്സിലാക്കുക. ഹേ താത, യഥാസുഖംഗച്ഛ=അതിനുമേൽ

ഞാൻ നിന്നെ കാണും. നിനക്കു ശ്രേയസ്സുഭവിക്കട്ടെ, പോക.

8. രാമംദശരഥംവിദ്ധി=ഇപ്രകാരം വിച്ഛിന്നാഭിഷേകാരംഭനായ രാഘവനെ ദശരഥനെപ്പോലെ അധിരാജ്യസിംഹാസനാരൂഢനായി, കൃതാഭിഷേകനായി ഉത്തരകോസലാധിപനെങ്കിലും സകലലോകപാലന ജാഗരൂകനായി ധരിച്ചുകൊള്ളുക. ജനകാത്മജാംമാംവിദ്ധി=സീത അതിക്രാന്തദുഃഖസാഗരയായ് പ്രിയനൊന്നിച്ചു പ്രമോദിക്കുന്നവളായ് എന്നെപ്പോലെ പുത്രയുഗളത്തോടുകൂടിയവളായിത്തീരുമെന്നു അറിയൂ അയോദ്ധ്യാം അടവീംവിദ്ധി=ഈ അയോദ്ധ്യ അരണ്യഭൂമിപോലെ അനേക മുനിമണ്ഡലമണ്ഡിതമായ് ഭവിക്കുമെന്നും ഓക്കു. ഇവിടെ-അഗസ്ത്യാഗമനം, വാൽമീകിയുടെ വരവ്, തുടങ്ങിയവ വ്യഞ്ജിപ്പിക്കപ്പെട്ടിരിക്കുന്നു. താത യഥാസുഖംഗച്ഛ=നിന്റെ ഭാവി സുഖബഹുലമാകയാൽ വൈമനസ്യമൊന്നുംകൂടാതെ പൊയ്ക്കൊള്ളു.

9. രാമംദശരഥംവിദ്ധി=രാമനെ ദശരഥനെപ്പോലെ വിചാരിക്കു. "ജ്യേഷ്ഠഭ്രാതാ പിതൃസമഃ" എന്ന ന്യായപ്രകാരം രാമൻ നിങ്ങൾക്കു പിതാവുതന്നെ. മഹാരാജാവു പുത്രന്മാരെ എന്നപോലെ രാമനും ഒടുവിൽ നിങ്ങളെയും പരിത്യജിക്കുമെന്നു സാരം ജനകാത്മജാംമാംവിദ്ധി=ഇങ്ങനെയുള്ള ദുഃഖാവസരത്തിൽ സീതയുംഭാവികഥകളെല്ലാമറിയുന്നവളായതുകൊണ്ടു എന്നെപ്പോലെ ഉദാസിനയായ്ത്തന്നെ ഭവിക്കുമെന്നു അറിക. അയോദ്ധ്യാംഅടവീംവിദ്ധി=അയോദ്ധ്യ കാടെന്നപോലെനിൎമ്മൎയ്യാദവും വിപുലമായവ്യസനാന്ധകാരത്താൽ പരവശീകൃതവുമായിത്തീരുമെന്ന് മനസ്സിലാക്കിക്കൊള്ളു താത യഥാസുഖംഗച്ഛ_ഈ അവസ്ഥകൾ നല്ലവണ്ണം ചിന്തിച്ച് സുമിത്ര അനന്താംശസംഭൂതനായ ലക്ഷ്മണനെ സബഹുമാനം താത! എന്നു വിളിക്കുന്നു. യഥാസുഖംഗച്ഛ=ആത്മാനന്ദകരമായ ഭഗവൽസ്വരൂപത്തെ പ്രാപിക്കുക. അവിടെ എന്നേയും സംഗമിപ്പിക്കുക.

10. രാമംദശരഥംവിദ്ധി=സകല ജഗദഭിരാമനായും, അമാനുഷപരാക്രമനായും ഇരിക്കുന്ന ഈ ദാശരഥിയെ വൈകുണ്ഠവാസിയായി ധ്യാനിക്കുക—വിഷ്ണുവിന്റെ അംശത്താൽ ജാതനായ രാമൻ കൃതകൃത്യതനിമിത്തം വിഷ്ണുസ്വരൂപത്തെത്തന്നെ പ്രാപിക്കുമെന്നു താല്പൎയ്യം. ജനകാത്മജാംമാംവിദ്ധി=ജനകരാജ്യത്തിൽ വിലാമുഖത്തിൽനിന്നും സംഭൂതയായ ഈ സീതയാകട്ടെ, ലക്ഷ്മിയുടെ അംശത്താൽ ജാതയായതുകൊണ്ടു ലക്ഷ്മീരൂപത്തെത്തന്നെ ഒടുവിൽ പ്രാപിക്കുമെന്നു അറിയൂ. അയോദ്ധ്യാം അടവീംവിദ്ധി=തദനന്തരം അയോദ്ധ്യാപുരി കുശാദികളാൽപോലും പരിത്യക്തയായിട്ടു വൻകാടായിത്തീരുമെന്നുംഅറിയുക. ഹേതാത, യഥാസുഖംഗച്ഛ=പോക, ശേഷമെല്ലാം നിനക്കുതന്നെ അറിയാൻ കഴിയും, സമൎത്ഥനായി ഭവിക്കുക.

"ഋഷീണാംപുനരാദ്യാനാം വാചമത്ഥോനുധാവതി" എന്ന കവിവാക്യം പ്രകൃതപദ്യത്തെ സംബന്ധിച്ചേടത്തോളം എത്ര പരമാൎത്ഥമാണെന്നു പണ്ഡിതന്മാർ ചിന്തിക്കട്ടെ. ഗൂഢാർത്ഥകവിത, അഗ്രൂഢാൎത്ഥകവിത, തുടങ്ങിയുള്ള അഭിനവകവനമാൎഗ്ഗസ്രഷ്ടാക്കന്മാർ നമ്മുടെ പൂൎവ്വസൂരികളുടെ കാവ്യകോശത്തിലേയ്ക്കു കൂടി ഒന്നു കണ്ണോടിച്ചാൽ വളരെ ആശ്വാസമുണ്ടായിരുന്നേനേ.

ഈ ശ്ലോകത്തിൽ ലോട്ടിന്റെ വിധിനിമന്ത്രണാദ്യൎത്ഥവിശേഷങ്ങൾകൂടി സംഗ്രഹിതമായിട്ടുണ്ടെന്ന കഥ കാവ്യകോവിദന്മാർ വിസ്മരിച്ചുകളയരുതെന്നു അപേക്ഷയുണ്ടു്.

---

# പാട്ടിനു പുറകേ.

(തെക്കാട്ടു ചന്ദ്രശേഖരൻനായർ.)

ശ്രീമയനിളംകൂയിൽ മിണ്ടാതെപറന്നുപോയ്,
മാമകതളിർത്തൊത്തു മുറവുവാൻ തെളികയാൽ!
അഞ്ചിതമിവിടത്തെ വാസന്തപ്പൂലരിയിൽ
പഞ്ചമാലാപംതൂകിയാരിനിയുണൎത്തുന്നു?

കളകണ്ഠത്തിൻ പ്രേമമാധുരിയിലിളകി ഞാൻ
ദളസമ്പുടം മെല്ലെ വിടൎത്തിത്തുടങ്ങവേ,
സാനന്ദമണയുന്ന കൊച്ചുതെന്നലിലേറി
വാനിലേയ്ക്കുതു പരന്നീടിനാൻ പക്ഷങ്ങളും!
പുറകേ പറന്നിതെൻ കൌതുകം; എന്നാൽ നാലു-
പുറവുമനാദ്യന്തപ്പരപ്പിൽ ചെന്നെത്താമോ!
പിന്തിരിഞ്ഞിഹപോന്നു; കോമളസ്വനമേററ-
മാന്തണൽക്കാവിൽക്കാത്തുകാത്തിനിയിരിക്കട്ടെ!

ശ്യാമവിസ്തൃതമന്തരീക്ഷത്തിലൊളിച്ചെന്നെ
കേമിയായൊരുതാര ചിമിട്ടിക്കളിയാക്കി:—
'എങ്ങുപോയ് തവഗാനം!'—എന്തൊരുത്തരംപൊങ്ങും
മങ്ങുമെൻവദനത്തിലേതാനും വിയൎപ്പെന്യേ?

ജ്യോത്സ്നികേ! വരാകിഞാ,നിന്നലെയിരവിലും
മത്സഖനിവല്ലിയിൽ ചാഞ്ചാടിയുറങ്ങുമ്പോൾ
ഞാൻ മദിച്ചല്ലോ, നീയും കണ്ണുവച്ചിട്ടും തൂട-
പ്പെൻ മണിയറയ്ക്കുള്ളി, ലെൻപ്രിയ നികുഞ്ജത്തിൽ.
പോവുക, നിരന്തര സൗഭാഗ്യാരാമം തേടി
പോവുകെൻ പുംസ്കോകിലകൂജിതാഹ്ലാദം തേടി;
നിതരും സുധയെന്തി,നെന്റെ പുഷ്പിത നവ്യ-
ഭൂതിയുമെന്തിനിഷ്ടസംഗീതമകന്നെങ്കിൽ!!

---


# കുസുമോത്സവം.

ഗ്രന്ഥകൎത്താ, എസ്സ്. രാമവാൎയ്യർ
ബി. എ. ബി. എൽ.

കുസുമകുമാരിയുടെ ജീവിതത്തിൽ നേരിടുന്ന വിഷമദശകളും, സ്വാൎത്ഥമൂൎത്തിയും കുടിലബുദ്ധിയും ആയ വനചരന്റെ നിഷ്ഠുരതകളും, വിനയചന്ദ്രന്റെ അനുരാഗപ്രവാഹതയും എന്തു സമഗ്രമായ കവനകലാകുശലതയോടുകൂടിയാണു് വൎണ്ണിച്ചിരിക്കുന്നതെന്നു വിവരിക്കുക എളുപ്പമല്ല.

വില 1 രൂ. 8 ണ.

ശ്രീരാമവിലാസം പ്രസ്സ്, കൊല്ലം.



# നിങ്ങളുടെ ഭാവി

നിങ്ങളുടെ പേരും മേൽവിലാസവും ഏതെങ്കിലും ഒരു പുഷ്പത്തിന്റെ പേരും മാത്രം എഴുതി ഒരു പോസ്റ്റുകാർഡു് അയയ്ക്കുക. എന്നാൽ 1 രൂപയും ചിലവും വി. പി. ചുമത്തി തൊഴിലിലുണ്ടാകുന്ന ലാഭനഷ്ടങ്ങൾ, ഉദ്യോഗക്കയററം, സ്ഥലംമാററം അല്ലെങ്കിൽ തരംതാഴ്ത്തൽ, ജനനങ്ങൾ, വിവാഹങ്ങൾ, ആനന്ദകരമായ സംഭവങ്ങൾ, രോഗങ്ങൾ മുതലായി നിങ്ങളെ സംബന്ധിക്കുന്നതും അടുത്ത 12 മാസങ്ങൾക്കിടയിൽ നടക്കുന്നതുമായ സംഭവങ്ങളുടെ പൂൎണ്ണവിവരങ്ങൾ അയച്ചുതരുന്നതാണു്. സംഭവിക്കാനിടയുള്ള ദുരദൃഷ്ടങ്ങളിൽനിന്നും രക്ഷനേടുന്നതിനുള്ള മാൎഗ്ഗങ്ങളും വിവരിച്ചു അറിയിക്കുന്നതാണു്. ഒന്നു പരിശോധിച്ചുനോക്കിയാൽ ഞങ്ങളുടെ പ്രവചനങ്ങൾ സൂക്ഷ്മമായി ഫലിക്കുന്നവയാണെന്നു ബോദ്ധ്യമാകും. ഏതെങ്കിലും 5 ചോദ്യങ്ങൾക്കു ശരിയായ ഉത്തരം നൾകുന്നതിനു 1 ക. 4 ണ. മാത്രം.

നോട്ടു്—ഞങ്ങളുടെ പ്രസ്താവനകൾ അവാസ്തവമെന്നു തെളിയിക്കുന്നവൎക്കു 100 ക. ഇനാം.

Professor G. Shunker,
Post Box No. 72, Lahore.

# ജന്മസാഫല്യം.

കെ. അയ്യപ്പപ്പണിക്കർ, കണ്ടങ്കരി

അന്യരെ പരിഷ്കരിക്കാൻ ശ്രമിക്കുന്നതിനു മുമ്പിൽ താൻതന്നെ ഒന്നു പരിഷ്കരിക്കുന്നതായാൽ ഈ ലോകത്തു ഒരു ദുഷ്ടനെങ്കിലും കുറയുന്നതു കാണാമല്ലോഎന്നു് ശ്രീമത് വിവേകാനന്ദസ്വാമികൾ ഒരവസരത്തിൽ അഭിപ്രായപ്പെട്ടിട്ടുള്ളതുപോലെ നാം ഓരോരുത്തരും തന്നത്താൻ പരിഷ്കരിക്കുന്നതായാൽ ജനപരിഷ്കരണക്കമ്മറ്റിക്കാവശ്യമേഇല്ല ഒരു തെരുവിൽ അവനവന്റെ വീട്ടിനു മുൻവശം അവനവൻ ശുചിയാക്കുന്നപക്ഷം ആ തെരുവു ശുചിയാക്കുന്നതിനു പട്ടണപരിഷ്കരണക്കമ്മറ്റിയുടെ ആവശ്യം നേരിടുന്നുണ്ടോ? ഈ സ്വയം പരിഷ്കരണത്തിനു താനാരെന്നും, തന്നെ സൃഷ്ടിച്ചതിന്റെ ഉദ്ദേശമെന്തെന്നും അവനവൻ മുഖ്യമായി അറിഞ്ഞിരിക്കണം.

ഈശ്വരസൃഷ്ടിയിലുള്ള സകല ജീവജാലങ്ങളിലുംവച്ചു വിശേഷജ്ഞാനം മനുഷ്യനു മാത്രമേയുള്ളു- ഈ വിശേഷജ്ഞാനം ഒന്നില്ലായിരുന്നുവെങ്കിൽ മനുഷ്യൻ മറ്റുള്ള ജന്തുക്കളുടെ ഇടയിൽ തുലോം വലഞ്ഞുപോകുമെന്നുള്ളതിനു രണ്ടുപക്ഷമില്ലല്ലൊ. ശ്വാവിനേയോ കുരങ്ങിനേയോ നാം എപ്രകാരം തുരത്തുന്നുവോ അതുപോലെ വിശേഷജ്ഞാനം ഇല്ലായിരുന്നു എങ്കിൽ നമ്മെ എല്ലാ ജന്തുക്കളുംകൂടി ഓടിക്കുമായിരുന്നു- മനുഷ്യനു കൊമ്പു്, നഖം, ദന്തം, രോമങ്ങളെക്കൊണ്ടു പൊതിയപ്പെട്ട കഠിനമായ തുകൽ മുതലായ രക്ഷകൾ ഇല്ലാത്തതിനാൽ അന്യമൃഗങ്ങളെ എതിൎക്കയും ശീതോഷ്ണങ്ങളെ സഹിക്കയും ചെയ്യാൻ അവനുശക്തിയില്ലാതെ മരങ്ങളുടെ പോടുകളിലോ മലകളുടെ ഇടയിലോ ഒളിച്ചുവസിക്കേണ്ടിവരുമായിരുന്നു. അവനു ജാത്യാൽ ദഹനശക്തിയും ആഹാരം പചിച്ചു കഴിക്കാൻ വിശേഷജ്ഞാനവും ഇല്ലാത്തതുകൊണ്ടു വല്ല പുഴുക്കളേയോ കട്ടുകനികളേയോ ഭുജിച്ചുംകൊണ്ടു രാപകൽ അവന്റെ ഒഴിഞ്ഞ വസതിയിൽതന്നെ ഒളിച്ചിരിക്കേണ്ടിവരുമായിരുന്നു.

മേരേമറിച്ചു വിശേഷജ്ഞാനം ഒന്നുകൊണ്ടുമാത്രം മനുഷ്യൻ ഭൂമിയുടെ ഉടമസ്ഥനും നാഥനുമായ തീൎന്നു അതിലുള്ളസകല ചരാചരങ്ങളെയും കീഴാക്കി പഞ്ചഭൂതങ്ങളെ സ്വാധീനപ്പെടുത്തി. "അനന്തം"എന്നുള്ള ജ്ഞാനം അന്തമുകൾ അവന്റെ തലയിൽ കടന്നു. ശാശ്വതാവസ്ഥയെ പ്രാപിക്കാൻ അവൻ ശ്രമിച്ചുവരുന്നു.

വിശേഷജ്ഞാനമായ കൊടുമുടിയിൽനിന്നും അറിവായ ജലം ഒഴുകുന്നതിനു മൂന്നു നദികൾ ഉണ്ടു്. ആ നദികളുടെ നാമങ്ങൾ "നോട്ടം" എന്നും "സംഭാഷണം" എന്നും "ഗ്രന്ഥപാരായണം" എന്നും ആകുന്നു. ഇയിൽ മുഖ്യമായിട്ടുള്ളതു നോട്ടമാകുന്നു. കൃഷിശാസ്ത്രം, വൈദ്യശാസ്ത്രം, ജ്യോതിഷശാസ്ത്രം മുതലായ അനേക ശാസ്ത്രങ്ങൾ നോട്ടത്തിൽനിന്നും ഉത്ഭവിച്ചിട്ടുള്ളവയാണു്. വിവിധങ്ങളായ യന്ത്രങ്ങളെ പാശ്ചാത്യന്മാർ സദാ കണ്ടുപിടിച്ചു സൃഷ്ടിച്ചുകൊണ്ടിരിക്കുന്നതും, ലന്തപ്പഴം വൃക്ഷത്തിൽനിന്നും മുകളിലോട്ടു പോകാതെ ഭൂമിയിൽതന്നെ വീഴുന്നതു ഭൂമിയുടെ ആകർഷണംകൊണ്ടാണെന്നു "ന്യൂട്ടൺ" എന്നവിദ്വാൻ നിശ്ചയിച്ചതും അതിൽനിന്നും അനേകശാസ്ത്രസിദ്ധാന്തങ്ങളെ കണ്ടുപിടിക്കുന്നതിനു ഇടയായതും നോട്ടംകൊണ്ടത്രെ ഗ്രന്ഥപാരായണം ബുദ്ധിയേയും സംഭാഷണം നിപുണതയേയും എഴുത്തു ദൃഢതയേയും വൎദ്ധിപ്പിക്കുന്നു.

ആകപ്പാടെ ഈ ലോകത്തുള്ള സകല സൃഷ്ടികളിലുംവച്ചു് ഉത്തമമായും പ്രധാനമായും ഉള്ളതു മനുഷ്യനാണെന്നു"ഡാൎവിൻ" സായ്പിന്റെ സിദ്ധാന്തത്താലും അതിനെ ദൃഷ്ടാന്തീകരിക്കുന്നതായ ദശാവതാരങ്ങളുടെ മൂലതത്വത്താലും ഏവനും ബോദ്ധ്യപ്പെടുന്നതാണു്. ആദ്യം ജലവും മത്സ്യം മുതലായ ജന്തുക്കളും അനന്തരം തറയും അതോടുകൂടി കരയും ജലവും സംബന്ധിച്ചുള്ള കൂൎമ്മം മുതലായ ജന്തുക്കളും, പിന്നീടു വനവും വരാഹം മുതലായ കാട്ടുമൃഗങ്ങളും അതിൽപിന്നീടു കാടും നാടും അവയെസ്സംബന്ധിച്ച നരസിംഹംപോലെയുള്ള അൎദ്ധനരന്മാരും അതിന്റെശേഷം ചടുക്കളും പിന്നീടു ശ്രീരാമനെപ്പോലെയുള്ള ശുദ്ധാത്മാക്കളും അതിൽപിന്നീടു ശ്രീകൃഷ്ണനെപ്പോലെയുള്ള നയതന്ത്രജ്ഞന്മാരും ഉണ്ടായിരിക്കുന്നപ്രകാരം നമ്മുടെ പുരാണങ്ങളിൽ ബുദ്ധിപൂൎവം പറഞ്ഞിരിക്കുന്നതു പാശ്ചാത്യവിദ്വാന്മാരുടെ അഭിപ്രായങ്ങൾക്കു അനുയോജ്യമായിരിക്കുന്നതിനെ നോക്കുമ്പോൾ ചെടിയെ സൃഷ്ടിച്ചിരിക്കുന്നതിന്റെ ഉദ്ദേശം അതിന്റെ ഫലമാണെന്നുള്ളതുപോലെ ഈ ഭൂലോകസൃഷ്ടിയുടെ ഉദ്ദേശം മനുഷ്യസൃഷ്ടിയാണെന്നു വേണം അനുമാനിക്കാൻ.

എന്നാൽ മനുഷ്യനു് എന്തെല്ലാം പ്രൗഢികൾ ഉണ്ടായിരുന്നാലും അന്യസഹായം കൂടാതെ ഒരുനേരത്തെ ആഹാരംപോലുംകഴിക്കാൻ പ്രയാസമാണെന്നു പ്രത്യേകം ധരിച്ചിരിക്കേണ്ടതാകുന്നു. പശുക്കുട്ടിയെപ്രസവിച്ചാൽ അതു ഉടൻ ഓടിക്കളിക്കുന്നു. മൈതാനത്തുള്ള പുല്ലുതിന്നാൻ ഒരു പശുവിനു മറെറാരു പശുവിന്റെ സഹായംവേണമെന്നില്ല ഒരു പക്ഷിയുടെ സഹായം കൂടാതെ മറെറാരു പക്ഷിക്കു ഫലങ്ങളെ ഭക്ഷിച്ചു ജീവിക്കാം. അങ്ങിനെയല്ല മനുഷ്യന്റെകഥ. അവനെ വളൎത്തുന്നതിനു എത്രയോസൂക്ഷ്മ, ക്ഷമ, ദീൎഘകാലം മുതലായവ വേണ്ടിയിരിക്കുന്നു. ഒരു സാധനത്തിന്റെ യോഗ്യതയും അതിനോടുള്ള സ്നേഹവും അതിനെ ഉണ്ടാക്കുന്നതിനുള്ള അദ്ധ്വാനത്തിന്റെയും ശുഷ്കാന്തിയുടെയും താരതമ്യംപോലെയിരിക്കും ഇതാണു നാം ഒന്നു ബുദ്ധിമുട്ടി എഴുതിയുണ്ടാക്കിയാൽ അതിനെ അച്ചടിപ്പിച്ചു ഉപയോഗപ്പെടുത്തിവരുമ്പോൾ നമുക്കുണ്ടാകുന്ന സന്തോഷത്തിന്റെ കാരണം. ഇതാണു മാതാപിതാക്കന്മാൎക്കു കുട്ടികളോടും കുട്ടികൾക്കു മാതാപിതാക്കന്മാരോടും അന്യോന്യമുള്ളസ്നേഹത്തിന്റെ ആന്തരമായ കാരണം. ഈ ഒരേസംഗതിയാകുന്നു ഈശ്വരനു നമ്മോടുള്ള സ്നേഹത്തിനും നമുക്കു ഈശ്വരനോടുള്ള ഭക്തിക്കും കാരണമായിത്തീൎന്നിട്ടുള്ളതു്. മാതാപിതാക്കന്മാരോടു നമ്മുടെ മനസ്സിൽ ആദ്യമായി അംകുരിക്കുന്ന സ്നേഹം, സഹോദരവാത്സല്യങ്ങളായിഭവിച്ചു അയല്ക്കാരുടെയിടയിൽ കടന്നു പ്രകാശിച്ചു, തന്റെ സ്വജാതിയിൽപരന്നു ലോകം മുഴുവനും നിറഞ്ഞു ജീവകാരുണ്യത്തിൽ ലയിച്ചു "സമസ്തലോകേ സുഖംഭവന്തു" എന്നു ഭജിച്ചു സാക്ഷാൽജഗദീശ്വരനോടുള്ള ഭക്തിവിശ്വാസബഹുമാനാദികളിൽ അവസാനിക്കുന്നു

പക്ഷേ ഈശ്വരൻ ഉണ്ടോ എന്നു് ഈ സന്ദർഭത്തിൽ വല്ലവരും ചോദിക്കുമായിരിക്കാം- അവരോടു ഇത്രയും മാത്രമേ എനിക്കു പറഞ്ഞിട്ടാവശ്യമുള്ളു പഞ്ചഭൂതങ്ങൾ, സൂൎയ്യചന്ദ്രന്മാർ, പൎവതങ്ങൾ, വൃക്ഷങ്ങൾ, പക്ഷികൾ, മൃഗങ്ങൾ മുതലായവയെല്ലാം ഈശ്വരന്മാരെന്നു കരുതി നമ്മുടെ പൂൎവ്വന്മാർ അവയെ ആരാധിച്ചുവന്നതായി വേദപുരാണങ്ങളെക്കൊണ്ടു അറിയാമല്ലോ. വിശ്വാസം ബുദ്ധിയുടെ തീൎച്ചയാകകൊണ്ടു് വിശ്വാസത്തിന്റെ പരിഷ്കാരം ബുദ്ധിവൎദ്ധനയുടെ താരതമ്യംപോലെ ഇരിക്കുന്നതാണു്- ഒന്നാലോചിച്ചാൽ നമ്മുടെ ദേഹത്തിന്റെ വളൎച്ചപോലെതന്നെയാണു് ഒരു സമൂഹത്തിന്റേയും വളൎച്ച. നമ്മുടെ കുട്ടിക്കാലത്തുള്ള മൂഢവിശ്വാസങ്ങൾക്കു തുല്യമാകുന്നു ഒരു സമൂഹത്തിന്റെ ശൈശവകാലത്തുള്ള വിശ്വാസങ്ങൾ. നരബലി എല്ലാ ജാതിക്കാരും അവരുടെ സമൂഹത്തിന്റെ ശൈശവകാലത്തു ചെയ്തിട്ടുണ്ടു്. ഇപ്പോഴും നരഭക്ഷണം ചെയ്തുവരുന്ന മനുഷ്യർ ഉണ്ടത്രേ അവർ സാമൂഹ്യശൈശവത്തിൽ തന്നെയാണു് ഇരിക്കുന്നതു്. അതിനാൽ നമ്മുടെ പൂൎവന്മാർ പക്ഷിമൃഗാദികളേയും പഞ്ചഭൂതങ്ങളേയും ആരാധിച്ചതിനേപ്പററി അത്ഭുതപ്പെടാനില്ല. കാൎയ്യകാരണങ്ങളെ വിവേചനംചെയ്തു നോക്കിയപ്പോൾ ഈശ്വരചൈതന്യം സകല ചരാചരങ്ങളിലും ഉണ്ടെന്നല്ലാതെ അവയൊന്നും ഈശ്വരനല്ലെന്നും ഈശ്വരൻ ആദ്യന്തവിഹീനനായും സൎവത്തിനും ഹേതുവായും പ്രത്യേകം നില്ക്കുന്നുണ്ടെന്നും നമുക്കു ബോധ്യംവന്നു. ഈ ബോധ്യത്തിനു കാരണം നമ്മുടെ ഉല്പത്തി തന്നെയാകുന്നു ഇത്രയെല്ലാം ആലോചിക്കാൻ ബുദ്ധിയുള്ള നമ്മളും നമ്മുടെ പൂൎവന്മാരും പിൻതുടർച്ചക്കാരും ഒരു കാരണത്തിന്റെ ഫലമാണെന്നും അതു അങ്ങിനെയാണെങ്കിൽ ആ കാരണത്തിനു എന്തുമാത്രം ശക്തിയുണ്ടെന്നും ചിന്തിച്ചു നോക്കുമ്പോൾ ഈശ്വരമാഹാത്മ്യത്തിന്റെ ഏതാനും അംശങ്ങളെ നമുക്കു ഊഹിക്കാം. ആദ്യമേ ശൂന്യമാണെങ്കിൽ ഇപ്പോഴും എപ്പോഴും ശൂന്യമായിരിക്കാനേ നിവൃത്തിയുള്ളു. ആദ്യമേ കാൎയ്യമുള്ളതുകൊണ്ടു കാരണം അ

തിനുമുമ്പേയുണ്ടായിരിക്കണം. പത്തു തലമുറയ്ക്കു മുമ്പുണ്ടായിരുന്ന തന്റെ മുത്തച്ഛൻ ആരാണെന്നു അറിഞ്ഞുകൂടെന്നു ഒരുവൻ പറഞ്ഞാൽ അയാൾക്കു മുത്തച്ഛൻ ഉണ്ടായിരുന്നില്ലാ എന്നു വരുന്നതല്ലല്ലോ. അതുപോലെ എല്ലാവരുടേയും മുത്തച്ഛനായും അമൂല്യമൂല്യമായുമിരിക്കുന്ന സച്ചിദാനന്ദസ്വരൂപിയായ ആ ഭഗവാനെ നമുക്കു അറിഞ്ഞുകൂടാ എന്നുള്ളതുകൊണ്ട് അങ്ങിനെ ഒരു പരമാത്മാവ് ഇല്ലെന്നല്ലാ അനുമാനിക്കേണ്ടതു്. നമുക്കു ചുററുമുള്ള സാധനങ്ങളെ സൂര്യരശ്മിയുടെ സഹായത്താൽ നമ്മുടെ ജഡക്കണ്ണുകൊണ്ടു കാണാമെങ്കിലും സൂര്യന്റെ പരമാർത്ഥാവസ്ഥകൾ എന്തെല്ലാമെന്നറിയുന്നതിനായി സൂര്യനേ സൂക്ഷിച്ചു നോക്കുന്നതായാൽ ആ കണ്ണുകൾ എങ്ങിനെ പൊട്ടിപ്പോകുമോ (കാഴ്ച നശിക്കുമോ) അതുപോലെ ഈശ്വരമാഹാത്മ്യത്തേയും സൃഷ്ടികളേയും അറിഞ്ഞു ഐശ്വര്യത്തേ പ്രാപിക്കുന്നതിനായി തന്നിട്ടുള്ള ജ്ഞാനക്കണ്ണിനെ അതിലേക്കു ഉപയോഗപ്പെടുത്താതെ ഈശ്വരന്റെ ഉത്ഭവത്തേയും ജീവചരിത്രത്തേയും അറിയുന്നതിനു് ഉപയോഗപ്പെടുത്തുന്നതായാൽ യാതൊരു കരയും കാണാതെ ഭ്രാന്തു പിടിച്ചു ആ ജ്ഞാനക്കണ്ണു നശിച്ചുപോകുമെന്നുള്ളതിനു യാതൊരു സംശയവും ഇല്ലതന്നെ. ഈശ്വരന്റെ ഉത്ഭവം എന്നുമുള്ള ഒരു വഴക്കാണെന്നു തായ്മാററവരും, ഭഗവൽഗീതയിൽ ഭഗവാൻ ശ്രീകൃഷ്ണനും പറഞ്ഞിട്ടുണ്ടല്ലോ. ഈ വിഷയത്തേപ്പററി പല മഹാന്മാരും അന്യോന്യം വിരുദ്ധങ്ങളായ അഭിപ്രായങ്ങൾ പറഞ്ഞിട്ടുണ്ടെങ്കിലും അതൊന്നും തൃപ്തികരമായിട്ടുള്ളതല്ല. അതിനാൽ ആ സംഗതിയിൽ പ്രവേശിക്കാതെ നമ്മുടെ വിശേഷജ്ഞാനംകൊണ്ടു ഭഗവാന്റെ സൃഷ്ടിവിശേഷങ്ങളേയും ഉദ്ദേശങ്ങളേയും കഴിയുന്നിടത്തോളം കണ്ടുപിടിച്ചും സ്വഭാവത്തിനു് അനുരൂപമായി അദ്ദേഹത്തിന്റെ ഉദ്ദേശമെന്തെല്ലാമെന്നു അറിഞ്ഞു അവയെ നിറവേററിയും ഭയം, ഭക്തി, വിശ്വാസം, വിനയം, കൃതജ്ഞത, വിസ്മയം, സ്നേഹം, ബഹുമാനം ഇത്യാദികളോടുകൂടി നിത്യവും ഈശ്വരാരാധനചെയ്യുന്നതാകുന്നു മനുഷ്യരുടെ ഒന്നാമത്തേ ധർമ്മം.

ഈശ്വരസേവ ചെയ്താൽ സ്വർഗ്ഗത്തുചെന്നു പാൽപായസവും കുടിച്ചു ബന്ധുചാവട്ടയിന്മേൽ ചാരിഇരുന്നുംകൊണ്ടു ദാസിയാട്ടവും കണ്ടുരസിച്ചു സുഖമായും ചിരംജീവിയായുംഇരിക്കാമെന്നുള്ളകൊതിയോടുകൂടി ആരുംതന്നെ ക്ഷേത്രത്തിൽ പററിക്കൂടി പ്രദക്ഷിണം ചെയ്കയും ഭഗവൽസ്തുതി ചെയ്കയും ആദ്ധ്യാത്മികമാർഗ്ഗോപദേഷ്ടാവാകയും മുറിക്കകത്തിരുന്നു് കതകുമടച്ചു ജപിക്കയും ചെയ്തിട്ടു ഒരു ഫലവും ഇല്ലതന്നെ. രാജാവു് മന്ത്രിയെ നിയമിച്ചാൽ അയാൾ രാജ്യകാര്യങ്ങളെ നോക്കാതെ, രാജാവിങ്കൽ ഉള്ള ഭയഭക്തിബഹുമാനങ്ങളോടുകൂടി സദാകാലവും ഒരു പുരമുറിക്കകത്തിരുന്നു് കതകുമടച്ചു് ജപിച്ചുകൊണ്ടിരുന്നാൽ അയാളെ ഭ്രാന്തനാശുപത്രിയ്ക്കു അയയ്ക്കുമെന്നുള്ളതും തൽസ്ഥാനത്തു പ്രാപ്തനായ ഒരാളിനെ നിയമിക്കുമെന്നുള്ളതും സർവ്വജനാനുഭവമാണല്ലോ. മനുഷ്യൻ അവന്റെ ധർമ്മത്തേ ചെയ്യണമെന്നു മാത്രമേ ഈശ്വരൻ നമ്മോടു പറയുന്നുള്ളു. ആ ധർമ്മങ്ങൾ എന്തെല്ലാമാണെന്നുമാത്രമാണു് നാം നിശ്ചയിച്ചു് അനുവർത്തിക്കേണ്ടതു്. നമ്മുടെ മാതാപിതാക്കന്മാർ എത്രയോ കഷ്ടപ്പെട്ടു നമ്മെ പഠിപ്പിച്ചു വളർത്തി വേണ്ടത്ര വസ്തുക്കളേയും സമ്പാദിച്ചുതന്നു് സുഖമായ സ്ഥിതിയിൽ ആക്കികൊണ്ടുവന്നതിലേക്കു നാം അവരോടു എത്രത്തോളം ഭക്തിവിശ്വാസബഹുമാനാദികൾ വേണ്ടതാണോ അതിൽ ലക്ഷം മടങ്ങാണു നമ്മുടെ എല്ലാവരുടേയും വന്ദ്യപിതാവായ ഈശ്വരനോടു നാം പ്രദർശിപ്പിക്കേണ്ടതു്. പിന്നീടു് അദ്ദേഹത്തിന്റെ സൃഷ്ടിവിശേഷങ്ങളേയും ഗുണവിശേഷങ്ങളേയും നാം ആരാഞ്ഞറിഞ്ഞു അവയ്ക്കു അനുസരണമായി ഭയഭക്തിപൂർവ്വം പ്രവർത്തിച്ചു നാം ഉൾപ്പെടെയുള്ള സമസ്തജനങ്ങളും ആനന്ദത്തെ അവലംബിക്കുന്നതിലേക്കുള്ള മാർഗ്ഗങ്ങളെ സമ്പാദിക്കാൻ നാമെല്ലാവരും ശ്രമിക്കേണ്ടതാകുന്നു. ഈ മാർഗ്ഗങ്ങളെ ഒരു ജന്മംകൊണ്ടോ ഒരുവന്റെ തനിശ്രമംകൊണ്ടോ സമ്പാദിച്ചു എന്നു വരുന്നതല്ലാ. ഐകമത്യം അന്യോന്യം സ്നേഹബഹുമാനാദികൾ ആയ പെരുമ്പറകൾ അടിച്ചുമുഴക്കി മനുഷ്യസമൂഹങ്ങളെ ഒരുമിച്ചുകൂട്ടി, ബുദ്ധിശക്തികളായ ദീപയഷ്ടികളെ കൊളുത്തിപ്പിടിച്ചു, അജ്ഞാനങ്ങളായ അന്ധകാരങ്ങളെ അകററി, ശക്തികളായ കല്ലറകളെ കണ്ടുപിടിച്ചു, ശാസ്ത്രങ്ങളാകുന്ന കഠാരങ്ങളെക്കൊണ്ടു അവയെ വെട്ടിപ്പിളന്നു്, അകത്തുള്ള തത്വങ്ങളായ നിധികളെ എടുത്തു, വിസ്മയിച്ചു്, എല്ലാവരും അനുഭവിക്കണമെന്നാകുന്നു ഭഗവാന്റെ ഉദ്ദേശം. ജ്യോതിശ്ശാസ്ത്രത്തിന്റെ ഇപ്പോഴത്തെ സ്ഥിതി അനേകപണ്ഡിതന്മാർ ദീർഘകാലം പ്രയത്നിച്ചതിന്റെ ഫലമായി സിദ്ധിച്ചതാണു്. എത്രയോ വേരുകളേയുംമററും പറിച്ചു രുചിച്ചുനോക്കിയായിരുന്നു അനേകം മഹർഷിമാർ വൈദ്യശാസ്ത്രം ഉണ്ടാക്കിത്തന്നിട്ടുള്ളതു്. വളരെ തലമുറയായിട്ടു ചെയ്യപ്പെട്ട പരിശ്രമങ്ങളുടെ ഫലമാകുന്നു കമ്പിത്തപാൽ, പുകയന്ത്രം, തീപ്പെട്ടി, ഗ്രാമഫോൺ, മോട്ടോർകാർ മുതലായ പുതുമകൾ. വിമാനസഞ്ചാരത്തിനു് പരിശ്രമിച്ചു ഇപ്പോഴും അനേകം വിദ്വാന്മാർ മരിക്കുന്നു.

എന്നാൽ ഇതെല്ലാം കണ്ടുപിടിച്ച മനുഷ്യർ ഒരുകാലം മൃതപ്രായന്മാരായിരുന്നു എന്നു് ഓർമ്മിക്കുമ്പോൾ പരിശ്രമംഒന്നുകൊണ്ടുമാത്രമാണു് മനുഷ്യർ ഈ സ്ഥിതിയിൽ പരിണമിച്ചതെന്നും അതിനാൽ ഇനിയും ഇതിലും ഉൽകൃഷ്ടസ്ഥിതിയെ പ്രാപിക്കാൻ അവർക്കു സാധിക്കുമെന്നും ഉറപ്പായി നിശ്ചയിക്കാം. മനുഷ്യനു് അറിവുവർദ്ധിക്കുന്തോറും അവൻ അറിയാത്ത സാധനങ്ങൾ അനന്തമായും അറിഞ്ഞ സാധനങ്ങൾ അണുവായും കാണപ്പെടും. നമ്മുടെ ഓരോരുത്തരുടേയും ജീവിതകാലത്തു് വലുതായ കാര്യങ്ങൾ ഒന്നും സാധിച്ചില്ലാ എന്നുവരികിലും ഇന്നൊരു സൽപ്രവൃത്തി ചെയ്തു എന്നുള്ള ആശ്വാസത്തോടുകൂടി ദിവസംപ്രതി രാത്രി ഉറങ്ങുകയും നാംനിമിത്തം ലോകം കുറച്ചെങ്കിലും നന്നായല്ലോ എന്നുള്ള സമാധാനത്തോടുകൂടി ഒടുവിലത്തേ നിദ്രയിൽ (ബ്രഹ്മാനന്ദത്തിൽ സദാ മഗ്നമായിരിക്കുന്നസാക്ഷാൽ പരമാത്മാവിന്റെ മനുഷ്യനിൽ ലീനമായിരിക്കുന്ന ചൈതന്യാംശത്തിന്റെ ആനന്ദാങ്കുരസ്ഫുരണത്തിൽ) ലയിക്കയും ചെയ്യുന്നതായാൽ അതുതന്നെയാണു് "ജന്മസാഫല്യം."

# ആശ്വാസം.

(ഡാക്ടർ നാരായണദാസ്, വെട്ടിക്കവല)

"നരനായിങ്ങനെ" എന്നരീതി.

അറിവെഴാത്തൊരുസദനം; എന്നുടെ
യറിവിനുമങ്ങേപ്പുറമായി
പരിലസിച്ചീടാ, മവിടെയെൻചിത്ത-
പരഭൃതംപറന്നണയുകിൽ,

വ്യഥിതനാമെന്റെഹൃദയം നിങ്ങുമ-
സ്സുദിനംകാണുവാനിടയാകിൽ,
നിരുപമരമ്യകൂജനരാഗങ്ങ-
ളുരുവിടാനപ്പോഴുണരുകിൽ;

അവിടെയാത്മാവിൻതണലിൽശാശ്വത
പവനൻവന്നെന്നെത്തഴുകുകിൽ,
കപടചുംബനവടിവുമാണ്ടെന്റെ
കവിളിൽപുഞ്ചിരിപുലരുകിൽ,

എളിയോരെൻമെയ്യിലതുലശീതള-
പ്പുളകപ്പൂവിതൾപൊതിയുകിൽ,
പ്രണയരശ്മിയാൽതെളിയുമാനന്ദ-
കണിക കണ്ണിൽനിന്നുതിരുകിൽ;

അതുമതി—മതി—ഭവതിതൻമുമ്പി-
ലടിയറ വയ്ക്കാനതുപോരും!!
അതിനായ് ദീനനായ് വിരയുന്നുശൂന്യ-
ഗതിയിൽ രാപകൽകഴിയുന്നു.

പരമശൂന്യമിപ്പരിസരത്തിൽഞാൻ
ഭവതിയ്ക്കായൊരു മലർനൽകാൻ
പുലരിയോടേറെ പരിചയിച്ചതിൽ
പുലരുന്നില്ലൊരുതളിർപോലും

വിരഹവാരിധിയ്ക്കടിയിലൊക്കെയും
പരിശോധിച്ചതിലൊരു മുത്തും
വശഗമാകാതെ കരയുംകേവലം
വിഗതഭാഗ്യനാണമലേ! ഞാൻ.

ഒരുരാഗംപോലും ശരിയായ്പാടിടാൻ
തരമാകാത്തവൻ ഭവതിയിൽ
അനുരക്തൻ—ഹാഹാ!—മനമേ, പാഴ്ക്കിനാ-
വിനിമതി; —വെറും കവിതകൾ.

... ... ... ... ... ...

അറിവെഴാത്തൊരുസദനം;—എപ്പൊഴേ-
യ്ക്കറിവാകും ശുഭശകുനങ്ങൾ?
പരമാശ്വാസത്തിൻപരിധിയിലവ
ചെറുതാരങ്ങളായൊളിനൽകാം!!

# സാമ്പിൾവക്കീലാഫീസ്.

[അച്ചു]

## I
## വക്കീലുദയം.

വക്കീൽവർഗ്ഗംപോലെ ഇത്രയധികം അവാന്തരജാതിവിഭാഗങ്ങളുള്ള ജനസമുദായം വേറെ ഉണ്ടോ എന്നു സംശയമാണ്. അമേരിക്കൻ ഐക്യനാടുകളിലെ പ്രസിഡന്റുമുതൽ കടംവാങ്ങിയ കോട്ടും മുക്തിയാറുകിട്ടിയ വക്കീലധികാരവും ധരിച്ച് "കച്ചേരിത്തിണ്ണനിരങ്ങുന്ന" ക്രിമിനൽവക്കീലല്ലാ— വക്കീലന്മാർവരെയുള്ള സകലരും വക്കിൽസഭയിലെ ഉദ്യോഗസ്ഥസീററുകളെ അലങ്കരിക്കുന്നവരാണ്. സർവ്വരാജ്യസഭകളിൽ മഹൽശക്തികളെ പ്രതിനിധീകരിച്ച തങ്ങളുടെ രാജ്യങ്ങൾക്കുവേണ്ടി വീരവാദം ചെയ്യുന്ന രാജ്യതന്ത്രകുശലന്മാർ തുടങ്ങി, അതിരിന്മേൽ നില്ക്കുന്ന പൂവരശിൻകൊമ്പു വെട്ടിയ വഴക്കിൽ അട്ടഹസിച്ചു പാഞ്ഞെത്തുന്ന "കുഞ്ചിഓപ്പ ബാരിസ്റ്റർ"വരെയുള്ള വേറൊരുകൂട്ടരാണ് പ്രസ്തുത സഭയിലെ അനുദ്യോഗസ്ഥാംഗങ്ങൾ. ന്യൂയോർക്കുമുതൽ അത്രക്കുററിവരെയും, ജിനീവമുതൽചേന്നമംഗലംവരെയും നീണ്ടുകിടക്കുന്ന ഈ വക്കീൽമഹാസ്സ്വത്തിന്റെ വ്യാപ്തിയിൽ പെടാത്ത ലോകകാര്യങ്ങളും, കുടുങ്ങാത്തആളുകളും കാണുകയില്ല. എണ്ണത്തിലും, ഖ്യാതിയിലും, സ്വത്തിലും, സ്ഥിതിയിലും, വേണ്ടതിലും, വേണ്ടാത്തതിലും, മികച്ചുനില്ക്കുന്നഇവരിൽ രണ്ടുപേർ തമ്മിൽ, ഇരട്ടപ്രസവിച്ചവരാണെങ്കിൽപോലും സാമ്യമോ, മദ്യപാനത്തിലാണെങ്കിലും യോജിപ്പോ, ഒന്നിലും ഒരിക്കലും ഉണ്ടാകുകയില്ല. അങ്ങനെ യോജിപ്പുണ്ടാകുന്നതു് അവരുടെ തൊഴിലിനു ഹാനികരവുമാണല്ലോ. "ഇരുഭാഗത്തേക്കും ധാരാളം പറയാം" (much may be said on both sides) എന്ന സർ റോജർ ഡികവേർലിയുടെ പ്രസ്താവനയാണ് ഈ കൂട്ടരുടെ മുദ്രാവാക്യം. ഇത്ര വ്യത്യസ്തമായ വ്യക്തികൾ അടങ്ങിയ ഒരു ജാതിയായതുകൊണ്ടു് ഇവരുടെ ഉദ്യോഗജീവിതം കഴിച്ചുകൂട്ടുന്ന വക്കീലാഫീസുകളും വ്യത്യസ്തങ്ങളായിരിക്കുവാനല്ലേ തരമുള്ളൂ. അതുകൊണ്ടു് ഒരു സാമ്പിൾ തിരിഞ്ഞെടുക്കുവാൻ അത്ര എളുപ്പവുമല്ല

പണ്ടുപണ്ടെന്നു പറഞ്ഞാൽ, ഞാൻ ചെറുപ്പമായിരുന്ന ഒരു കുറെ കൊല്ലങ്ങൾക്കു മുമ്പു്, വക്കീലന്മാരുടെ എണ്ണം വളരെ കുറവായിരുന്നു. അവരെപ്പററി അന്നു ജനങ്ങൾക്കു് വലിയ മതിപ്പും ഉണ്ടായിരുന്നു. മാരാർ, ജോൺ, മള്ളൂർ, മാറായി, ഇവരെല്ലാം ഏററുമാനൂർ തേവർ, വടക്കൻനാഥൻ, വൈക്കത്തപ്പൻ, കൊടുങ്ങല്ലൂർ ഭഗവതി, എന്നി ഉഗ്രമൂർത്തികളോടൊപ്പം ഭയങ്കരശക്തിയുള്ളവരായിരുന്നു. അന്നത്തെ വക്കീൽ യജമാനൻ കാലക്രമംകൊണ്ടു് വക്കീൽസാറായി തരംതാഴ്ത്തപ്പെട്ടു; പിന്നീടു് വക്കിലദ്ദേഹമായി കുറേക്കാലം കഴിച്ചു; അതിനുശേഷം വെറും വക്കീലായി വേഷംമാറി; ഇപ്പോൾ ഇതാ, ആ വക്കീൽ ചെറുക്കൻ ആയിട്ടു് ജനങ്ങളുടെ ഇടയിൽ നടക്കുന്നു: ഇതനുസരിച്ചുതന്നെ അവക്കു് അന്നുമിന്നുമുള്ള പട്ടപ്പേരുകളിലും (ഓമനപ്പേരുകളിലും) അർത്ഥവത്തായ ചില വ്യത്യാസങ്ങൾ കാണുന്നുണ്ടു്. നമ്മുടെ വ്യവഹാരപ്രിയന്മാരായ കാരണവന്മാർ ഇവക്കു നല്കിയിരുന്ന സ്ഥാനപ്പേരുകൾ അവരുടെ തൊഴിലിൽ ഓരോരുത്തനും പ്രദർശിപ്പിച്ചുപോന്ന പ്രത്യേകസാമർത്ഥ്യത്തെ മുൻനിറുത്തിയാണ്. അന്നത്തെ "പത്രികപ്പരമുപിള്ള," "ക്രാസ് കരിയൻ," "ഫിരങ്കി ഹരിഹരയ്യൻ" ആദിയായവർ ഇപ്പോഴത്തെ "വടനാറാപിള്ള," "ഉൗളൻ ഉർമ്മീസ്," "കുത്തിക്കൊലക്കേശവയ്യൻ" എന്നും മററുമായി മാറിയിരിക്കുന്നു. എന്തൊരുവീഴ്ച! എന്തൊരുതാഴ്ച!! ഈ വീഴ്ചയുടെ കാരണം മനസ്സിലാകണമെങ്കിൽ ഇന്നത്തെ ഇവരുടെ കൂട്ടത്തിൽനിന്നു് ഒരു തികഞ്ഞ സാമ്പിൾ എടുത്തുനോക്കിയാൽ മതിയാകും-

വക്കീൽസാറു് ഒരു പഴയ തറവാട്ടിൽ ജനിച്ച ആളാണ്. ആ വകക്കണക്കുപടി കുടുംബത്തേക്കു വസ്തുക്കൾ ധാരാളം ഉണ്ടെങ്കിലും ഇപ്പോൾ കൈവശമുള്ളതു് മത്തായിമാപ്പിളയ്ക്കു ഒററിയെഴുതിയ തറവാട്ടുവീടും കളരിയും ഇരിക്കുന്ന പറമ്പു് മൂന്നാംകൈ പാട്ടത്തിനു് ഏററുവാങ്ങിയിട്ടുള്ളതു മാത്രമേ ഉള്ളൂ. ബാക്കിയെല്ലാം പഴയ കാരണവന്മാരുടെ ആഡംബരഭ്രമത്തിനും, പലവിധത്തിലുള്ളശക്തിപൂജകൾക്കും,രണ്ടു കെട്ടുകല്യാണങ്ങൾക്കും, കുറെ പന്ത്രണ്ടാംമാസത്തിനും, ചില ഉത്സവങ്ങൾക്കും, വ്യവഹാരത്തിനും, ഒടുവിൽ വക്കീലദ്ദേഹത്തിന്റെ വിദ്യാഭ്യാസത്തിനുമായി ചിലവെഴുതിക്കഴിഞ്ഞു ഇതിൽ അവസാനമായി സൂചിപ്പിച്ച ഭാവിവക്കീലിന്റെ പഠിത്തം വകയ്ക്കു് തറവാട്ടിലെ സ്ഥാവരവസ്തുക്കൾക്കു പുറമേ, അമ്മ, സഹോദരിമാർ, കൊച്ചമ്മമാർ, ആദിയായവരുടെ ദേഹത്തിൽതൊട്ടു തെറുപ്പിച്ചിരുന്ന "ജംഗമങ്ങൾ"പോലും പണയപ്പെടുത്തേണ്ടതായി വന്നിട്ടുണ്ടു്. ഇങ്ങനെ ബി എൽ വരെപ്പഠിച്ചതുകൊണ്ടു് വക്കീലദ്ദേഹം ആ അവിഭാജ്യകുടുംബത്തിലെ അമൂല്യപൊതുസ്വത്തായി തീർന്നിട്ടുണ്ടെന്നും, നിയമസഭാസ്ഥാനാർത്ഥികൾ വിളക്കു കത്തിച്ചുവെച്ചു് വോട്ടറന്മാരോടു് ചെയ്യുന്ന വാഗ്ദാനങ്ങൾപോലെ, തറവാട്ടിലെ ഓരോ ജൂനിയർ മെംബറിന്റേയും ഭാവിയെ പ്രവൃദ്ധമാക്കുന്നതിനു് വക്കീൽ തന്റെ ജീവനും, ഭാവിയിൽ വക്കിൽതൊഴിലിലും മററുംനിന്നു് ലഭിക്കുവാൻ പോകുന്ന അപാരസ്വത്തും; ജാമ്യപ്പെടുത്തിയിട്ടുണ്ടെന്നും പ്രത്യേകം ഓർത്തിരിക്കേണ്ടതാണ്:

ഏവംവിധങ്ങളായ കഷ്ടതകൾ എല്ലാം അനുഭവിച്ചു, അങ്ങനെയിങ്ങനെ, ബി. എൽ. ജയിച്ച വിവരം ആരോ ഒരാൾ വരുത്തുന്ന ഹിന്ദുപത്രത്തിൽനിന്നും മനസ്സിലാക്കിക്കഴിഞ്ഞ ആ നിമിഷംമുതൽ വക്കിൽസാറിന്റെ മട്ടെല്ലാം ഒന്നു മാറുന്നു. നോർട്ടൻ, ഭാഷ്യമയ്യങ്കാർ തുടങ്ങിയ അഭിഭാഷകപ്രമാണികളെ സ്വപ്നം കണ്ടുതുടങ്ങുന്നു. ജഡ്ജിമാരെ ഒററവാക്കുകൊണ്ടു് മടക്കുവാനുള്ള വാചകങ്ങൾ ആലോചിച്ചു കീശയിൽ ശേഖരിക്കുന്നു. സങ്കല്പകേസ്സുകളും സങ്കല്പവാദങ്ങളും അരച്ചുരുട്ടി റഡിപ്പെടുത്തി ഗുളികകളാക്കി ഡപ്പിയിൽ സൂക്ഷിക്കുന്നു. പെട്ടെന്നു അറസ്ററുചെയ്ത പണമുള്ള കക്ഷികളെ ഉടനടി ജാമ്യത്തിൽ വിട്ടയിക്കുന്നതിനു ചില പ്രത്യേകവാദങ്ങൾജെംക്ഷൻക്യാപ്സ്യൂൾസു് ശരിയാക്കി മുണ്ടിന്റെ അററത്തു തെറുത്തുകെട്ടിക്കൊണ്ടുവേണം സദാ നടക്കുവാൻ എന്നു തീർച്ചപ്പെടുത്തിക്കഴിയുന്നു. കക്ഷികളുമായുള്ള പെരുമാററം ഇന്ന ഇന്നവിധം വേണമെന്നും മററും തനിയേ ചില വാദപ്രതിവാദങ്ങൾ നടത്തി സൗകര്യംപോലെ നോക്കാമെന്നു തീരുമാനിക്കുന്നു. ഈ സംരംഭങ്ങൾ എല്ലാം താൻ പ്രവേശിക്കുവാൻപോകുന്ന തൊഴിലിനെസംബന്ധിച്ച ഒരു സൂക്ഷ്മാവലോകനം മാത്രമെ ആകുന്നുള്ളൂ. ഇതിനെ തുടർന്നു് ചില ബാഹ്യങ്ങളായ തയ്യാറെടുക്കലുകളും കൂടിയുണ്ടു്. ഗുസ്തിക്കു കൈകൊടുത്തതിനുശേഷം ഫയൽമാന്മാർ ഗുസ്തിദിവസംവരെ ദേഹം ശരിയായ വ്യായാമംകൊണ്ടും ആഹാരനിഷ്ഠകൊണ്ടും മററും ക്രമപ്പെടുത്തുന്നതുപോലെ ബി. എൽ പരീക്ഷാഫലം അറിയുന്ന ദിവസംമുതൽ സന്നതു് എടുക്കുന്നദിവസംവരെ ജീവിതക്രമീകരണംവരുത്തി, തൊഴിലിനാവശ്യങ്ങളായ സാധനസാമഗ്രികൾ സംഭരിക്കുക എന്നുള്ളതാണ് ഇതിന്റെ പ്രത്യക്ഷഭാഗം. ഗൗൺ (നാലുകയ്യുള്ള ഉടുപ്പെന്നു് പ്രഖ്യാതിസമ്പാദിച്ചതും എന്നാൽ കയ്യു ഒട്ടുംതന്നെയില്ലാത്തതും ആയ സർവ്വകലാശാലബിരുദത്തിന്റെ ഉടവാളും മുദ്രയുമായ ഉടുപ്പു്) തൈപ്പിക്കുക, ഇല്ലെങ്കിൽ ഉണ്ടാക്കിക്കുക; ബോർഡു് എഴുതിക്കുക; സർവ്വവ്യാപിയായ ഒരു ഗുമസ്തനെ കഷ്ടപ്പെട്ടു തേടിപ്പിടിക്കുക; ജനബാഹുല്യമുള്ള ഒരു മുക്കുനോക്കി കുറഞ്ഞ വാടകയ്ക്കു ഒരു വീടും ആഫീസും ശട്ടംകെട്ടുക; നിയമഗ്രന്ഥങ്ങളും ഇതരപുസ്തകങ്ങളും ചേർത്തു്, മണിപ്രവാളരൂപത്തിലുള്ള ഒരു ഗ്രന്ഥാവലി ആജ്ഞാപിക്കുക; കക്ഷികളെ ചേർത്തുകൊടുക്കുന്നതിനു് ദേഹശേഷിയും സാമർത്ഥ്യവുമുള്ള ചില ദല്ലാലന്മാരെ സേവപിടിക്കുക; നല്ല പ്രചാരമുള്ള പത്രങ്ങളുടെ സ്വന്തംലേഖകന്മാരെ അന്വേഷിച്ചുപിടിച്ചു അവക്കു കാപ്പികൊടുക്കുവാൻ ശ്രമിക്കുക; വിദ്യാലയങ്ങളിലെ ഉയൻ ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളോടു 'കരണ്ടെടുക്കുക' യും, വിശേഷിച്ചു് അവരുടെ ഇടയിൽ സാഹിത്യസമാജം സെക്രട്ടറി മുതലായ പ്രമാണികളെ സ്പെഷ്യലായി വിളിച്ചു് ചില ചില്ലറ കാപ്പിസൽക്കാരങ്ങളും സിഗററു്സം-

ഭാവനകളും മററും ചെയ്യുകയും ചെയ്തു; എന്നുവേണ്ട, സിംഗർകമ്പനിയിലെ മാനേജിംഗ്ഡയറക്ടർപോലും ഇത്ര കാര്യകുശലതയോടുകൂടി ബിസ്നസ്സ്തുടങ്ങുകയില്ല.

ഒന്നാമതായി തയ്യൽക്കാരൻ കുറുപ്പിനെ "ജ്യേഷ്ഠ"നെന്നു് സംബോധനംചെയ്തു ഗൗൺ റോടിപിടിപ്പിക്കുന്ന ബോർഡ് എഴുതുന്നതിനെസംബന്ധിച്ചു് നിർദ്ദേശങ്ങൾ നൽകുന്നതു് സുസാദ്ധ്യമായിക്കാണുന്നില്ല. ഇതുവരെആരും വീട്ടിന്റെമുമ്പിൽ പ്രദർശിപ്പിച്ചിട്ടില്ലാത്തതരം ഒന്നെഴുതിച്ചാൽമാത്രമേ വഴിയെപോകുന്ന കക്ഷിവൃന്ദത്തിന്റെദൃഷ്ടി അതിൽ പതിയുകയുള്ളു. കഷ്ടം! തറവാട്ട് വിററുപോകുന്നകാര്യത്തെക്കുറിച്ചു് കേസുകൊടുക്കുവാൻ എത്തിയിരിക്കുന്ന കക്ഷി, ബോർഡിന്റെ "പളപളപ്പും" സൗന്ദര്യവുംകണ്ടു്, അങ്ങോട്ടുകേറി കേസുകൊടുക്കുന്നതിനു്, പോർഷ്യയെ വേൾക്കുവാൻവന്ന മൊറോക്കോരാജകുമാരനും മററുമല്ലെന്നു് നമുക്കറിയരുതോ? കാളേജിൽ പഠിച്ചിരുന്നകാലത്തു് "വേനിസ്സിലെവ്യാപാരിയുടെ" കഥവായിച്ചിട്ടുള്ള ഈ വക്കിൽ "മിന്നുന്നതെല്ലാംപൊന്നല്ലെ"ന്നു് സ്വന്തം സംഗതിയിൽ എന്തുകൊണ്ടു മനസ്സിലാക്കുന്നില്ല? അതുപോകട്ടെ. ബോർഡിൽ ഇംഗ്ലീഷിൽ പേരെഴുതണ്ടആവശ്യംഇല്ല. "മലയാളംഅറിവാൻപാടില്ലാത്ത സായ്പന്മാരെ എനിക്കു കക്ഷികളായിട്ടുവേണ്ട," എന്നു് സ്വരാജ്യസ്നേഹവും, മാതൃഭാഷാപ്രതിപത്തിയും, കൂടികൂട്ടിക്കലർത്തിയ ഒരു മൂലതത്വം ഭാവിയെപ്പററി അല്പവുംചിന്തിക്കാതെ പെട്ടെന്നു് സ്ഥാപിച്ചുപോകുന്നു. "ഭാവിയെപ്പററി അല്പവുംചിന്തിക്കാതെ," എന്നു് പറഞ്ഞതു് എന്തുകൊണ്ടെന്നാൽ: ഈ ധീര വൈരി, മലയാളംഅറിവാൻപാടില്ലാത്ത സാധുക്കളും നിരാശ്രയരുംആയ സായ്പന്മാരെ നിഷ്കരുണം കക്ഷിവർഗ്ഗത്തിൽനിന്നും നിഷ്കാസനംചെയ്യിച്ച ഹൂണഹോമി, ഒന്നുരണ്ടുകൊല്ലത്തിനകം വക്കീൽപണിയിൽപണിപ്പെട്ടു്, വരണ്ടു, ചുരുണ്ടു, വല്ലപഴയ'കമ്പനിവക്കീലന്മാരോടും' സേവപിടിച്ചു്, "മധുരക്കമ്പനിയിലെ സായ്പിനോടു് ഒന്നു ശുപാർശചെയ്തു അവരുടെ ചെറിയ കേസുകൾ എനിക്കു തരുവിച്ചാൽ വലിയ ഉപകാരമായി" എന്നു് അർത്ഥിച്ചു്, മുക്തിയും ഭുക്തിയും അടയുവാൻ ശ്രമിക്കുന്നു എന്നുള്ളതുകൊണ്ടാണു്. ബി. എൽ ജയിച്ചുടനെ ഹൈക്കോടതിവക്കീൽആകാൻ നിവൃത്തിയില്ലാതെ വരുത്തിക്കൂട്ടിയ നിയമത്തിന്റെ നിർദ്ദയതയെ മനസാ ശപിച്ചു്, "വക്കീൽ"എന്നതിനു് മുമ്പിലായി, "ഹൈക്കോടതി"എന്നു് എഴുതിച്ചു് അതിന്മേൽ വെറും കരിമാത്രംപൂശി ഹൈക്കോടതിവക്കീലായാൽഉടനെ കരി തേച്ചുകഴുകിക്കളഞ്ഞാൽ പുതിയ ബോർഡിനെസംബന്ധിച്ചുള്ള ബുദ്ധിമുട്ടുകൾ ഉണ്ടാകുകയില്ലല്ലൊ എന്നമട്ടിൽ ആ ഭാഗംഅവസാനിപ്പിക്കുന്നു. പേരിന്റെമുമ്പിൽ നാട്ടുപേരുംകൂടിയ ല്ലെങ്കിൽ പിന്നെ ബോർഡ്കൊണ്ടു എന്തുഫലമാണു്? "തൊടുപുഴ"കുഞ്ഞാങ്കരച്ചാരു്, ബി. ഏ., ബി. എൽ, എന്നു് എഴുതിയില്ലെങ്കിൽ ആരും ബി. എൽ. ബിരുദു് ബഹുമാനിക്കയില്ലയോ എന്നു സംശയിച്ചാണോ ഇങ്ങനെ എഴുതുന്നതു്? തൊടുപുഴയിൽനിന്നും വരുന്നകക്ഷികൾ കുഞ്ഞാങ്കരച്ചാരുടെ വസതിഅറിയാതെ, ബോർഡുവച്ചിട്ടില്ലാത്ത, (വ്യവഹാരലോകത്തിനു സുപരിചിതരായ) "വല്ല അപരിഷ്കൃത വൃദ്ധവക്കീലന്മാർക്കും" കൊണ്ടുചെന്നു കേസ്കൊടുത്താൽ നാട്ടുകാരന്റെ "കേസ്" വെള്ളത്തിലായിപ്പോയെങ്കിലോ" എന്നുള്ള ഭയവും ഉദാരബുദ്ധിയും അല്ലയൊ ബോർഡിൽ നാടിന്റെപേരുംകൂടിച്ചേർക്കാൻ ഇയ്യാളെപ്രേരിപ്പിക്കുന്നതു്? എന്തായാലുംകാലോചിതമായ പരിഷ്കാരങ്ങൾക്കു് അധീനമാക്കാനുള്ള സാധനങ്ങളിൽ മുഖ്യസ്ഥാനത്തെ അർഹിക്കുന്ന ഒന്നു ഈ ബോർഡായതുകൊണ്ടു് ഇതിന്റെ കാര്യംഇവിടെ ഇങ്ങനെഇരിക്കട്ടെ.

പുതിയവക്കീലിനു് ബുദ്ധിയും പഠിപ്പുമേയുള്ളു അദ്ദേഹത്തിന്റെ ബുദ്ധിയാകട്ടെ, ഖനിയിൽ അഴുക്കടഞ്ഞുകിടക്കുന്ന രത്നം പോലെയാണു്. ഈ രത്നം ഗുമസ്തനാകുന്ന രാകൾ്ഉളികൊണ്ടു് രാകിമിനുക്കികെട്ടി എടുത്തെങ്കിൽമാത്രമേ വക്കീൽബുദ്ധിയായ അമൂല്യരത്നം കമ്പോളഏക്കത്തിനു അധീനമാകുന്നുള്ളു ഇതാരും വിസ്മരിക്കരുതു്. ഇത്ര അപരിത്യാജ്യമായ ഒരു ഗുമസ്തഗാണ്ഡീവം വക്കീൽകിരീടിഹസ്തങ്ങളിൽ സമർപ്പിക്കുവാൻ പലരും ശ്രമിക്കുന്നു. വക്കീലിന്റെ ബന്ധുക്കാരുടെ കൂട്ടത്തിൽ അല്പം എഴുത്തും അനല്പകൃത്രിമവും ഉള്ള ഏവനും ഈ ഉദ്യോഗത്തിനു തക്ക യോഗ്യതയുള്ളതുകൊണ്ടു ഒരു സ്ഥാനാർത്ഥിയാണു്. ബന്ധമില്ലാത്ത പലരും ഭേദതന്ത്രപ്രയോഗംനടത്തി അവരുടെ ന്യായമായ അവകാശങ്ങളെ പുതിയ വക്കീലിനെ അറിയിക്കാതിരിക്കുന്നുമില്ല. വക്കീലോ, 'കുശാഗ്രബുദ്ധി' എന്നു സ്വയം അഭിമാനിക്കുന്ന വീരന്മാരിൽ അഗ്രേസരനാണു് ഒരുമാതിരിക്കാരെയെങ്ങും അദ്ദേഹം അടുപ്പിക്കുകയില്ല. കൃത്രിമികളെയും "ആഷാഢഭൂതി"കളെയും ഒററനോട്ടത്തിൽ അദ്ദേഹം മനസ്സിലാക്കുകയില്ലെ! അതുകൊണ്ടു അവസാനത്തിൽ അഞ്ചു വക്കീൽദേവന്മാരെ പട്ടിണിക്കിട്ടു കറക്കി, പതിമൂന്നു മക്കളെയും, മൂന്നു ഭാര്യമാരെയും, ഒരു കള്ളുഷാപ്പും, രണ്ടു ചായക്കടയും, പുലർത്തിക്കൊണ്ടുപോരുന്ന ഒരു "സർവംഭക്ഷ്യാമി, സാഗരംഭക്ഷ്യാമി" ഗുമസ്തനെ തട്ടിയെടുക്കുന്നു. നമ്മുടെ യുവവക്കീൽ തട്ടിയെടുക്കുകതന്നെയാണു ചെയ്യുന്നതു്. സാധാരണന്മാർക്കു ലഭ്യമല്ലാത്ത ഈ ദിവ്യൗഷധം, അദ്ദേഹത്തിന്റെ ബന്ധുജനങ്ങൾ വളരെ ക്ലേശിച്ചു മററു ചെറുപ്പക്കാരായ വക്കീലന്മാരുടെ ഗുമസ്താന്വേഷികൾ ആരും അറിയാതെ സൂത്രത്തിൽ തട്ടിയെടുത്തുകൊണ്ടുവന്ന ആൾ ആണു്. ഈ ഗുമസ്തൻ ഇങ്ങോട്ടു ചേരുന്നതിനു ഒരു കാരണവുമുണ്ടു്. വക്കീലദ്ദേഹത്തിന്റെ മുഖത്തു വിളയാടുന്ന "ഭാവിശ്രേയഃപിശുനശകുനം" കണ്ടു് ഗുമസ്തൻചേട്ടൻ മററു പല അപേക്ഷകളെയും തള്ളിയിട്ടാണു ഇങ്ങോട്ടു ചേരാമെന്നു സമ്മതിച്ചതു്. ഈ പിശുനശകുനം ഈ ഗുമസ്തൻചേരുന്ന ഏതു വക്കിലിന്റെ മുഖത്തും വിളയാടുമെന്നു നമുക്കറിയാമല്ലൊ. വക്കീലിന്റെമുഖം ചന്ദ്രനെപ്പോലെ തിളങ്ങുന്നു. ഒരുപക്ഷെ ഗുമസ്തലാഭത്തിൽഉള്ള സംതൃപ്തികൊണ്ടായിരിക്കാം. ഗുമസ്തനാകട്ടെ, ദേവഗുരുവായ വ്യാഴനെവെല്ലുന്ന ശക്തിയോടുകൂടി ചന്ദ്രനോടു ചേരുന്നു. വക്കിലിനെ തൊഴിൽ അഭ്യസിപ്പിക്കുന്ന ഗുരുവും ആണല്ലൊ. "വ്യാഴം ചന്ദ്രനോടു ഒന്നിക്കകാരണം, കേസരിയോഗമതുണ്ടുപോൽഗോവിന്ദാ" എന്ന ജ്യോതിശ്ശാസ്ത്രവിജ്ഞാനശകലത്തെ അർത്ഥസഹിതംചൊല്ലി കണിയാനെന്നപോലെ വക്കിലിനെ കേൾപ്പിച്ചു ഗുമസ്തനൊന്നു ഞെളിയുന്നു. സ്വന്തംഗുമസ്തൻ ഗുരുസ്ഥാനത്തു എത്തി അവിടെനിന്നുകൊണ്ടുതന്നെ വീക്ഷിക്കുന്നതു് വക്കിലിനു അത്ര പിടിച്ചില്ലെങ്കിലും, മുഖസ്തുതിപ്രണയിയായ മനുഷ്യസ്വഭാവം, അയാളെ ചന്ദ്രനോടുപമിച്ചതിൽ തൃപ്തിഅടയുന്നെന്നു മാത്രമല്ല, ഗുമസ്തൻ വാഗ്ദത്തംചെയ്ത കേസരിയോഗചിന്തയിൽ സന്തുഷ്ടനാകുകപോലും ചെയ്യുന്നു.

ഗുമസ്തൻ സർവീസിൽപ്രവേശിക്കുന്ന നാൾമുതൽ വക്കീലിനു തെല്ലാശ്വാസം ലഭിക്കുന്നു. പൊരുത്തവും സ്ഥാനവുംനോക്കി വീട്ട് വാടകക്കുഎടുക്കുക, ശാരദയിൽ പറഞ്ഞിട്ടുള്ളതുപോലെ യോഗ്യതാനുസരണം ആഫീസ് ഉപകരണങ്ങൾ ശേഖരിക്കുക; കക്ഷിപിടിത്തത്തിനു ഏർപ്പാടുചെയ്യുക; മുതലായ മൈനർകാര്യങ്ങൾ കാര്യശേഷിയുള്ള കണിയാൻഗുമസ്തൻതന്നെ നോക്കിക്കൊള്ളും. ഗുമസ്തൻ ഗണിതസാമർത്ഥ്യംകൊണ്ടു മാത്രമല്ല കണിയാനായതു് എന്നുള്ളതും ഓർത്തിരിക്കേണ്ടതാണു്. വക്കിൽയജമാനന്റെമുമ്പിൽ, വിശേഷിച്ചു അതിഥികൾ ഉണ്ടെങ്കിൽ, ഗുമസ്തൻ, ചെവിയിടുക്കിൽ പേനയും അരയിൽ തോർത്തുംചാർത്തി രാമസന്നിധിയിൽനിൽക്കുന്ന ഹനുമാനെ തോല്പിക്കുന്ന വിനയവും ഭക്തിയും മഹാബലിയെ ലജ്ജിപ്പിക്കുന്ന അഹംഭാവവും എല്ലാം ഒന്നിച്ചു കളിയാടുന്ന ആ ഗൗരവവദനം ഒന്നു ചരിച്ചിട്ടുനിൽക്കുന്ന നില കണ്ടാൽ, പേരുകേട്ട പത്തു കണിയാന്മാരുടെ ആത്മാവു് കൂട്ടിച്ചേർത്താണു ഈ ഗുമസ്തനെ ബ്രഹ്മാവു സൃഷ്ടിച്ചതെന്നു ആരും സമ്മതിച്ചുപോകും ഇത്ര സാമർത്ഥ്യമുള്ള ഒരു മന്ത്രിയെ ഭാരമേറിയ പല ചില്ലറജോലികളും ഏൾപ്പിച്ചുകഴിഞ്ഞാൽ വക്കീൽഭാഗത്തുനിന്നും പിന്നെ പ്രത്യേകം ഗൗനിക്കേണ്ടതു്, ലൈബ്രറിസ്ഥാപനം (ഗ്രന്ഥശേഖരിപ്പു്) ആണു്. പഴയ കേമന്മാരായ വക്കീലന്മാർ വല്ലവരും ആണ്ടുടയ്ക്കു് എങ്ങാനും മരിക്കുകയും അവരുടെ ഭാര്യാദികൾക്കു പുസ്തകങ്ങൾ ഇരിക്കുന്ന അലമാരി ഒഴിച്ചെടുക്കണമെന്നുള്ള മോഹം ജനിക്കുകയും ചെയ്യുന്നെങ്കിൽ ഈ കാര്യം എളുപ്പമായി. ഇല്ലെങ്കിൽ വക്കീൽസാറു് അദ്ദേഹത്തിന്റെ ബുദ്ധി ഒന്നവിടെ പ്രയോഗിക്കതന്നെ ചെയ്യും. ബി. ഏ-ക്കും മററും പഠിച്ച പുസ്തകങ്ങൾ, വായിക്കുവാൻ കടംവാങ്ങി ഉടമസ്ഥനാൽ വിസ്മരിക്കപ്പെട്ട ഗ്രന്ഥങ്ങൾ, പഴയകാലത്തു കണക്കുചെയ്തു തടിച്ച നോട്ടുബുക്കുകൾ, കനംകൂടിയ ക്യാററ്ലോഗുകൾ (Catalogues) ഇവകൾചേർത്തു ഒരലമാരി അങ്ങു നിറക്കും കയ്യെഴുത്തു്, നോട്ടുപുസ്തകങ്ങൾ ആരെങ്കിലും അബദ്ധത്തിൽഎടുത്തു് "ഇതും നിയമപുസ്തകമാണോ?" എന്നു ചോദിച്ചുപോയാൽ കാണാം വക്കിലിന്റെ മനസ്സന്നിധാനം. ലാകോളേജിൽ പഠിച്ചുകൊണ്ടിരുന്നകാലത്തു നിലവിലിരിക്കുന്ന നിയമങ്ങളിലെ സ്ഖലിതങ്ങൾ കണ്ടുപിടിച്ചു കുറിച്ചുവച്ചിരിക്കുന്ന പുസ്തകമാ

# *പുലരിയുടെ പ്രേമം.

( കെ. ജി. രാഘവൻനായർ ബി. ഏ. )

നിശയുടെ ആദ്യയാമം. മനോഹരങ്ങളായ യവനികകളാലും വൈദ്യുതദീപങ്ങളാലും അലംകൃതമായ ചിത്രനഗരിയിലെ ഒരു മുറി. താരുണ്യത്തിന്റെ കവാടത്തിൽ മാത്രം എത്തിയിട്ടുള്ള കോമളകളേബരനായ അവളുടെ കാമുകൻ പ്രവേശിക്കുന്നു. ആകർഷണീയമായ നടനം, കാന്തി ചിതറുന്ന നോട്ടം, അർദ്ധചന്ദ്രാകാരത്തിൽ പിന്നിലേക്കു ചീകിഒതുക്കിയ കേശം, ഇവകൾ പ്രകർഷേണയുള്ള അയാളുടെ ആകാരശോഭയെ ദ്വിഗുണീഭവിപ്പിച്ചു. മേശമേൽ വിതറിക്കിടക്കുന്ന വിശറി, പനിനീർകുപ്പികൾ ഇവയെ അയാൾ പ്രേമപൂർവം തലോടുന്നു. അവൾ പ്രവേശിക്കുന്നു. അവളോ? അനതിസുന്ദരിയായ ഒരു സ്ത്രീ. മദ്ധ്യപ്രായം കഴിഞ്ഞിരിക്കും. പൌഡറിന്റെ നിരന്തരോപയോഗംകൊണ്ടു് ഒട്ടു് ചുവന്ന മുഖം, അല്പം കഴിഞ്ഞ നയനങ്ങൾ, മോടിയേറിയ വസ്ത്രധാരണരീതി, വിരാഗികളിലും മന്മഥവികാരങ്ങൾ ഉദ്ദീപിപ്പിക്കുവാൻ പോരുന്ന ദൃഷ്ടിവിക്ഷേപം ഇവകൾ അവളുടെ പ്രത്യേകസമ്പാദ്യങ്ങളായിരുന്നു. അവളുടെ സ്വഭാവവും അവളുടെ വേഷത്തിനു യോജിച്ചതുതന്നെ. അഭിനയം വശീകരണം ഈ കലകളിൽ അവൾക്കുള്ള പാടവം അതുല്യമാണു്.

അതിയായ ശോകത്തോടുകൂടി അവൾ പറകയാണു്:

"ഹാ! എന്തൊരു ദുരദൃഷ്ടം"

"എന്താണാവോ സംഭവിച്ചതു്!"

"ചന്ദ്രാ നിങ്ങൾ എനിക്കയച്ച ആ പദ്യലേഖനങ്ങൾ നഷ്ടപ്പെട്ടുപോയി."

അതിനെന്താണു് ക്ലേശിക്കുവാൻ. അവ അത്ര നന്നായിരുന്നില്ല. അതിൽ പത്തിരട്ടി ഭംഗിയായി ഞാൻ കുറേക്കൂടി എഴുതിക്കളയാം"

"നിങ്ങൾ എന്താണു പറയുന്നതു്. ഇതു് എത്ര ഗൗരവമുള്ള സംഗതിയാണെന്നു നിങ്ങൾ അറിയുന്നില്ല. അതു് അദ്ദേഹമോ ആ വികടപ്പെണ്ണു് ഉഷയോ കണ്ടാൽ എന്തെല്ലാമാപത്താണു് സംഭവിക്കുക!"

"എന്തു് ഉഷയോ? അതാരു്?"

"എന്റെ ഭർത്തൃസോദരി. ആ കത്തുകൾ അവൾ അപഹരിച്ചതായിരിക്കണം അല്ലാതെവരില്ല എന്നു ഞാൻ സത്യം ചെയ്യാം. ഈ ഭർത്തൃസോദരികൾ ലോകത്തിൽ എന്തൊരു കലാപങ്ങളാണു് വരുത്തിക്കൂട്ടുക! ഒരുവന്റെ വിവാഹാനന്തരം സഹോദരികൾക്കു അയാളുടെ വീട്ടിൽ പ്രവേശം അനുവദിക്കുന്നതുതന്നേ വലിയ തെറ്റാണു്."

"ആകട്ടെ, ഉഷ ആ ലേഖനങ്ങൾ കണ്ടുപിടിച്ചു എന്നിരിക്കട്ടേ. അവ നമ്മുടേതാണെന്നു് എന്താണു ലക്ഷ്യം? എന്റെ പേരുപോലും അതിൽ ഉണ്ടായിരുന്നില്ലല്ലോ."

"ലക്ഷ്യമോ? ഹാ! കൊള്ളാം എന്റെ നാമംതന്നല്ലേ അതിൽ ആദ്യന്തം കാണുന്നതു്. പുലരി! പുലരി! എന്തൊരുപേരു്. ഈ നാമം എനിക്കല്ലാതെ ഈ ചിത്രനഗരിയിലെന്നല്ല ലോകത്തെങ്ങും മററാൎക്കും കാണുകയില്ല. വല്ല ജാനുവെന്നോ പത്മയെന്നോ ആയിരുന്നു എങ്കിൽ ഏതു ജാനുവോ പത്മയോ എന്നു് അവർ മനസ്സിലാക്കുകയില്ലായിരുന്നു. ആ കത്തിൽ എന്തെല്ലാമായിരുന്നു? ഞാൻ അതു് ശരിയായി വായി......ഓൎക്കുന്നില്ല."

അവൾ ദീർഘമായി ഒന്നു നിശ്വസിച്ചശേഷം അല്പം പ്രസന്നഭാവത്തിൽ അയാളുടെ സമീപത്തിൽ ഇരിക്കുന്നു.

"നിങ്ങളുടെ കയ്യിൽ എന്താണു്" എന്നു് പ്രേമം വഴിഞ്ഞൊഴുകുന്ന സ്വരത്തിൽ അവൾ ചോദിച്ചു.

"ഇന്നല്ലേ നമുക്കു് സെനിമാ ശാലയിൽ പോകേണമെന്നു പറഞ്ഞിരുന്നതു്. 'മൃത്യുശകടം' എന്ന പുതിയ ഫിലിം ആണു് ഇന്നഭിനയിക്കുന്നതു്. 'ക്യാപ്പിറേറാളി'ലേക്കു് രണ്ടു ടിക്കററുകൾവാങ്ങിയതാണു് എന്റെ കയ്യിലുള്ളതു്."

"ക്യാപ്പിറേറാളോ! ഞാനില്ല. ഈ ദുരദൃഷ്ടങ്ങൾക്കെല്ലാം കാരണം 'ക്യാപ്പിറേറാൾ' തന്നേ. അവിടെവെച്ചല്ലേ നാം ആദ്യം കണ്ടതു്"

"എന്റെ സഹവാസത്തേപ്പററി ഭവതി പശ്ചാത്തപിക്കുന്നു എന്നോ?

"ചന്ദ്രാ, നിങ്ങൾ എന്താണു് നിർദ്ദയമായി സംസാരിക്കുന്നതു്. അദ്ദേഹത്തേപ്പററി ഒന്നു വിചാരിക്കുക ഇതെല്ലാമറിഞ്ഞാൽ അദ്ദേഹം എന്തുവിചാരിക്കും. ആവോ! ഇതിൽ നിങ്ങളല്ലാതെ മറെറാരു സഹായമില്ല."

"ആജ്ഞാപിക്കുക. ഭവതിക്കുവേണ്ടി പാതാളത്തിലേക്കു പോകുവാനും ഞാനിതാ സന്നദ്ധനായിക്കഴിഞ്ഞു."

"നമ്മുടെ മാനത്തേയും ആഭിജാത്യത്തേയും രക്ഷിക്കണം. നിങ്ങൾ വേറൊരു പുലരിയെ ഉദ്ദേശിച്ചാണു് ഈ ലേഖനങ്ങൾ എഴുതിയതു് എന്നു എന്റെ ഭർത്താവിനേ വിശ്വസിപ്പിക്കണം. ഹാ! കഷ്ടം......" എന്നു് ഒരു നെടുവീർപ്പോടുകൂടി അയാളുടെ വിടർത്തിയ കരങ്ങളിലേക്കു വീഴുന്നു അയാൾ അവളെ പ്രേമപൂർവം ആശ്ലേഷിക്കുകയും കവിളിൽ ഒരു പ്രേമമുദ്ര അർപ്പിക്കയും ചെയ്യുന്നു.

അപ്പോൾ പടിവാതിലിൽ ആരോ മുട്ടുന്ന ശബ്ദംകേൾക്കുന്നു. അവൾ സസംഭ്രമം പിടഞ്ഞെഴുനേല്ക്കുന്നു. ആ മുറിയിൽനിന്നും അവൾ അടുത്ത മുറിയിലേക്കു പോയി. അയാൾ "ഞാനൊന്നുമറിഞ്ഞില്ലേരാമനാരായണാ" എന്ന ഭാവത്തിൽ ഒരു പല്ലവിയുംപാടി അലക്ഷ്യമായി ഒരു സ്ഥാനമുറപ്പിച്ചു.

പ്രശാന്തമായ മുഖഭാവത്തോടുകൂടി ഗംഭീരനായ ഒരാൾ പ്രവേശിക്കുന്നു. അതു് അവളുടെ ഭർത്താവുതന്നെയായിരുന്നു. അവൾ സന്തോഷസമേതം അദ്ദേഹത്തെ അഭിവാദനംചെയ്യുന്നു കുശലപ്രശ്നാനന്തരം അദ്ദേഹം പറഞ്ഞു

"ചന്ദ്രാ നിങ്ങളോടു അല്പം സംസാരിക്കാനുദ്ദേശിക്കുന്നു. അല്ലെങ്കിൽ വേണ്ടാ ധൃതിയില്ല. സാവകാശത്തിൽ ആയിക്കൊള്ളാം നിങ്ങൾ രണ്ടാളും ഇന്നല്ലേ സിനിമായ്ക്കുപോകുന്നു എന്നു പറഞ്ഞതു്" ഇതു കേട്ടപ്പോഴേ അവൾ മുറിയിൽനിന്നും നിഷ്ക്രമിച്ചു.

"ഇല്ല ഞങ്ങൾ പോവുന്നില്ല. എന്താണു പറവാനുള്ളതു ?" എന്നു അയാൾ ഉള്ളിൽ പൊന്തിവരുന്ന വികാരങ്ങളെ അടക്കിക്കൊണ്ടു പ്രത്യുത്തരം പറഞ്ഞു.

"എന്താണു പ്രോഗ്രാം മാററിക്കളഞ്ഞതു്?"

"വിശേഷിച്ചൊന്നുമല്ല"

"എന്നാൽ പറയുക. ഈ ലേഖനങ്ങൾ നിങ്ങൾക്കു പരിചയമുള്ളവയോ?"

ചന്ദ്രൻ അലക്ഷ്യഭാവത്തിൽ അയാൾ നീട്ടിയ കടലാസുകഷണങ്ങളെ കുറേനേരം നോക്കിയിട്ടു പെട്ടെന്നു എന്തോ പ്രജ്ഞയുണ്ടായതുപോലെ "ഹാ! എന്റെപദ്യങ്ങൾ! പുലരി അവ നിങ്ങളേയും കാണിച്ചോ! അവ ഞാൻ സ്കൂളിൽ പഠിക്കുമ്പോൾ പ്രഭാതത്തെ സംബോധനചെയ്തു എഴുതിയിട്ടുള്ളവയാണു്. നിങ്ങളുടെ ഭാര്യയുമായി പരിചയപ്പെട്ടശേഷം അവരുടെ പേരും പുലരി എന്നാണെന്നു മനസ്സിലായപ്പോൾ കാണിച്ചു എന്നേയുള്ളു."

"ഹാ! ഹാ! വിശേഷം! വിശേഷം! നിങ്ങൾ പ്രഭാതത്തേയാണു സംബോധനചെയ്തതു്! ബാലിശമായ ഈ പിത്തലാട്ടങ്ങൾ എന്റെഅടുക്കലോ?"

"നിങ്ങൾക്കു എന്തോ തെററിധാരണകൾ ഉള്ളതായി തോന്നുന്നു."

"എന്റെ ധാരണകൾ തെററല്ല. അക്ഷരംപ്രതി ശരിയാണു്."

(ശേഷം 16-ാം പുറം)

* ബർനാഡ്ഷായുടെ "How He lied to her husband" എന്ന നാടകകഥയുടെ ഒരു അനുകരണം

---

ണതു്- ഈ നിയമപ്പിശകുകളെല്ലാം കോടതിമുഖാന്തരവും നിയമസഭാമെമ്പറായിക്കഴിഞ്ഞാൽ പ്രസ്തുത സഭവഴിയായും മാററി, പരിഷ്കൃതനിയമങ്ങൾ പാസാക്കുവാനുള്ള വിലകൂടിയ വാല്യങ്ങളാണു് അവ. നിയമസഭാസ്ഥാനാർത്ഥിയായി നിൽക്കുവാൻ ഉദ്ദേശിക്കുന്നുണ്ടെന്നു ഒരു മുന്നറിവും ഇതിൽ സൂചിപ്പിക്കുന്നുണ്ടല്ലോ. ഇങ്ങനെ പലതരത്തിലുള്ള ഒരുക്കങ്ങളും കഴിഞ്ഞു സന്നതെടുക്കുന്ന ആ മഹാദിനവും ഉദിക്കുന്നു.

അവകാശം ലേഖനകർത്താവിനു്.

# വാർത്താസംഗ്രഹം.

## ലോകം

ഫിലിപ്പയിൻസിനു സ്വാതന്ത്ര്യമനുവദിക്കുന്ന പുതിയ ഭരണവ്യവസ്ഥ പ്രസിഡൻറു റൂസ്‌വെൽററ് ഒപ്പുവച്ചിരിക്കുന്നു അടുത്ത നവംബർ 15–ാതീയതി ഫിലിപ്പയിൻസിൽ സ്വയംഭരണം സ്ഥാപിതമാകുന്നതാണ്.

*　　*　　*

ചൈനയിലെ മഞ്ഞനദിയിൽ നാശകരമായ ജലപ്പെരുക്കം ഉണ്ടായിരിക്കുന്നു. ഇതിനകം രണ്ടായിരത്തോളം മരണങ്ങളുണ്ടായിട്ടുണ്ടത്രെ.

*　　*　　*

ചൈനയിൽവെച്ചു കൊലചെയ്യപ്പെട്ടതായി വിചാരിക്കപ്പെട്ടിരുന്ന മിഷ്യനറിമാരായ മി. ഫ്‌റഞ്ചാമും പത്നിയും സസുഖം ജീവിച്ചിരിക്കുന്നതായി അറിവായിരിക്കുന്നു.

*　　*　　*

കത്തോലിക്കർ, സോഷ്യലിസ്‌ററുകാർ, ലിബറൽസ് എന്നു മൂന്നു കക്ഷികളെയും ഉൾപ്പെടുത്തി മി. വാൻസീലണ്ട് ഒരു പുതിയ ബെൽജിയം ഗവർമ്മെൻറു രൂപീകരിച്ചിരിക്കുന്നു.

*　　*　　*

ഗർഭമുള്ള ഒരുസ്ത്രീ പുകവലിക്കുന്നപക്ഷം അതു ഗർഭത്തിലിരിക്കുന്ന ശിശുവിനെ ബാധിക്കുമത്രെ. മാതാവു പുകവലിക്കുമ്പോൾ ഉദരത്തിൽ കിടക്കുന്ന ശിശുവിൻെറ ഹൃദയം കൂടുതൽ വേഗത്തിൽ തുടിക്കുന്നു എന്നും മാതാവിൻെറ രക്തത്തിൽക്കൂടെ പുകയിലയുടെ വിഷാംശം ശിശുവിലേക്കു സംക്രമിക്കുന്നുഎന്നും ഓഹിയോയിൽനടത്തിയ മെഡിക്കൽഗവേഷണങ്ങൾകൊണ്ട് തെളിഞ്ഞിരിക്കുന്നു.

*　　*　　*　　*　　*

ജവുളിസംബന്ധിച്ചുള്ളകോട്ടാവ്യവസ്ഥകളിൽനിന്നൊഴിയാനായി ജപ്പാൻ ഇപ്പോൾ ജവുളികളെ ഉടുപ്പുകളാക്കി സിലോണിലേക്കിറക്കിവരുന്നു. ഉടുപ്പുകളുടെ ഇറക്കുമതി ഇപ്പോൾ നാലിരട്ടിയായി വധിപ്പിച്ചിട്ടുണ്ട്.

*　　*　　*

എൻറാഡി എന്നസ്ഥലത്തെ തിരഞ്ഞെടുപ്പുലഹളയിൽ 11 പേർ മരിച്ചിരിക്കുന്നു ജനശ്രുതികേട്ടുഇളകിയ ആളുകളെ നിയന്ത്രിക്കാൻ സാധിക്കാതെയായി. പട്ടാളക്കാർ സ്ഥലത്തെത്തുകയും വെടിതുടങ്ങുകയും അങ്ങനെ 11പേർ മരിക്കയുമാണുണ്ടായതു്

*　　*　　*

നിയമാനുസൃതമല്ലാതെ ഭൂസ്വത്തു കൈവശം വച്ചിരിക്കുന്ന ഇന്ത്യാക്കാർക്കു അനുവദിച്ചിരിക്കുന്ന സംരക്ഷണത്തിൻെറ കാലാവധി തീരുന്നതിനുമുമ്പു ഫീത്താംകമ്മിററിറിപ്പോർട്ടു ലഭിക്കയില്ലെന്നുള്ളതിനാൽ ട്‌റാൻസുവാലിൽ ഇന്ത്യാക്കാർക്കുള്ള സംരക്ഷണത്തിൻെറ കാലാവധി നീട്ടിക്കൊണ്ടു ആഭ്യന്തരകാര്യമന്ത്രി ഒരു ഭേദഗതിബിൽ അവതരിപ്പിച്ചിരിക്കുന്നു.

*　　*　　*

മുപ്പത്തയ്യായിരംടൺവിലയുള്ള പുതിയ രണ്ടു യുദ്ധക്കപ്പലുകൾ ഉൾപ്പെടെയുള്ള ഫ്‌റഞ്ചുനാവികനിർമ്മാണ പരിപാടിയെ ചേംബർ വലിയ ഭൂരിപക്ഷത്തോടെ പാസ്സാക്കി. നിർമ്മാണപരിപാടിയുടെ ആദ്യഘട്ടം സംബന്ധിച്ചു ഒരു കോടി നാല്പത്തഞ്ചുലക്ഷംപവൻ ചെലവാകും. ആകാശാക്രമണപ്രതിരോധനത്തിനായി വേണ്ട സംഘടനയുണ്ടാക്കാനുള്ള ബില്ലുംപാസ്സായി.

*　　*　　*

ലണ്ടൻമെൽബോൺ വിമാനമത്സരത്തിൽ പങ്കുകൊണ്ടിരുന്നതും ഇപ്പോൾ ആസ്ത്രേലിയായിൽനിന്നു ലണ്ടനിലേക്കു റെക്കാർഡ് യാത്രചെയ്യുന്നതുമായ മി. എച്ച്. എൽ. ബ്രൂക്ക് ഡംഡമിൽ എത്തിയിരിക്കുന്നു. അദ്ദേഹംജോഡ്പൂരിലേക്കു പുറപ്പെടുകയും ചെയ്തു

*　　*　　*

ബ്രിട്ടീഷ്മന്ത്രിമാരും, ജർമ്മൻമന്ത്രിമാരും തമ്മിലുള്ള സംഭാഷണങ്ങൾ അവസാനിച്ചിരിക്കുന്നു. ബെർളിനിലെ ബ്രിട്ടീഷ് എംബസിയിൽ കൂടിയിരുന്ന പത്രലേഖകന്മാരുടെമുൻപിൽ സർ ജാൺസൈമൺ ഒരു പ്രസ്താവന വായിച്ചു സംഭാഷണത്തിൻെറ പ്രയോജനത്തെക്കുറിച്ചു ബ്രിട്ടീഷ്മന്ത്രിമാർ തൃപ്തരായിരിക്കുന്നു എന്നുംസകലഅഭിപ്രായകോടികളും അത്യന്തം വ്യക്തമാക്കപ്പെട്ടു എന്നും സാർവരാഷ്ട്രീകസഹകരണംമൂലം സമാധാനത്തെ പ്രബലമാക്കുകയാണു ബ്രിട്ടൻെറയും ജർമ്മനിയുടെയും ഉദ്ദേശവും നയവുമെന്നും അതിൽ പറഞ്ഞിരുന്നു.

*　　*　　*

വൈസ്ചാൻസലർആയ സ്‌ററാറംബർഗിൻെറ നേതൃത്വത്തിലുള്ള ഹെയിംവെർ എന്ന സൈന്യവും ചാൻസലർആയ ഷുസ്‌നിഗ്ഗിൻെറ നേതൃത്വത്തിലുള്ള കാതലിക്ക് സംഘടനയുംതമ്മിൽ ഉണ്ടാകുമെന്നു വിചാരിച്ചിരുന്ന കലഹം ഒരുതരത്തിൽ നിവാരണം ചെയ്യപ്പെട്ടിരിക്കുന്നു. രാജ്യസംബന്ധമായ പ്രധാനകാര്യങ്ങളിൽ കാതലിക്ക് ചർച്ചിനു ഗണ്യമായ അഭിപ്രായസ്വാതന്ത്ര്യങ്ങളുണ്ടായിരിക്കണമെന്നു ഷുസ്‌നിഗ്ഗിനുള്ള അഭിപ്രായമാണു കലഹകാരണം ഷുസ്‌നിഗ്ഗിൻെറയും സ്‌ററാറംബർഗിൻെറയും കക്ഷികൾ തമ്മിൽ കലഹിച്ചാൽ അതു മൂന്നാമതെത്ത കക്ഷിയായ നാസികളുടെ പ്രാബല്യം വർദ്ധിപ്പിക്കുമെന്നുള്ളതാണുകലഹത്തെ നിവാരണംചെയ്തതു്.

*　　*　　*



ബർഡ്വാൻ മഹാരാജാവു്.

എട്ടു വർഷകാലംഇംഗ്ലണ്ടിൽ താമസിച്ചതിനുശേഷം ലണ്ടനിൽനിന്നു ഇൻഡ്യയിലേക്കു കപ്പൽ കയറുന്ന അവസരത്തിൽ എടുത്ത ചിത്രം.
അദ്ദേഹത്തിൻെറ ഇളയമകനും മകളും ആണു് കൂടെ നിൽക്കുന്നതു്.

U. P. S.

ചൈനായുമായി മൈത്രിയിൽ ഏർപ്പെടുന്നതിനു ജപ്പാൻ ചില വ്യവസ്ഥകൾ നിർദ്ദേശിച്ചുവരുന്നതായി പറയപ്പെടുന്നു. ചൈനായിൽ സ്കൂൾപുസ്തകങ്ങളിൽ ജപ്പാനു വിരുദ്ധമായ പ്രചരണശ്രമങ്ങൾക്കു സ്ഥാനം അനുവദിക്കാതിരിക്കുക, സൈനികവും സാമ്പത്തികവും ആയ ഉപദേഷ്ടാക്കളായി ഇന്നുള്ള വിദേശികൾക്കുപകരം ജപ്പാൻകാരെ നിയമിക്കുക ജപ്പാൻ ചൈന കൊടുക്കാനുള്ള കടങ്ങൾക്കായി ഫണ്ടുണ്ടാക്കുക, ജപ്പാൻ ഇപ്പോഴത്തെ അടിയന്തിരാവശ്യത്തിൽ ചൈനയ്ക്കു കടംകൊടുത്തു സഹായിക്കുക മുതലായവയാണു ജപ്പാൻ നിർദ്ദേശിക്കുന്ന വ്യവസ്ഥകൾ.

* * *

കൊക്കേറു് ഇർവിങ്ങ് മുതലായ മൂന്നു ആസ്ത്രേലിയൻദ്വീപുകളിലെ ലോഹഖനികളിൽനിന്നു ലോഹങ്ങൾ കുഴിച്ചെടുക്കാൻ ജപ്പാനു അവകാശം സിദ്ധിച്ചിരിക്കുന്നു. ഈ ദ്വീപുകളിൽ ഇരുമ്പും തുത്തനാകവും ധാരാളമുണ്ടെന്നും ഒരു ആസ്ത്രേലിയൻഖനികമ്പനിക്കാർ കണ്ടുപിടിച്ചു. എന്നാൽ അവർക്കു പ്രസ്തുത ലോഹങ്ങൾ കുഴിച്ചെടുക്കാൻ വളരെ ചിലവും പ്രയാസവും ഉണ്ടെന്നു തോന്നി. പക്ഷെ അത്രഅധികം ചെലവുകൂടാതെ ലോഹങ്ങൾ കുഴിച്ചെടുക്കാമെന്നു ജപ്പാൻകാർ വിചാരിക്കുന്നു. അതനുസരിച്ചു പ്രസ്തുത ദ്വീപുകളിലൊന്നിൽ ജപ്പാൻകാർ ഒരു തുറമുഖം പണിയിക്കുന്നുണ്ടു്. കൊക്കേറുദ്വീപിൽ വലിയ കപ്പലുകൾ അടുപ്പിക്കാൻ ധാരാളം സൌകര്യമുണ്ടെന്നു ജപ്പാൻ മനസ്സിലാക്കിയിരിക്കുന്നു. ഇങ്ങനെ ജപ്പാനു ആസ്ത്രേലിയായിൽ കടന്നുകൂടാൻ സാധിച്ചിരിക്കുന്നു. ഈദ്വീപുകളിൽനിന്നും ലോഹങ്ങൾ കുഴിച്ചെടുക്കാൻ വളരെ ചിലവു വേണ്ടിവരുന്നതായാൽതന്നെ ജപ്പാൻ അതു വിലവയ്ക്കുകയില്ല. യുദ്ധകാലങ്ങളിലെ ആവശ്യങ്ങൾക്കു ഇവിടെനിന്നു വേണ്ടത്ര ഇരുമ്പും തുത്തനാകവും കിട്ടുമെന്നു ജപ്പാൻപ്രതീക്ഷിക്കുന്നു.

* * *

## ഭാരതം.

മി. ഷെർവാനിയുടെ ചരമത്തിൽ അനുശോചിക്കുന്നതിനായി മി. ദേശായിയുടെവസതിയിൽ കൂടിയ പാർലമെൻററിയോഗത്തിൽ പരേതൻെറ ഇളയസഹോദരനായ മി നിസ്സാർ അഹമ്മദ്ഖായെ അടുത്ത ഉപതിരഞ്ഞെടുപ്പിൽ സ്ഥാനാർത്ഥിയായി പ്രഖ്യാപനംചെയ്തിരിക്കുന്നു.

* * *

ഡാക്ടർ സി നടേശമുതലിയാരെ മദ്രാസ് നിയമസഭയിലെ ഡെപ്യൂട്ടിപ്രസിഡൻറായി തിരഞ്ഞെടുത്തിരിക്കുന്നു.

* * *

ചക്രവർത്തിതിരുമനസ്സിലെരജതജൂബിലിഫണ്ടിലേക്കു ബിക്കാനീർ മഹാരാജാവു 50000 രൂപാ സംഭാവന ചെയ്യുന്നു മഹാറാണി പതിനായിരം രൂപായും സംഭാവനചെയ്യുന്നു

* * *

ഗ്രാമവ്യവസായോദ്ധാരണംസംബന്ധിച്ചു ഗാന്ധിജി താമസിയാതെ ഗുജറാത്തിൽനിന്നു തുടങ്ങി മറെറാരു സമസ്തേന്ത്യാപര്യടനം നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു.

* * *

ഭൂമിയിൽ സ്വർണ്ണം കലർന്നിട്ടുള്ളതെവിടെയെന്നു കണ്ടുപിടിക്കാൻ താൻ ഉണ്ടാക്കിയിട്ടുള്ള ഒരു യന്ത്രവുമായി ഒരു അമേരിക്കൻ കാബൂളിലെത്തിയിരിക്കുന്നു. ഇതുവരെ ഈയാൾ ലണ്ടനിൽ താമസിച്ചിരുന്നു.

* * *

കാർഷികോല്പന്നങ്ങളുടെ അഭൂതപൂർവമായ വിലക്കുറവുമൂലം ഉണ്ടായിരിക്കുന്ന കർഷകദുരിതങ്ങളുടെ നിവാരണത്തിനായി മൈസൂർ പീപ്പിൾസ് ഫെഡറേഷൻരാജ്യത്തിൻെറ വിവിധഭാഗങ്ങളിൽ നടത്തുവാനുദ്ദേശിക്കുന്ന യോഗങ്ങളും പ്രക്ഷോഭണങ്ങളും പൊതുസമാധാനത്തിനു ഹാനികരമെന്നു തോന്നുന്നപക്ഷം അവയെ നിരോധിക്കേണ്ടതാണെന്നു മൈസൂർഗവർമ്മെൻറു പ്രാദേശികാധികൃതന്മാരോടു ആജ്ഞാപിച്ചിരിക്കുന്നു.

* * *

അഹമ്മദബാദു ഡിസ്ത്രിക്ടിലെ പോലീസുദ്യോഗസ്ഥന്മാർ ഡിസ്ത്രിക്ടിലെ സകല കാൺഗ്രസ്സുപ്രവർത്തനങ്ങളെയും സൂക്ഷ്മമായി അന്വേഷണം ചെയ്തറിഞ്ഞു റിപ്പോർട്ടു സമർപ്പിക്കേണ്ടതാണെന്നു ഡിസ്ത്രിക്ടുമജിസ്ട്രേട്ടു ഒരു സർക്കുലർ പുറപ്പെടുവിച്ചിരിക്കുന്നതായി സ്ഥലത്തെ ഒരു നാട്ടുഭാഷാപത്രത്തിൽ പ്രസ്താവിച്ചിരിക്കുന്നു. അതാതു പോലീസുദ്യോഗസ്ഥന്മാരുടെ അധികാരാതിർത്തിക്കുള്ളിൽ കാൺഗ്രസ്സുകമ്മററികളുണ്ടോ എന്നും അത്തരം കമ്മററിവകയായി വല്ല കെട്ടിടവുമുണ്ടോ എന്നും പുതുതായി ചേരുന്നവരുൾപ്പെടെയുള്ള കാൺഗ്രസ്സുഅംഗങ്ങളുടെ ആകെയുള്ള സംഖ്യ എന്തെന്നും അവരുടെഎല്ലാം പേരുകളും മേൽവിലാസവും സഹിതം അറിയിക്കണമെന്നാണത്രേ സർക്കുലർ. കാൺഗ്രസ്സിൻെറ സമുദ്യമങ്ങളിൽ ജനങ്ങൾ പങ്കെടുക്കുന്നുണ്ടോ എന്നും ഗ്രാമങ്ങളിൽ കാൺഗ്രസ്സുപ്രവർത്തനം എങ്ങനെയാണു നടന്നുകൊണ്ടിരിക്കുന്നതെന്നും അറിയിക്കേണ്ടതാണു്. പോലീസ്സുകാർ ഈ വിവരങ്ങളെല്ലാം ശേഖരിച്ചുതുടങ്ങിയിരിക്കുന്നതായും പ്രസ്തുതപത്രം പ്രസ്താവിക്കുന്നു.

* * *

## കേരളം.

കൊച്ചീനിയമസഭ, അതിൻെറ കഴിഞ്ഞ സമ്മേളനത്തോടുകൂടി പിരിച്ചുവിട്ടിരിക്കുന്നു. പുതിയ തിരഞ്ഞെടുപ്പു താമസിയാതെ നടത്തപ്പെടുന്നതാണു്.

* * *

സുപ്രസിദ്ധഅമേരിക്കൻ നൃത്തകലാവിദഗ്ദ്ധയായ ശ്രീമതി രാഗിണീദേവിയും, സുപ്രസിദ്ധ നൃത്തകലാവിദഗ്ദ്ധനും തിരുവിതാംകൂർ സ്വദേശിയുമായ ശ്രീമാൻ ഗോപിനാഥനും, പരിവാരങ്ങളോടുകൂടി ഒരു തിരുവിതാംകൂർ പര്യടനം നടത്തുകയും, കൊല്ലം ആലപ്പുഴ മുതലായ സ്ഥലങ്ങളിൽ അവരുടെ പാടവം പ്രകടിപ്പിക്കുകയും ചെയ്തശേഷം തിരിയെ പോയിരിക്കുന്നു.

* * *

തിരുവിതാംകൂർ കേരകർഷകസംഘം വൈസ്രോയിക്കു ഒരു മെമ്മോറിയൽ സമർപ്പിച്ചിരിക്കുന്നു. കേരളീയരുടെ പ്രധാന കൃഷി തെങ്ങാണെന്നും സിലോൺകൊപ്രായുടെ മത്സരംമൂലം കേരളത്തിലെ കേരോല്പന്നങ്ങൾക്കു വില കുറഞ്ഞുപോയെന്നും ഇന്ത്യയുടെ ആവശ്യത്തിനുള്ള നാളികേരം ഇവിടെ ഉണ്ടാകുന്നുണ്ടെന്നും ഇറക്കുമതിച്ചുങ്കം കൂട്ടണമെന്നുമാണു മെമ്മോറിയലിൻെറ രത്നച്ചുരുക്കം. ഒരുടൺ കൊപ്രായ്ക്കു 120 കയും വെളിച്ചെണ്ണയ്ക്കു 200 കയും ഇറക്കുമതിച്ചുങ്കം ചുമത്തണമെന്നാണു പ്രസ്തുത സംഘത്തിൻെറ നിവേദനം

* * *

അകവൂർമനയ്ക്കൽ ഈമാസം 7–ാംതീയതി മി. സി. കുഞ്ഞൻനമ്പൂതിരിപ്പാടിലെ അദ്ധ്യക്ഷതയിൽ ഒരു യോഗംകൂടുകയുണ്ടായി. സ്ഥാവരവസ്തുക്കളിലും, കൃഷിക്കാരുടെമേലുംഉള്ള വിധിക്കടങ്ങൾ ഈടാക്കുന്നതുസംബന്ധിച്ചു തിരുവിതാംകൂർമഹാരാജാവു തിരുമനസ്സിലെ തിരുവെഴുത്തുവിളംബരംമൂലം ജന്മിമാർക്കു കഷ്ടനഷ്ടങ്ങൾ നേരിട്ടിട്ടുണ്ടെന്നും, പരിഹാരമുണ്ടാക്കണമെന്നും അഭ്യർത്ഥിച്ചുകൊണ്ടു തിരുമനസ്സിലേക്കു ഒരു ഭീമമെമ്മോറിയൽ സമർപ്പിക്കണമെന്നു പ്രസ്തുത യോഗത്തിൽ തീരുമാനിച്ചിരിക്കുന്നു. ജന്മിമാരുടെ ഡെപ്യൂട്ടേഷൻ മഹാരാജാവു്, ദിവാൻ, സർ സി. പി. ഇവരെ സന്ദർശിക്കണമെന്നും തീരുമാനിച്ചിരിക്കുന്നു.

* * *

എറണാകുളം മഹാരാജാസുകാളേജു സാഹിത്യമണ്ഡലത്തിൻെറ വാർഷികാഘോഷവേളയിൽ ഡാക്ടർ എർലാൻസൺ എന്ന വനിത അമേരിക്കൻ വിദ്യാർത്ഥിജീവിതത്തെപ്പററി ഒരു പ്രസംഗം ചെയ്യുകയുണ്ടായി. വിദ്യാർത്ഥികൾ വളരെ പരിശുദ്ധിയുള്ളവരും ഉൽക്കണ്ഠയിൽനിന്നു സ്വാതന്ത്ര്യരും ആയിരിക്കണമെന്നു അവർ ഉൽബോധിപ്പിച്ചു. അഭ്യസ്തവിദ്യനായ ഒരുവൻ ഏതു പരിതഃസ്ഥിതിയിലും സന്തുഷ്ടനായിരിക്കണമെന്നും, എപ്പോഴും വിനീതനായിരിക്കണമെന്നുംആണു അവരുടെ അഭിപ്രായം. വിദ്യാർത്ഥികൾ ഒരിക്കലും അപൂർണ്ണമായി അഭിപ്രായം രൂപീകരിക്കയോ അഭിപ്രായം പ്രകടിപ്പിക്കയോ വിധികല്പിക്കുകയോ ചെയ്യുന്നതു ബുദ്ധിപൂർവകമല്ലെന്നും വിദ്യാർത്ഥികൾ യാതൊന്നിനെയും വെറുക്കരുതെന്നും വിദ്യാർത്ഥികൾ സ്വീകരിക്കേണ്ട യഥാർത്ഥമനോഭാവത്തെ പുരസ്കരിച്ചു അവർ ഉൽബോധിപ്പിക്കയുണ്ടായി.



സിംഗപ്പൂർ H. M. നാവൽബേസിൽ എലക്ട്രിക്കൽഎൻജിനിയരായിരുന്ന മി. ആർ ബെൻറ്ലി യൂറോപ്പിലേക്കു പോയ അവസരത്തിൽ അദ്ദേഹത്തിനു നൾകിയ വിരുന്നുസംബന്ധിച്ചെടുത്ത ഫോട്ടോ. കസേരയിൽ നടുവിൽ ഇരിക്കുന്നതു് മി. ബെൻറ്ലി. ഇദ്ദേഹം തൊഴിലാളികളോടു അനുകമ്പയുള്ള ഒരുദ്യോഗസ്ഥനാണു്.

N. P.

# മലയാളരാജ്യം.

1110 മീനം 19-ാംനു- തിങ്കളാഴ്ച

ലീഗ് ആഫ് നേഷൻസു സ്ഥാപിച്ചതു് ലോകസമാധാനത്തെ ഉദ്ദേശിച്ചാണല്ലൊ. ലോകസമാധാനമുണ്ടായില്ലെങ്കിലും യൂറോപ്പിലെങ്കിലും സമാധാനമുണ്ടായാൽ മതിയെന്നു ഇന്നു രാജ്യതന്ത്രജ്ഞന്മാർ കരുതുന്നു. ഒരുതരത്തിൽ നോക്കുമ്പോൾ ഇതു ഏറ്റക്കുറെ ആശാവഹമാണെന്നു പറയേണ്ടിയിരിക്കുന്നു എന്തെന്നാൽ ലോകത്തിലെ മഹായുദ്ധങ്ങളുടെയെല്ലാം കൂട്ട് യൂറോപ്പാണു്. അവിടെ യുദ്ധം ഉണ്ടാകാതിരുന്നാൽ ലോകത്തു സമാധാനമുണ്ടായി എന്നു പറയാവുന്നതാണു്. ചൈനായും ജപ്പാനും തമ്മിലും പെറാഗ്വേയും ബൊളിവിയായും തമ്മിലും യൂറോപ്പിനുവെളിയിൽ യുദ്ധമുണ്ടാകുന്നുണ്ടെന്നുള്ളതു് വാസ്തവംതന്നെ പക്ഷെ ആ യുദ്ധങ്ങളൊന്നുംതന്നെ യൂറോപ്യൻയുദ്ധങ്ങളെപ്പോലെ അഖിലലോകവ്യാപ്തി ഉള്ളവയല്ല. അതിനാൽ യൂറോപ്പിൽ സമാധാനം സ്ഥാപിച്ചാൽ കാൎയ്യത്തിന്റെ മുക്കാലേ അരയ്ക്കാൽ പങ്കും സാധിച്ചു എന്നുതന്നെ കരുതുന്നതിൽ തകരാറില്ല. ഈ സമാധാനസ്ഥാപനത്തിനായിട്ടാണു് ലീഗ് ആഫ് നേഷൻസ് ശ്രമിക്കുന്നതു്. പക്ഷേ ലീഗിന്റെ ശ്രമങ്ങൾ പറയത്തക്ക വിജയം നേടിയിട്ടില്ല. ഇന്നത്തെ അവസ്ഥയിൽ ലിഗിന്റെ ജോലിചെയ്യുന്നതു് ബ്രിട്ടനിലെ മന്ത്രിമാരായ സർ ജാൺസൈമണും, മി. ആന്തണി ഈഡനും ആണെന്നുകാണാൻ പ്രയാസമില്ല. സർ ജാണും മി. ഈഡനും യൂറോപ്പിലെ സകല തലസ്ഥാനങ്ങളും സന്ദർശിക്കുന്നു. ഇതിനുമുമ്പുതന്നെ ഫ്രാൻസു്, ഇററലി മുതലായ ശക്തികളുമായി അവർ ആലോചന നടത്തിക്കഴിഞ്ഞു. ഇപ്പോൾ ബർളിനിൽ നടന്ന സംഭാഷണം തൃപ്തികരമായി അവസാനിച്ചല്ലൊ പ്രസ്തുത സംഭാഷണവും ഇനിമേൽ, റഷ്യ പോളണ്ടു മുതലായ ശക്തികളുമായി നടക്കാനുള്ള സംഭാഷണങ്ങളും യാതൊരുതരത്തിലും സഖ്യം സ്ഥാപിക്കാൻ ഉദ്ദേശിക്കപ്പെട്ടിട്ടുള്ളവയല്ല എന്നുള്ളതു യൂറോപ്യൻസമാധാനത്തിനു പ്രോത്സാഹകമായ ഒരവസ്ഥയാണു്. എന്തെന്നാൽ ബ്രിട്ടൻ ഓരോ ശക്തിയോടും സഖ്യത്തിനു ശ്രമിക്കുന്നു എന്നറിയുന്നതു ഇതരശക്തികളുടെ സന്മനസ്സിനെ അസ്തമിപ്പിക്കാൻപൎയ്യാപ്തമാകുന്നു. ഒരു അഖിലയൂറോപ്യൻ സമാധാനത്തിനു ബ്രിട്ടൻ ശ്രമിക്കുമ്പോൾ ന- ഒന്നു വേറെയാണു് ഓരോ തലസ്ഥാനത്തും നടക്കുന്ന സംഭാഷണങ്ങളാൽ യൂറോപ്യൻ മാധാനത്തിനുള്ള വഴി എത്രമാത്രം തെളിയുമെന്നറിയാമെന്നാണു് സർ ജാൺസൈമൻപറയുന്നതു്. ഈ ഉദ്ദേശം കേവലം ന്യായമാകുന്നു. ജർമ്മനിയുമായുള്ള സംഭാഷണംകൊണ്ടു ജർമ്മനി സമാധാനത്തെ ഭഞ്ജിക്കാൻ കാരണഭൂതമാകയില്ലെന്നും മററുള്ളവർ പാടെ ആയുധം ഉപേക്ഷിക്കാൻ തയാറാകണമെന്നുംവ്യക്തമായിട്ടുണ്ടു. ഇതു യൂറോപ്യൻശക്തികളോടു ജർമ്മനിചെയ്യുന്ന ഒരുവെല്ലുവിളിയാകുന്നു യുദ്ധംവേണ്ടഎന്നു യൂറോപ്പിനു വിചാരമുണ്ടെങ്കിൽ അതിന്റെ ആത്മാൎത്ഥത ഇപ്പോഴാണു് അറിയേണ്ടതു്. വാസ്തവത്തിൽ ജർമ്മനി വെഴ്സെയിൽസ് ഉടമ്പടിയിലെ നിരായുധികരണനിബന്ധനയെ ഈ അവസ്ഥയിലും ആദരിക്കുന്നുണ്ടെന്നു കാണാൻ വിഷമമില്ല. ജർമ്മനിയുടെ ആയുധങ്ങൾ അപഹരിക്കുന്നതു് യൂറോപ്യൻശക്തികളുടെയെല്ലാം ആയുധസജ്ജീകരണങ്ങൾ ഇല്ലാതാക്കാനുള്ള പ്രാരംഭമാണെന്നു വെഴസെയിൽസ് ഉടമ്പടിയിൽ പറയുന്നുണ്ടല്ലോ പക്ഷേ അന്നു പ്രാരംഭമിട്ടതിനുശേഷം ഇന്നുവരെ ആ വഴിക്കു യാതൊരു പുരോഗതിയുമുണ്ടായിട്ടില്ലെന്നുതന്നെയല്ല ഈയിടെ അമേരിക്ക ഉൾപ്പെടെയുള്ള ശക്തികൾ ആയുധങ്ങൾ വർദ്ധിപ്പിക്കയുംചെയ്തു. ബ്രിട്ടൻ ഇത്ര ബദ്ധിമുട്ടുന്നതിനുതക്ക കാരണമെന്തെങ്കിലും ഉണ്ടായിരിക്കണം അതു വെറും മനുഷ്യസ്നേഹമാണോ എന്നുള്ളതു സംശയാസ്പദമാകുന്നു. യൂറോപ്പിൽ യുദ്ധമുണ്ടായാൽ, കിഴക്കു ജപ്പാൻ ശക്തി പ്രാപിക്കുകയും, കമ്പോളങ്ങൾ പിടിച്ചടക്കുകയും ചെയ്യും. ഈയിടെ ജപ്പാൻ ചൈനയുടെ സഖ്യംനേടാൻ ശ്രമിക്കുന്നതിനാൽ ബ്രിട്ടന്റെ ചൈനയിലെ താല്പൎയ്യങ്ങൾക്കു ഹാനിതട്ടും. ഈയിടെതന്നെ ആസ്ട്രേലിയായിൽ ചില സൗജന്യങ്ങൾ ജപ്പാൻ നേടിക്കഴിഞ്ഞിരിക്കുന്നു. വർദ്ധിച്ചുവരുന്ന ജപ്പാന്റെ ശക്തിയെ അമച്ചുചെയ്തില്ലെങ്കിൽ, ചൈന, കൊച്ചിൻചൈന, ഫിലിപ്പയിൻസ്, നെതർലൻഡ്സ് ഈസ്റ്റിൻഡീസ്, അവസാനമായി ഇന്ത്യാ, എന്നിവയെല്ലാം ജാപ്പനിസ സ്വാധീനചക്രവാളത്തിനുള്ളിലായിപ്പോകുമെന്നു ചിലർ പ്രസംഗിക്കുന്നുണ്ടു ജപ്പാനെ കാൎയ്യക്ഷമമായി തടയാൻ കിഴക്കൻപ്രദേശങ്ങളിൽ ബ്രിട്ടനുമാത്രമേ സാധിക്കയുള്ളു ബ്രിട്ടൻ ആ വഴിക്കു എന്തെങ്കിലും സ്വൈരമായി പ്രവൎത്തിക്കണമെങ്കിൽ യൂറോപ്പിൽ സമാധാനംവേണം അതുകൊണ്ടാണു ബ്രിട്ടൻതന്നെ ഇപ്പോൾ ഒരു ലീഗ് ആഫ നേഷൻസായി രൂപാന്തരപ്പെട്ടിരിക്കുന്നതെന്നു ന്യായമായി ഊഹിക്കാം. ജപ്പാനുമായി സഖ്യം സ്ഥാപിക്കണമെന്നു ബ്രിട്ടനിൽ ചിലൎക്കു വിചാരമുണ്ടെങ്കിലും ജനറൽ സ്മട്ട്സ്, ചർച്ചിൽ തുടങ്ങിയവരുടെ പാശ്ചാത്യരാജ്യതന്ത്രജ്ഞത അതിനെ അനുകൂലിക്കുന്നില്ല. യൂറോപ്യൻസമാധാനത്തിനുവേണ്ടിയുള്ള ബ്രിട്ടന്റെ ശ്രമം സഫലമാകുന്നെങ്കിൽ ജനറൽസ്മട്ട്സിന്റെ കേപ്പ്ടൗൺപ്രസംഗം സാധൂകരിക്കപ്പെടുകയും, ജപ്പാൻ സൂക്ഷിക്കേണ്ടിവരികയും ചെയ്യുന്നതാണു്.

* * *

അധീശാധികാരവും തങ്ങളും തമ്മിലുള്ള ബന്ധത്തെ തെളിവായി നിൎവചിച്ചു നിശ്ചിതമായ ഒരു അടിസ്ഥാനത്തിന്മേൽ ഉറപ്പിക്കാൻ സാധിക്കുമെന്നുള്ള മോഹത്താലാണു് ഒന്നാമത്തെ റൗണ്ടുടേബിൾ കാൺഫറൻസിൽവച്ചു ഇന്ത്യൻഫെഡറേഷനിൽ അംഗങ്ങളായി ചേരുവാൻ നാട്ടുരാജാക്കന്മാർ സന്നദ്ധത പ്രദർശിപ്പിച്ചതു്. എന്നാൽ ജെ. പി സി. റിപ്പോർട്ടും അതിനെ അടിസ്ഥാനമാക്കിയുള്ള ഇന്ത്യാബില്ലും കണ്ടതോടുകൂടി തങ്ങളുടെ മോഹം വെറും വ്യാമോഹങ്ങളായിരുന്നു എന്നു നാട്ടുരാജാക്കന്മാൎക്കു ബോധപ്പെട്ടു. ഫെഡറേഷനിലെ അംഗങ്ങളെന്ന നിലയിൽ നാട്ടുരാജ്യങ്ങളുടെ മേൽ ഉള്ള അധീശാധികാരത്തെ മാത്രമേ ബിൽ നിൎവചിക്കുന്നുള്ളു. മററുള്ള സകലകാൎയ്യങ്ങളിലും നാട്ടുരാജാക്കന്മാരുടെ മേലുള്ള അധീശാധികാരത്തിന്റെ വ്യാപ്തിയും പ്രയോഗവും അനിശ്ചിതവും അവ്യക്തവും ആയി ശേഷിക്കുന്നതേയുള്ളു. ഫെഡറൽഭരണവ്യവസ്ഥ തകരാറിലായേക്കാവുന്ന സന്ദർഭങ്ങളെ ഉദ്ദേശിച്ചു വൈസ്രായിയിൽ നിക്ഷേപിക്കുന്ന അസാധാരണ അധികാരങ്ങളുടെ വൈപുല്യവും വ്യാപ്തിയും നാട്ടുരാജാക്കന്മാൎക്കു ഈർഷ്യാകരമായിത്തീൎന്നു. ഇന്ത്യാഭരണപരിഷ്കാരത്തിന്റെ അധിഷ്ഠാനതത്വമായ ഫെഡറേഷൻ തങ്ങളുടെ സമ്മതവും പ്രവേശനവും കൂടാതെ സാക്ഷാത്കരിക്കപ്പെടുകയില്ലെന്നുള്ള ധൈൎയ്യത്തോടുകൂടി നാട്ടുരാജാക്കന്മാർ അധീശശക്തിയുടെ നേരേ തിരിഞ്ഞു നിന്നു പൗരുഷത്തോടുകൂടി അവകാശവാദം നടത്തുവാൻതന്നെ തീർച്ചയാക്കി. തങ്ങളുടെ രാജാധികാരത്തിന്റെയും ആഭ്യന്തരഭരണസ്വാതന്ത്ര്യത്തിന്റെയും നിലനിൽപിനു അത്യന്താപേക്ഷിതമായ ഉറപ്പുകളും രക്ഷാവ്യവസ്ഥകളും അംഗീകരിച്ചെങ്കിലല്ലാതെ തങ്ങൾ ഫെഡറേഷനിൽ ചേരുകയില്ലെന്നു നരേന്ദ്രന്മാർ വൈസ്രായിക്കയച്ച കത്തിൽ പറഞ്ഞിട്ടുണ്ടു. ചക്രവൎത്തിയുടെ മേൽക്കോയ്മയധികാരം തങ്ങൾ ഫെഡറേഷനിൽ ചേരുന്നതിനുമുമ്പു വിശദമായി നിൎവചിച്ചു വ്യവസ്ഥപ്പെടുത്തണമെന്നും ഫെഡറൽഭരണവ്യവസ്ഥ എന്തെങ്കിലും കാരണത്താൽ സസ്പെണ്ടുചെയ്യുമ്പോൾ തങ്ങൾ ഫെഡറേഷനു വിട്ടുകൊടുത്ത അധികാരങ്ങൾ തിരിച്ചുകിട്ടണമെന്നും ആണു നാട്ടുരാജാക്കന്മാരുടെ വാദങ്ങളിൽ അതിപ്രധാനമായുള്ളതു്. ഇവിടെ നാട്ടുരാജാക്കന്മാരും ബ്രിട്ടീഷ കോയ്മയും തമ്മിൽ ഏററുമുട്ടി നാട്ടുരാജാക്കന്മാർ ചക്രവൎത്തിയുടെ സാമന്തന്മാർ മാത്രമാണെന്നും മേൽക്കോയ്മയും നാട്ടുരാജാക്കന്മാരും തമ്മിലുള്ള ബന്ധത്തെ കൂടുതൽ വിശദവും നിശ്ചിതവും ആക്കുന്നതു് നല്ലതുതന്നെയെങ്കിലും അതും ഫെഡറേഷനിൽ ചേരുന്ന കാൎയ്യവുംതമ്മിൽ യാതൊരു ബന്ധവും ഇല്ലെന്നും ഫെഡറേഷനിൽ സമൎപ്പിക്കുന്ന അധികാരങ്ങൾ നാട്ടുരാജാക്കന്മാൎക്കു വീണ്ടെടുക്കത്തക്കതല്ലെന്നും ഇന്ത്യാസെക്രട്ടറി നാട്ടുരാജാക്കന്മാരെ അറിയിച്ചിട്ടുണ്ടു്. നാട്ടുരാജാക്കന്മാർ ചേരുന്നില്ലെങ്കിൽ ഫെഡറേഷൻ ഇല്ലെന്നും ഫെഡറേഷൻ ഇല്ലെങ്കിൽ ഇന്ത്യൻഭരണപരിഷ്കാരം ആദ്യംമുതൽ അഴിച്ചുപണിയേണ്ടിവരുമെന്നും അതുകൊണ്ടു നാട്ടുരാജാക്കന്മാരെ കുറെയൊക്കെ പ്രീണിപ്പിക്കാതിരിക്കാൻ നിൎവാഹമില്ലെന്നും സർ സാമുവൽഹോറിനു നല്ലവണ്ണം അറിയാം. അതുകൊണ്ടുതന്നെയാണു നാട്ടുരാജാക്കന്മാരുടെ നിയമോപദേഷ്ടാക്കളും ഇന്ത്യാബിൽ രൂപവൽക്കരിക്കുന്നവരും തമ്മിൽ ഒരു കൂടിയലോചന നടത്തി ബില്ലിൽ ഏറക്കുറെ ചില നീക്കുപോക്കുകൾ വരുത്തുന്നതിനു സാമുവൽഹോർ സമ്മതിച്ചിരിക്കുന്നതു്.


## 'ടാബ്ലോ'യ്ക്കുള്ള അഭിനയപരിശീലനം



സതാംപ്ടണിലെ 'സെൻട്രൽ സ്ക്കൂൾ ആഫ് ആർട്ട്സ് ആൻഡ് ക്രാഫ്റ്റ്സ്' എന്ന കലാവിദ്യാലയത്തിലെ വിദ്യാർത്ഥികൾ 'ഒരു ബാൾ' സംബന്ധിച്ച ടാബ്ലോ എടുക്കുവാൻ പരിശീലനം നടത്തുന്നു. 'ത്വരാബ്ധി'യെ ചിത്രണം ചെയ്യാനാണു ഇവരുടെ ശ്രമം.

U. P. S.

## സഹവിദ്യാഭ്യാസം



പശ്ചിമആസ്ത്രേലിയായിലെ പെർത്ത്സർവകലാശാലയിൽനിന്നുള്ള ഒരു ചിത്രമാണിതു്.

N. I. A.

# രണ്ടു നൃത്തവിദഗ്ദ്ധന്മാർ.



ശ്രീമാൻ ഗോപീനാഥന്റെ ഗരുഡനൃത്തം.



താണ്ഡവനൃത്തം—ഉദയശങ്കരും സിങ്കിയും-

[നൃത്തകലാവിദഗ്ദ്ധരായ ശ്രീമാൻ ഗോപിനാഥനും ശ്രീമതി രാഗിണീദേവിയും ഈയിടെ കൊല്ലത്തുവച്ചു അത്യന്തം വിജയകരമായ ഒരു പ്രദർശനം നടത്തുകയുണ്ടായി. ശ്രീമാൻ ഗോപിനാഥന്റെ അഭിനയങ്ങളും എല്ലാം തന്മയമായിരുന്നു എന്നു കാണികൾ ഐകകണ്ഠ്യേന പുകഴ്ത്തി. അന്നേദിവസം പ്രകടിപ്പിച്ച പന്ത്രണ്ടോളം നൃത്തവിശേഷങ്ങളിൽ ഒന്നുമാത്രമാണ് ഗരുഡനൃത്തം.]



എറണാകുളം രാമവർമ്മയൂണിയൻക്ലബ്ബിന്റെ വാർഷികാഘോഷം സംബന്ധിച്ച് എടുത്ത ഫോട്ടോ.

ഹാരമണിഞ്ഞിരിക്കുന്നതു ക്ലബ്ബ്പ്രസിഡണ്ടു മി. കരിമ്പററ അച്യുതമേനോനാണ്. സ്ഥലത്തെ പൌരമുഖ്യന്മാർ, ദിവാൻജി, ചീഫ്ജഡ്ജി എന്നിവർ ചിത്രത്തിൽ കാണപ്പെടുന്നു.

Royal Studio, Ernakulam.

(പത്താംപുറത്തുനിന്നും തുടർച്ച)

"ഞാൻ സ്പഷ്ടമായി പറഞ്ഞേക്കാം."

"ഇനി എന്താണു സ്പഷ്ടമായി പറവാൻ. എല്ലാം സ്പഷ്ടമാണല്ലോ"

"ഞാനും നിങ്ങളുടെ ഭാര്യയുമായി ന്യായരഹിതമായി വല്ല മൈത്രിയും ഉള്ളതായി നിങ്ങൾ ശങ്കിക്കുന്നു എങ്കിൽ അതു തികച്ചും അടിസ്ഥാനരഹിതമാണു്. എനിക്കു അങ്ങനെ അന്യായമായ യാതൊരു വികാരവും നിങ്ങളുടെ ഭാര്യയെസംബന്ധിച്ചിടത്തോളം ഇല്ല. എന്നെ ഭ്രമിപ്പിക്കുവാൻ അവൾക്കു കഴികയില്ല. അവൾക്കു അത്ര സൗന്ദര്യമുള്ളതായി ഞാൻ വിചാരിക്കുന്നുമില്ല. ഞാൻ പറയുന്നതു വിശ്വസിക്കുക."

കോപംകൊണ്ടു വിറയലോടുകൂടി അപരൻ ഗർജ്ജിച്ചു.

"ഛേ! എന്തൊരു ധിക്കാരം. ഇതുവരെ ഞാൻ ശാന്തനായിരുന്നു. എന്നാൽ ഇതു ഞാൻ സഹിക്കയില്ല. നിങ്ങൾക്കു എന്റെ വീട്ടിൽ അസാമാന്യമായ സൌജന്യങ്ങൾ അനുവദിച്ചതന്നതിനു എനിക്കുള്ള പ്രതിഫലമാണിതു്. നിങ്ങൾ എന്നോടും, അല്ല എന്റെ ഭാര്യയേയും അതികഠിനമായി അധിക്ഷേപിക്കുന്നു ഇതു് ഒരു ഭർത്താവിനു സഹിക്കാൻകഴിയുന്നതിൽ കൂടുതലാണു്."

അയാൾ ചന്ദ്രന്റെ കഴുത്തിൽ കടന്നു പിടിക്കുന്നു. വളരെ ബദ്ധപ്പെട്ടു പിടിയിൽ നിന്നൊഴിഞ്ഞു രോഷാകുലനായി ചന്ദ്രൻ പറഞ്ഞുതുടങ്ങി.

"എന്തിനു ഞാൻ ഭയപ്പെടുന്നു. എനിക്കു നിങ്ങളെ ലേശം ഭയമില്ല. സത്യംപറഞ്ഞേക്കാം. ചെവിതുറന്നു കേട്ടുകൊൾക. ഇതിനെല്ലാം കുറ്റക്കാരൻ ഞാനല്ല. നിങ്ങളുടെ ഭാര്യതന്നെയാണു് എനിക്കു അവളോടു അതിയായ പ്രേമമാണു്. നിങ്ങളുടെ അഭാവത്തിൽ എത്രസമയമാണു ഞങ്ങൾ ആനന്ദതുന്ദിലരായി കഴിച്ചുകൂട്ടിയിട്ടുള്ളതു്. അവളുടെ സൌന്ദര്യം എനിക്കു നയനോത്സവമാണു്. അവളുടെ ഗാനമാധുരി എന്റെ കർണ്ണങ്ങൾക്കു പുളകംചേർക്കുന്നു. നിങ്ങൾക്കു എന്തുചെയ്യാൻ കഴിയും? ചെയ്തുകൊൾക."

"ഞാൻ എന്തുചെയ്യാനാണു്. സത്യം നേരെ ചുടരുതായിരുന്നുവോ? എന്നാൽ ഈ കയ്യേറ്റങ്ങൾ കൂടാതെ കഴിക്കാമായിരുന്നല്ലോ അതിനു പകരം "പ്രേമിക്കത്തക്കതായി അവളിൽ ഒന്നുമില്ല അവൾ സൌന്ദര്യവതിയല്ല" എന്നെല്ലാം എന്റെ ഭാര്യയെ അപലപിച്ചു ഇതു ഞാൻ സഹിക്കുമോ. ഇല്ലെന്നു നിങ്ങളുംസമ്മതിക്കും. നിങ്ങൾഎന്നല്ല നിങ്ങളുടെ കൊമ്പന്മാർപോലും അവളുടെ മുമ്പിൽ നമസ്കരിക്കാതെ ഇറിക്കയില്ല. അവളുടെ വിജയത്തിൽ എനിക്കു അത്ര പൂർണ്ണവിശ്വാസമാണു് സ്നേഹിതാ നിങ്ങളോടു ചെയ്ത കയ്യേറ്റങ്ങളെ നിങ്ങൾ സദയം പൊറുക്കുമല്ലോ അതിനു കാരണവും നിങ്ങൾതന്നെയല്ലേ?"

അവൾ പ്രവേശിക്കുന്നു.

എല്ലാവരും ചിരിക്കുന്നു.

"ചന്ദ്രാ, ഈ പദ്യങ്ങൾ പ്രസിദ്ധീകരിക്കുന്നതിൽ നിങ്ങൾക്കു വിരോധമില്ലല്ലൊ?"

"എന്താണു വിരോധം."

അപരൻ പറഞ്ഞു:

"ഇത്ര വിശേഷമായ പദ്യങ്ങൾ പ്രസാധനം ചെയ്യാത്തപക്ഷം ലോകത്തിനു ഒരു അപാരമായ നഷ്ടമാണു്."

എല്ലാവരും വീണ്ടും ചിരിക്കുന്നു

"ആകട്ടെ ഇതിനെന്തുപേരാണു കൊടുക്കേണ്ടതു്?"

"പുലരിയുടെ പ്രേമം അഥവാ പ്രഭാതഗീതി എന്നാവട്ടെ" ചിരിക്കുന്നു

---


ഒരു പുതിയ സന്ദേശകാവ്യം

സർദാർ കെ. എം. പണിക്കർ എം. ഏ. (ഓക്സൺ)

ബാർ അററ്ലാ അവർകളാൽ രചിക്കപ്പെട്ട

**ഭ്രമസന്ദേശം.**

വില 10 ണ.

മയൂരസന്ദേശം, മേഘസന്ദേശം, ഉണ്ണുനീലിസന്ദേശം, മുതലായ സന്ദേശകാവ്യങ്ങൾ വായിച്ചിട്ടുള്ളവരും സന്ദേശകാവ്യങ്ങളുടെ ശരിയായ മാഹാത്മ്യം അറിയണമെന്നാഗ്രഹമുള്ളവരും ഞങ്ങളുടെ ഈ പുതിയ സന്ദേശകാവ്യം വായിക്കുവിൻ.

കൂടാതെ എല്ലാ ഭാഷാഗ്രന്ഥങ്ങൾക്കും ശ്രീമദ് ഭഗവദ്ഗീതാ, ശ്രീരാമഗീത, മുതലായ വിശിഷ്ട വേദാന്തഗ്രന്ഥങ്ങൾക്കും വാമനം, മാത്സ്യം ആഗ്നേയം തുടങ്ങിയ അഷ്ടാദശപുരാണങ്ങൾക്കും ഞങ്ങളോടാവശ്യപ്പെടുക.

ആവശ്യക്കാർക്കു ക്യാററ്ലാഗ് സൌജന്യമായി അയച്ചുകൊടുക്കുന്നതാണു്.

ബി- വി. ബുക്കുഡിപ്പോ & പ്രിൻറിംഗ്‌വർക്ക്സ്,

പുത്തൻചന്ത, മെയിൻറോഡ് തിരുവനന്തപുരം.


## വിഷയവിവരം


| | | പേജു. |
|---|---|---|
| 1. | ഗ്രന്ഥരത്നം<br>വിദ്വാൻ വി. രാമശാസ്ത്രി | 4 |
| 2. | പാട്ടിന്റെപുറകേ (കവിത)<br>തൈക്കാട്ടു ചന്ദ്രശേഖരൻനായർ | 5 |
| 3. | ജന്മസാഫല്യം<br>കെ. അയ്യപ്പപ്പണിക്കർ കണ്ടങ്കരി | 6 |
| 4. | ആശ്വാസം (കവിത)<br>ഡാക്ടർ നാരായണദാസ് വെട്ടിക്കവല | 7 |
| 5. | സാമ്പിൾവക്കീലാഫീസ് വക്കീലുദയം<br>അച്ചു | 8 |
| 6. | പുലരിയുടെ പ്രേമം<br>കെ. ജീ. രാഘവൻനായർ ബി. ഏ. | 10 |
| 7. | വാർത്താസംഗ്രഹം | 11 |
| 8. | വിമർശനം | 13 |
| 9. | നിരാലംബശബ്ദവാഹി<br>ആറന്മുള എസ്. രാഘവൻപിള്ള | 17 |
| 10 | ദാരിദ്ര്യകൂപത്തിലെ സാഹിത്യസേവനം<br>വെങ്കുളം ജി. പരമേശ്വരൻപിള്ള | 19 |
| 11. | നിശാഗീതം (കവിത)<br>സീ. മാധവൻപിള്ള | 20 |
| 12. | വാദി പ്രതിയായി (ചെറുകഥ)<br>എം. എൻ. ഗോവിന്ദൻനായർ ബി. എ. ബി.എൽ. | 21 |
| 13. | സർ മക്ഫേഴ്സൻ റാബർട്ട്സൺ<br>വക്കം രാമകൃഷ്ണൻ സിംഗപ്പൂർ | 22 |
| 14. | ഭക്ഷണം ശരീരപോഷണമായി മാറുന്നതെങ്ങനെ?<br>ഡാക്ടർ എം. കെ. ഗോവിന്ദപ്പിള്ള | 23 |
| 15. | അനിലാലാപം (കവിത)<br>ശ്രാമ്പിക്കൽ പത്മനാഭമേനോൻ | 24 |
| 16. | പാചകകല<br>എസ്. ഏ. പിള്ള ചടയമംഗലം | 25 |


### മുഖചിത്രം.

"പസഡേനയിലെ (കാലിഫോർനിയാ) ടൂർനമെന്റ ആഫ് റോസസ്സ് എന്ന മത്സരോത്സവത്തിൽ ചിത്രത്തിൽ കാണപ്പെടുന്ന സുന്ദരികളിൽ ഒരുവൾ സൌന്ദര്യരാജ്ഞിയായി തിരഞ്ഞെടുക്കപ്പെടും. മററു ആറുപേരും ആ രാജ്ഞിയുടെ സഖികളായിരിക്കയുംചെയ്യും ഈ സുന്ദരീനിരയിൽനിന്നു ഒരുവളെ 'രാജ്ഞി'യായി അഭിഷേകംചെയ്യുവാൻ പരിശോധകക്കമ്മിററി വളരെ വിഷമിക്കാതിരിക്കയില്ല"—പാശ്ചാത്യലോകത്തിലെ സൌന്ദര്യപൂജയുടെ ഒരളവുനോക്കുക!

### അടുത്തലക്കത്തിൽ.

അച്ചുവിന്റെ

സാമ്പിൾവക്കീലാഫീസ്

രണ്ടാംഭാഗം.

കുഞ്ഞങ്കരച്ചാരുടെ സ്വപ്നാവലിയും, കൂട്ടുവക്കീലന്മാരുടെ "ട്രെൽ"ശ്രമങ്ങളും, അനന്തിരവൻ കുമാരുവിന്റെ ആഗമനരഹസ്യവും, അളിയൻ വേലുച്ചേട്ടന്റെ സ്ഥാനവലിപ്പവും മററും അടങ്ങിയ

'സന്നതുദിനം'

# വിവിധവിഷയങ്ങൾ.

(ആറന്മുള എസ്സ്. രാഘവൻപിള്ള)

## നിരാലംബശബ്ദവാഹി.

ആ ചിന്താതന്ത്രവിജിഗീഷുവായ ഇത്താലിയൻ,- മാർക്കോണി സ്വപ്നദർശനംപോലുംചെയ്യാത്ത അനേകായിരം വിശേഷച്ചെയ്ത്തികൾക്ക്; അദ്ദേഹം കണ്ടുപിടിച്ച നിരാലംബശബ്ദവാഹി (കമ്പിയില്ലാക്കമ്പി) സൂത്രം ഇന്നു ഉപകരിക്കുന്നുണ്ട്. കഴിഞ്ഞ ലോകമഹായുദ്ധംമുതല്ക്കാണ് കമ്പിയില്ലാക്കമ്പിക്കു സർവ്വസാധാരണമായ പ്രചാരം സിദ്ധിച്ചതു്. ഉത്തരധ്രുവത്തിൽനിന്നും ദക്ഷിണധ്രുവത്തിലോട്ടു വാർത്താവിനിമയം ചെയ്യുവാൻ കമ്പിയില്ലാക്കമ്പിപ്പദ്ധതിക്കു "നിമിഷം"തന്നെ ആവശ്യമില്ല. ആകാശത്തു പറന്നുപോകുന്ന വിമാനം ഇന്നു ഭൂമിയിൽ നില്ക്കുന്നവരുമായി സംസാരിക്കുന്നതും, മഹാസമുദ്രങ്ങളെ തരണംചെയ്യുന്ന കപ്പലുകൾ, ലോകത്തിൽ ഏതുമൂലയിലിരിക്കുന്നവരുമായി വെടിപറഞ്ഞു വിനോദിക്കുന്നതും, വികാസംപ്രാപിച്ച മാർക്കോണിയുടെ പ്രസ്ഥാനവിശേഷംമൂലമാണെന്നു പറയാം. അമേരിക്ക മുതലായ പരിഷ്കൃതനാട്ടുകാർക്കു ഭക്ഷണംപോലെ ഒഴിച്ചുകൂടാൻപാടില്ലാത്ത ഒന്നായിത്തീർന്നിരിക്കുന്ന ഈ ശബ്ദതരംഗവാഹിയന്ത്രത്തെ അവർ പലതരത്തിൽ ഇന്നു ഉപയോഗിച്ചുവരുന്നു. "റേഡിയോടെലഫോൺ" എന്നുകൂടി പറഞ്ഞുവരുന്ന ഈ കമ്പിയില്ലാക്കമ്പി, അമേരിക്കയിലെ മിക്കവീടുകളിലും സ്ഥാപിച്ചിരിക്കുന്നു. സകല പബ്ളിക്കാഫീസുകളും വീടുകളുമായി അമേരിക്കർ, റേഡിയോടെലഫോൺ സംഘടിപ്പിച്ചിട്ടുണ്ട്. പാശ്ചാത്യവും, പൗരസ്ത്യവുമായ ദിക്കുകളിലുള്ള സകല കപ്പലുകളിലും വ്യോമയാനങ്ങളിലും കമ്പിയില്ലാക്കമ്പി സ്ഥാപിതങ്ങളായിട്ടുണ്ട്. "റേഡിയോടെലഗ്രാഫും" "റേഡിയോടെലഫോണും" എന്നു രണ്ടുതരത്തിൽ മാർക്കോണിസിസ്റ്റത്തെ ഉപയോഗിച്ചുവരുന്നു. ലണ്ടനിലൊ, ന്യൂയോർക്കിലൊ നടത്തുന്ന ഒരു പ്രസംഗമൊ, സംഗീതമൊ നമുക്കു നമ്മുടെ വീട്ടിലിരുന്നു ശരിക്കു കേൾക്കുവാൻ സാധിക്കുന്ന ഏർപ്പാടു റേഡിയോടെലഫോണും, അവിടെനിന്നും നമ്മുടെവീട്ടിൽ വന്നുചേരുന്ന ക്ലിപ്തഭാഷയായ അക്ഷരസമൂഹങ്ങൾ റേഡിയോടെലഗ്രാഫിയും ആകുന്നു. അതായതു ഇന്നു നമ്മുടെ നാട്ടുകളിൽ സാധാരണ ഉപയോഗത്തിലിരിക്കുന്ന ടെലഗ്രാഫും, ടെലഫോണും, കമ്പികൂടാതെ നടത്തുന്നതാണ്, റേഡിയോമൂലം ഇന്നു നിലവിലിരിക്കുന്ന കമ്പിയില്ലാക്കമ്പിസൂത്രം.

ടെലഗ്രാഫ്, ടെലഫോൺ ഇവ കമ്പിമാർഗ്ഗം (സാലംബം) നടത്തിപ്പോരുന്നതുപോലെ 'മാർക്കോണി'യുടെ കണ്ടുപിടുത്തത്തെ വിസ്തൃതവും സുഗമവുമാക്കി പുതിയപുതിയ യന്ത്രവിശേഷങ്ങളെ കൂട്ടിച്ചേർത്തു കമ്പിക്കു പകരം 'ഈതർ'വഴി നടത്തുന്നു. ടെലഗ്രാഫ് എഴുതിക്കൊടുക്കുന്നതിനെ ചലനവിശേഷത്താൽ ദൂരെയിരിക്കുന്നവരെ ലിപികാമാർഗ്ഗമായി അറിയിക്കുന്നു. 'ടെലഫോൺ' ദൂരെയിരിക്കുന്നവരെ ശബ്ദരൂപത്തിലും വൃത്താന്തങ്ങൾ അറിയിക്കുന്നു- കമ്പിയില്ലാക്കമ്പി, മുൻപറഞ്ഞ ഫോൺസിസ്റ്റത്തെയാണു സർവ്വപ്രധാനമായി ഇന്നു വഹിച്ചുപോരുന്നതു്. പ്രസംഗം സംഗീതം മുതലായവയെ അപ്പോലെകേൾപ്പിക്കുന്നതു ഫോൺസിസ്റ്റമാണെന്നു വിവക്ഷ. വെള്ളംകിടക്കുന്ന ഒരുകുളത്തിലോ തടാകത്തിലോ ഒരുകല്ലെടുത്തെറിയുക. അപ്പോൾ നാനാഭാഗത്തേക്കും ജലചലനം (ഓളം) ഉണ്ടാകുന്നതു നമുക്കു് അനുഭവബോധ്യമാണല്ലോ. അങ്ങിനെ മുറയ്ക്കു ജലത്തെ ചലിപ്പിച്ചുകൊണ്ടിരുന്നാൽ ഒന്നിനു പുറകേ ഒന്നായി ആ ജലത്തിന്റെ മേൽഭാഗം തുടരെ തുടരെ ചലിച്ച്, ആ തടാകമോ, കുളമോ സർവ്വത്ര ചലിച്ചുകൊണ്ടിരിക്കും. അതുപോലെ പഞ്ചഭൂതം മുഴുക്കെ നിറഞ്ഞിരിക്കുന്ന 'ഈതർ' എന്ന അവസ്ഥാവിശേഷം ലോകത്തുണ്ടാകുന്ന ശബ്ദസമൂഹങ്ങളെ ലോകമൊട്ടുക്കു പരത്തുന്നു. പഞ്ചഭൂതങ്ങളിൽ ഈതർ അധികം അടങ്ങിയിരിക്കുന്നതു് ആകാശഭൂതത്തിലാണുപോൽ. വായുവിൽ — ആകാശത്തിൽ - വിലയിക്കുന്ന ശബ്ദസമൂഹങ്ങളെ— വായുവിൽ, 'തിര'കണക്കേ 'ചലനസഞ്ചാരണം' ചെയ്യുന്ന ശബ്ദസമൂഹത്തെ - ആകർഷിച്ചു സ്വായത്തമാക്കി നമ്മെ കേൾപ്പിക്കുന്ന ഒരു ഏർപ്പാടൊ, അവസ്ഥയൊ, വിദ്യയൊ ആണ് കമ്പിയില്ലാക്കമ്പി നിർവ്വഹിക്കുന്നതു്. വായുവിൽ അഥവാ ആകാശത്തിൽ ലയിക്കുന്ന ശബ്ദതരംഗസമൂഹത്തേ, ശബ്ദരൂപത്തിൽതന്നെ ആകർഷിക്കുന്ന ഒരു മാർഗ്ഗമാണ് റേഡിയോ(ടെല)ഫോൺ. ശബ്ദതരംഗത്തെ ഈതറിൽ ശക്തിയായി വ്യാപിപ്പിക്കുവാൻ യന്ത്രവിശേഷം ഉപകരിക്കുന്നതുപോലെ ആ ശബ്ദലയത്തെ ഈതറിൽനിന്നും വീണ്ടും രൂപീകരിച്ചു നമ്മെ കേൾപ്പിക്കുന്നതിനും യന്ത്രവിശേഷം ആവശ്യമാണ്.

ലണ്ടനിലോ, ന്യൂയോർക്കിലോ വൈദ്യുതടെലഫോൺ സ്ഥാപിച്ചിട്ടുള്ള സ്ഥാനത്തുനിന്നു ഒരാൾ പ്രസംഗം ചെയ്കയോ പാട്ടുപാടുകയോ ചെയ്താൽ ആവിധ യന്ത്രങ്ങൾ സ്ഥാപിച്ചിട്ടുള്ള ഏതൊരു സ്ഥാനത്തും ആ പ്രസംഗമോ, പാട്ടോ കേൾക്കാവുന്നതാകുന്നു-

ബാംബേനഗരിയിൽ ഒരു പാട്ടുകച്ചേരി നടത്തുന്നു എന്നു വിചാരിക്കുക. 'സാ'എന്ന അക്ഷരം ഉച്ചരിക്കുമ്പോൾതന്നെ റേഡിയോയന്ത്രം; 'സാ' എന്ന അക്ഷരം 'രി' എന്നു് അവിടെ തുടങ്ങുന്നതിനു മുമ്പുതന്നെ നമ്മെ കേൾപ്പിക്കുന്നു വൈദ്യുതശക്തി സെക്കൻഡിൽ 170000 മയിൽ ദൂരംവരെ സഞ്ചരിക്കുന്നു അതു 'ഈതർ' എന്ന മാർഗ്ഗവിശേഷത്തിൽ കൂടിയാണ്. ശബ്ദം ആ വൈദ്യുതശക്തിയോടു സംയോജിക്കുമ്പോൾ ശബ്ദത്തിന്റെയും വേഗം ലക്ഷത്തിഎഴുപത്തൊറായിരം മയിലാകുന്നു. മലയോ, ജലമോ, ആ മാർഗ്ഗത്തിൽ ഉണ്ടായിരിക്കാം. അതുകൊണ്ടൊന്നും ആ 'സൗദാമിനി'യ്ക്കു ഗതിമാന്ദ്യം ഉണ്ടാകുന്നില്ല. എലക്ട്രിസിററിക്കു് അല്പം വ്യയം ഉണ്ടാകുമെന്നുമാത്രം. വിദ്യുൽപ്രവാഹത്തിന്റെ ശക്തിയെ സ്വാധീനം ചെയ്തു് പാശ്ചാത്യനാട്ടുകാർ ചെയ്തുപോരുന്ന കൃത്യങ്ങൾ ബഹുസഹസ്രങ്ങളത്രേ.

മിസ്റ്റർ 'മാർക്കോണി'യാണു കമ്പിയില്ലാക്കമ്പിസൂത്രം കണ്ടുപിടിച്ചതെന്നിരുന്നാലും അതിന്റെ പ്രയോഗവൈവിധ്യങ്ങളുടെയും മററുപല സുഗമപരിഷ്കൃതികളുടെയും ഉടമസ്ഥർ അമേരിക്കർ (U. S. A) തന്നെയാണ്. അവർ, ഐക്യഅമേരിക്കയുടെ തലസ്ഥാനനഗരിയായ "വാഷിംഗ്ടൺ"നഗരിയിൽ ഒരു സ്റ്റേഷൻസ്ഥാപിച്ചു. രണ്ടായിരവും മൂവായിരവും നാഴികദൂരെ വേറെ ചില സബ്സ്റ്റേഷനുകളും സ്ഥാപിച്ചു വാർത്താവിനിമയം സാധിച്ചുപോന്നു. ഇന്നാകട്ടെ, അമേരിക്ക, ഇംഗ്ലണ്ട്, ജർമ്മനി, ഫ്രാൻസ്, ഇററലി, ജപ്പാൻമുതലായരാജ്യങ്ങളിലെ വൈദ്യുതവൈചിത്ര്യചിന്തകന്മാർ പലപല നവീനതകളും വരുത്തിയിട്ടുണ്ട്. കടലിലും കരയ്ക്കും, ആകാശത്തും, കമ്പിയില്ലാക്കമ്പിയുടെ അത്യാവശ്യം അപരിഹാര്യമായിത്തീർന്നിരിക്കുന്നു. ഗവർണ്മെന്റുകളും, ജനങ്ങളും കമ്പിയില്ലാക്കമ്പിയേ ധാരാളമായി ഉപയോഗിച്ചുവരുന്നു. പൊതുജനങ്ങളുടെ ആവശ്യാർത്ഥമുള്ള "പബ്ളിക്കുബ്രോഡ്കാസ്റ്റിംഗുസ്റ്റേഷൻസ്" ഇന്നു ലോകത്തിൽ അനേകസഹസ്രംഉണ്ട്.

ചലനചിത്രയന്ത്രങ്ങൾ - സിനിമ നമ്മുടെനാട്ടിൽപോലും പ്രചാരത്തിലായിട്ടുണ്ടല്ലൊ. സിനിമായിൽ പടങ്ങളുടെ സംഭാഷണം നിർവ്വഹിക്കുന്നതും "റേഡിയോ ടെലഫോൺ' എന്ന ശബ്ദവാഹിയന്ത്രം കൊണ്ടാണ്. ഇതുമുഖാന്തിരമായിത്തന്നെ ഫോട്ടോകൾകൂടി അയയ്ക്കാമെന്നു വന്നിരിക്കുന്നു. ഇനി ഏതെല്ലാംഅത്ഭുതപ്രവൃത്തികൾ വൈദ്യുതശക്തിമൂലം നടത്തുവാൻ പോകുന്നുവെന്നു ആർകണ്ടു? വിജ്ഞാനവികാസം അതിന്റെ ഉച്ചനിലയിൽഎത്തിവരുന്ന ഈ ലോകത്തിൽ 'അസാദ്ധ്യം' എന്നൊരുപദം ഉപയോഗമില്ലാതെ ഉപേക്ഷിക്കേണ്ടിവന്നേക്കാം.

---

## ശവകുടീരശിലകൾ.

—o—

ഹിന്ദുക്കൾ 'ശവകുടീര' സ്ഥാപനക്രമത്തിൽ വൈമുഖ്യമുള്ളവരാണ്. മററു സകലജാതിമതസ്ഥരും ശവശരീരസൂക്ഷിപ്പിലും, അതിന്റെ സ്മാരകസ്ഥാപനയിലും ഉൽസുകരത്രെ. ബൌദ്ധർ, മുഹമ്മദീയർ, ക്രിസ്തുവർ മുതലായ വിഭാഗക്കാർ ശവകുടീരനിർമ്മാണത്തിൽ ശ്രദ്ധിച്ചിരുന്നു. മുഹമ്മദീയർ ഇൻഡ്യാഭരണം നടത്തിവന്നിരുന്ന കാല

ങ്ങളിൽ ഒട്ടധികം സ്മാരകങ്ങൾ നിർമ്മിച്ചിട്ടുണ്ട്. "താജ്മഹാൾ" എന്ന ചരിത്രപ്രസിദ്ധശവകുടീരം, ലോകത്തിനു മാർഗ്ഗദർശകമായി ലോകരുടെ അത്ഭുതത്തെ അപഹരിച്ച് ആഗ്രയിൽ സ്ഥിതിചെയ്യുന്നു. കുളിർമയും, വെണ്മയും ഏറിയ മാർബിൾ (രാജപുത്താൻരാജ്യത്തിൽചേർന്ന ആരാലിപർവ്വതസാനുവിൽ കിട്ടുന്ന ഒരുതരം സ്ഫടികതുല്യശില)ക്കല്ലുകളാലും, രത്നങ്ങളാലും, വിചിത്രനിർമ്മാണംചെയ്യിട്ടുള്ളതും അനേകലക്ഷം പവൻ ചിലവുവന്നിട്ടുള്ളതുമായ ആ മഹാമണിമന്ദിരം ഭാരതഭൂമിയുടെ അഭിമാനകേന്ദ്രമായി പരിലസിക്കുന്നു. പ്രതിദിനം 20000 വേലക്കാരുടെ 30 വർഷത്തെ പ്രയത്നഫലമായ ആ 'മോഹനസൌധം' 250-ൽപ്പരം വർഷങ്ങൾക്കുമുമ്പു മുഗളചക്രവർത്തിയായ ഷാജഹാൻ തന്റെ ഭാര്യയുടെ ഓർമ്മയ്ക്കായി പണിയിച്ചിട്ടുള്ളതാണത്രേ. ഇന്നും അനേകം സന്ദർശകരെ ആകർഷിച്ചുകൊണ്ടു ലസിക്കുന്ന ആ കുടീരം "ഇന്നുകാണുന്നവർക്ക് ഇന്നലെ പണിക്കുറതീർന്നതു" എന്നു തോന്നുംപോൽ. യൂറോപ്പ്, അമേരിക്ക, ആഫ്രിക്ക മുതലായ ദേശാന്തരങ്ങളിലും നയനമോഹനങ്ങളായ ശവകുടീരങ്ങൾ ഉള്ളതായി പത്രലോകം പരസ്യം ചെയ്യുന്നു.

ഈ ലേഖനത്തിനു വിഷയമായ ഈജിപ്റ്റിലെ ശവകുടീരങ്ങൾ ഒരു പ്രത്യേകതരത്തിൽ പണിയപ്പെട്ടിരിക്കുന്നു. അനേകശതം അടി ഉയരത്തിൽ പാറയിൽ പണുതുതീർത്തിരിക്കുന്ന കുടീരങ്ങൾ യഥാർത്ഥത്തിൽ ചെറുപർവ്വതങ്ങൾതന്നെയാണ്. ശവത്തിനു ജീവിക്കുവാൻ ഈജിപ്റ്റിലെ പുരാതനരാജാക്കന്മാർ പണിയിച്ചിട്ടുള്ള സ്മാരകങ്ങൾക്കു ചിലവിട്ടിട്ടുള്ള ധനത്തിനു അളവേയില്ല. മിസ്രയിൽ (ഈജിപ്റ്റിനുള്ള ബൈബിൾപേർ) രാജാക്കന്മാർ ശവകുടീരകാര്യത്തിൽ വലിയ ഭ്രമമുള്ളവരായിരുന്നു. ഏകദേശം നാലായിരം കൊല്ലങ്ങൾക്കു മുമ്പു തീർത്തിട്ടുള്ള സ്മാരകവിശേഷങ്ങളാണ് അവകളെന്നു ഇന്നത്തെ നിരീക്ഷകന്മാർ അഭിപ്രായപ്പെടുന്നു. മരണാനന്തരം ആത്മാവിന് എന്തൊക്കെയോ ചെയ്യാൻ കഴിവുണ്ടെന്നോ; സൂക്ഷിച്ചിരിക്കുന്ന ശവശരീരത്തിൽ ആ ചൈതന്യം പ്രവേശിക്കുമെന്നോ ഒക്കെ ചില വിചാരങ്ങൾ ഉണ്ടായിരുന്നിരിക്കണം. ചക്രവർത്തിമാരുടെ അരമനയേക്കാൾ മനോഹരമായി അലങ്കരിച്ചിട്ടുള്ള ശവകുടീരങ്ങൾ അപൂർവ്വമല്ല.

മിസ്രയേൽ രാജാക്കന്മാരുടെ ശവകുടീരങ്ങളും, ശവക്കല്ലറകളുമാണ് ഈജിപ്റ്റിലെ നീലനദിയിൽക്കൂടി പ്രയാണംചെയ്യുന്ന കപ്പൽക്കാരെ അത്ഭുതസരസ്സിൽ ആറാടിച്ചുകൊണ്ടു വിയന്മണ്ഡലത്തെ വിശ്ലേഷിച്ചു നിൽക്കുന്നതു്. അവസാനമിസ്രയേൽരാജാവായ 'തുത്തും കുമാര'ന്റെ ശവക്കല്ലറയാണ് ഈജിപ്റ്റിലെ സ്മാരകങ്ങളിൽ ഭീമമായിക്കാണപ്പെടുന്നതു്. അദ്ദേഹം പിൻഗാമികളില്ലാതെയാണ് "നാടുനീങ്ങി"യതു്. സ്വന്തം വകയും 'ചെല്ലംവകയു'മായി ആ ചക്രവർത്തിക്കുണ്ടായിരുന്ന സകല നിക്ഷേപങ്ങളും രത്നങ്ങൾ, സ്വർണ്ണക്കട്ടികൾ, നാണ്യങ്ങൾ—ശവത്തോടൊപ്പം അദ്ദേഹത്തിന്റെ ശവകുടീരത്തിൽ വെയ്ക്കുതന്നെ ചെയ്തു- കുമാരന്റെ ശവസ്ഥൂണത്തിന്റെ ചുവടു ആറേക്കർ ഭൂമിയെ അപഹരിച്ചിരിക്കുന്നു. ചുവട്ടിൽ വണ്ണംകൂടി മേല്പോട്ടു വണ്ണം കുറഞ്ഞുകുറഞ്ഞു് വളരെ ഉയർന്നു നില്ക്കുന്നു. വട്ടത്തിലൊ, കോണോടുവട്ടത്തിലൊ നില്ക്കുന്ന ആ സ്ഥാപനങ്ങൾ ഒരു മലയുടെ സാനുപ്രദേശത്തു സ്ഥിതിചെയ്യുന്നു. തുത്തുംകുമാരന്റെ കാലത്തിനു മുമ്പുണ്ടായി നശിച്ച രാജാക്കന്മാരെ അടക്കിയിട്ടുള്ള കല്ലറകൾ കുത്തിത്തുറന്നു അതിലുള്ള നിക്ഷേപങ്ങൾ കള്ളന്മാർ കൈവശപ്പെടുത്തിവന്നിരുന്നു. അങ്ങിനെ വരാതിരിക്കുന്നതിനാണു തുത്തുംകുമാരന്റെ രാജവംശപരമ്പര'പിരമിഡുകൾ' എന്നറിയപ്പെടുന്ന മഹാകുടീരങ്ങൾ കരിംകല്ലു തുരന്നു നിർമ്മിച്ചുതുടങ്ങിയതു്.

"തുത്തുംകുമാരൻ"രാജവംശത്തിൽ ഉണ്ടായിട്ടുള്ള രാജാക്കന്മാർ, അഥവാ ചക്രവർത്തികൾ അവർ ജീവിച്ചിരിക്കുമ്പോൾത്തന്നെ കുടീരനിർമ്മാണംപൂർത്തിയായിരിക്കും. മരണാനന്തരം അവരുടെ ഇഷ്ടംപോലെ പിന്നുള്ളവർ പണിയിക്കുമോ? ഇല്ല. ഈ പരമാർത്ഥം അവർ ധരിച്ചിരുന്നു.

ചക്രവർത്തി രാജ്യഭരണം തുടങ്ങുമ്പോൾത്തന്നെ ശവക്കല്ലറയ്ക്കു "കല്ലിട്ടു" പണിതുടങ്ങുന്നു. ഇഷ്ടംപോലെ മനോഹരമാക്കി അലങ്കരിച്ചു സംതൃപ്തരാകുന്നു കല്ലറയിലെ പ്രധാനമുറിയുടെ ചുവരുകൾ സ്വർണ്ണക്കട്ടികളാൽ പടുത്തു് രത്നങ്ങൾ 'അമുഴ്ത്തി' മോഹനമാക്കി ശാട്ടിട്ടു സൂക്ഷിക്കുന്നു. ചക്രവർത്തി മരിച്ചുകഴിയുമ്പോൾ മന്ത്രിയും പുരോഹിതന്മാരുംകൂടി ശവശരീരത്തെ ഔഷധപ്രയോഗങ്ങളാൽ കേടുവരാത്ത 'മമ്മി'യാക്കി കല്ലറയിൽ സൂക്ഷിച്ചു ഭദ്രമായി അടയ്ക്കുന്നു. ഇയ്യിടയിൽ ഈജിപ്റ്റിലെ ആംഗലഗവർമ്മെന്റാൾ ഈ വലിയ തുത്തുംകുമാരകുടീരം കുത്തിത്തുറന്നു അകത്തുകടന്നു നാലായിരം കൊല്ലങ്ങൾക്കു മുമ്പുള്ള തുത്തുംകുമാരമമ്മി കാണുകയുണ്ടായി അതിൽ കണ്ട അമൂല്യവിഭവങ്ങൾ ലണ്ടൻകാഴ്ചബംഗ്ലാവിൽ സൂക്ഷിപ്പിനും അയച്ചു. ആ കല്ലറയിൽ ചെയ്തിരുന്ന ഔഷധത്തിന്റെ വിഷശക്തികൊണ്ടോ തുത്തുംകുമാരന്റെ മമ്മിയുടെ കോപംകൊണ്ടോ എന്തോ ആ കല്ലറതുറന്ന പ്രഭുവും ചില അനുചരന്മാരും അകാലമരമടഞ്ഞു

വടക്കേ അമേരിക്കയിലെ "മിണ്ടാവേദ"ക്കാർ മിണ്ടാവേദപ്രാണികളുടെ പ്രമാണിയായിരുന്ന ജോർജ്ജുവാഷിംഗ്ടന്റെ ഒരു സ്മാരകസ്തംഭമന്ദിരം 5000000 ഡാളർ ചിലവാക്കിപ്പണിയിച്ചിട്ടുള്ളതു വാഷിംഗടൺ നഗരിയെ അലങ്കരിച്ചുകൊണ്ടു പരിശോഭിക്കുന്നുണ്ടു്. അത്തരം മനോഹരവും ഉന്നതവുമായ ഒരു സൗധം ലോകത്തു മറെറങ്ങുമില്ലെന്നുകേൾക്കുന്നു. ഈ ജോർജ്ജുവാഷിംഗ്ടൺ ഐക്യഅമേരിക്കയിലെ പ്രസിഡന്റായിരുന്നു.

വടക്കേ അമേരിക്കയിലെ മേക്സിക്കോ എന്ന സ്വാതന്ത്ര്യനാട്ടിൽ രണ്ടായിരംകൊല്ലത്തെപ്പഴക്കമുള്ള ഒരു സ്മാരകമന്ദിരം ഉണ്ടു്. ൽ മയിൽ നീളമുള്ളതും ഒരു റയിൽവണ്ടിയുടെ ഭാഷയിൽ ഉണ്ടാക്കിയിട്ടുള്ളതുമായ ആ കുടീരത്തിൽ 200 മുറികൾ ഉണ്ടു്. രണ്ടററത്തും ഓരോ വാതിലുകളും അതിനുണ്ടു്. ഇരുനൂറോളം രാജാക്കന്മാരെ അതിനുള്ളിൽ അടക്കിയിട്ടുണ്ടു്.. കരിങ്കൽ ചതുരത്തുണ്ടുകളാൽ കെട്ടപ്പെട്ടിരിക്കുന്ന ആ നിളൻ കുടീരത്തിൽ കള്ളന്മാർക്കു പ്രവേശിക്കേണ്ട ആവശ്യമില്ല. യാതൊരു നിക്ഷേപങ്ങളും അവിടെ വച്ചിട്ടില്ല. "ജെമിലി"രാജാക്കന്മാരുടെ ശവങ്ങൾ അതിനുള്ളിൽ നഗ്നതയിൽ വച്ചു മുറി അടച്ചുകളകയായിരുന്നു പതിവു്. പത്തുവർഷത്തിനു മുമ്പു് ഇടിവെട്ടി ഒരു ഭാഗം തകർന്നുപോയതു മെക്സിക്കൻഗവർമ്മെന്റു പുനരുദ്ധരിച്ചു ശരിയാക്കി അതും പർവ്വതപ്രാന്തങ്ങളിൽ സ്ഥാപിച്ചിരിക്കുന്നു.

ആരായുന്നപക്ഷം അത്യത്ഭുതങ്ങളായവയും ചിന്താതീതവുമായ എത്രയെത്ര സ്ഥാപനങ്ങളെ വഹിച്ചുകൊണ്ടാണു് ഈ ഭൂമാതാ വിജയിച്ചുപോരുന്നതെന്നു നമുക്കു മനസ്സിലാക്കാം.

---


# ശ്രീമഹാഭക്ത ചരിതാമൃതം.

## കേരളഭാഷാഗദ്യം.

ഭക്തജനങ്ങളുടെ അമോഘമായ സമ്പത്തു്.

ഭക്തിപീയൂഷം വഴിഞ്ഞൊഴുകുന്ന ഈ പ്രബന്ധവിശേഷത്തിൽ നൂററിഒന്നു പുണ്യാത്മാക്കളുടെ ചരിത്രങ്ങൾ അടങ്ങിയിരിക്കുന്നു. അവാസ്തവങ്ങളായ ഐതിഹ്യങ്ങളെക്കൊണ്ടു ഗ്രന്ഥം സ്ഥൂലമാക്കിയിട്ടില്ല.

ഗ്രന്ഥം മുഴുവൻ എഴുതി തീരുംമുമ്പായി ഗ്രന്ഥകർത്താവിനു് സാക്ഷാൽ പണ്ഡരീപുരേശനായ ഭഗവാൻ ശ്രീകൃഷ്ണന്റെ ദർശനം ലഭിച്ചുവെന്ന അപൂർവ്വസംഭവത്തെ വിശ്വസിക്കുവാൻ വിഷമമെന്നു തോന്നുന്നുണ്ടെങ്കിൽ ഈ ഗ്രന്ഥം ശ്രദ്ധാപൂർവ്വം ഒരാവർത്തി വായിച്ചു സ്വാനുഭവത്താൽ ബോദ്ധ്യപ്പെടുവിൻ.

മലയാളഭാഷയിൽ 50-ൽ ശിഷ്ടം ഭക്തന്മാരുടെ ചരിത്രമേ ഇതേവരെ ഗ്രന്ഥരൂപത്തിൽ പുറത്തുവന്നിട്ടുള്ളു. 101-പേരുടെ ചരിത്രമടങ്ങിയ ഈ ഗ്രന്ഥം അതിൽ കുറഞ്ഞവിലയ്ക്കു കിട്ടുന്നു.

1-ാംഭാഗം വില രൂപാ 1. 2-ാംഭാഗം വില രൂപാ 1.
3-ാംഭാഗം വില രൂപാ 1. 4-ാംഭാഗം വില രൂപാ 1.

നാലുഭാഗങ്ങളും ഒന്നായി വാങ്ങുന്നവർക്കു് 3-രൂ. 8 ണ.

മാനേജർ, ശ്രീരാമവിലാസം ബുക്കുഡിപ്പോ കൊല്ലം.

# ദാരിദ്ര്യകൂപത്തിലെ സാഹിത്യസേവനം.

(വെംകുളം ജീ. പരമേശ്വരൻപിള്ള.)

സരസ്വതീദേവിയുടെ സ്വച്ഛന്ദലാസ്യം ഉള്ള ഹൃദയാരാമവേദികളിൽ ലക്ഷ്മീദേവി യഥേഷ്ടം വിഹരിക്കുന്നതല്ലെന്നുള്ളതു പ്രസിദ്ധമാകുന്നു. ലൌകികചിന്തകളും, വിശിഷ്യ സമ്പൽസമൃദ്ധജീവിതാശയുംകൊണ്ടു പരിപൂരിതമായിരിക്കുന്ന ഹൃദയത്തിൽ നിന്നു ലോകോത്തരങ്ങളും എക്കാലത്തും നിലനില്ക്കുന്നതും ആയ കവിതാനദി ഒഴുകിവരുന്നതല്ലെന്നുള്ളതു തീർച്ചയാണു്. ലളിതജീവിതം, ദീനാനുകമ്പ, മനുഷ്യസ്നേഹം ആദിയായ വിശിഷ്ടഗുണങ്ങൾ ഉത്തമകവിതകളുടെ ഉല്പാദനത്തിനു് അത്യന്താപേക്ഷിതമാണു്. നിസ്വാർത്ഥരായ കേരളവർമ്മവലിയകോയിത്തമ്പുരാൻ, രവീന്ദ്രനാഥടാഗോർ, വേർഡ്സ്വർത്തു് എന്നിങ്ങനെ അപൂർവ്വം ചില മഹാകവികളെ കാണ്മാൻ സാധിക്കുന്നില്ലെന്നില്ല; എന്നാൽ സാഹിത്യലോകത്തു ശാശ്വതമായി യശസ്സുനേടി ലാലസിച്ചുകൊണ്ടിരിക്കുന്ന കവിശിഖാമണികളിൽ ഭൂരിപക്ഷവും ദരിദ്രജീവിതം നയിച്ചു സങ്കടപ്പെട്ടിട്ടുള്ളവർ ആണെന്നു ചരിത്രം തെളിയിക്കുന്നുണ്ടു - സമ്പൽസഹായംകൊണ്ടു അനുഗൃഹീതമായി കീർത്തിധാവള്യംകൊണ്ടു പ്രശോഭിതമായിത്തീർന്നിട്ടുള്ള വംശങ്ങളിലെ മഹാകവികൾ ആ ഉന്നതപദം അലങ്കരിക്കുന്നതുതന്നെ അവരുടെ ലളിതജീവിതം, സഹജീവിസ്നേഹം ആദിയായവകൊണ്ടാണെന്നും കാണാവുന്നതാണു്.

ആദിമഹാകവിയായ ശ്രീവാല്മീകി, അഷ്ടാദശപുരാണങ്ങൾ വ്യാസംചെയ്ത വ്യാസൻ എന്നിവരുടെ കൃതികൾ ലോകമുള്ള കാലംവരെ നിലനില്ക്കുന്നതിനുള്ള പ്രധാനകാരണങ്ങളിലൊന്നു് ആ മഹർഷിപുംഗവന്മാരുടെ ലോകാതീതമായ വിശിഷ്ടജീവിതംതന്നെയാകുന്നു. ദരിദ്രജീവിതം സ്വയം സ്വീകരിച്ചിരുന്ന ആ മഹാത്മാക്കളെ ദാരിദ്ര്യരാക്ഷസി പരിപീഡനംചെയ്യാൻ സാധിക്കാത്തവിധം മനോനിയന്ത്രണം അവർ സാധിച്ചിട്ടുണ്ടായിരുന്നു എന്നുള്ളതു വാസ്തവമാണെങ്കിലും, ദാരിദ്ര്യം, സമ്പത്തു എന്നിവയ്ക്കു നാം സാധാരണസങ്കല്പിച്ചുപോരുന്ന അർത്ഥം അനുസരിച്ചുനോക്കുമ്പോൾ ഇവർ ദരിദ്രരായി ജീവിതതരണം ചെയ്തിരുന്നു എന്നേ നമുക്കു വിചാരിക്കാൻ നിവൃത്തിയുള്ളു.

യവനമഹാകവിപുംഗവനായ ഹോമർ അന്ധനും ദരിദ്രനും ആയിരുന്നു. ആഹാരം കഴിക്കുവാൻ യാതൊരു നിവൃത്തിയില്ലാതെ വിശപ്പുകൊണ്ടു കഷ്ടപ്പെട്ടു് ഏതാണ്ടൊരു നരകദുഃഖം അനുഭവിച്ചുകൊണ്ടായിരുന്നു ആ മഹാകവി തന്റെ കവിതകൾ വിരചിച്ചതു്. അതുകൊണ്ടാണു് സന്തപ്തഹൃദയത്തിൽനിന്നു ഉൽഗളിതമായ ആ പീയൂഷം മൂവായിരം സംവത്സരം കഴിഞ്ഞ ഈ ഘട്ടത്തിലും ലക്ഷോപലക്ഷം ജനങ്ങൾക്കു പരമാഹ്ലാദം നൽകി നിലനില്ക്കുന്നതു്.

കവിത എഴുതുന്നതിനു രാത്രി വിളക്കു കത്തിക്കുവാൻപോലും ധനസൌകര്യമില്ലാതിരുന്നതിനാൽ ട്ടാസ്സൊ എന്ന ഇററാലിയൻ കവി താൻ വളർത്തിവന്ന പൂച്ചയുടെ കണ്ണിൽനിന്നു പുറപ്പെട്ടുകൊണ്ടിരുന്ന പ്രകാശം ഉപയോഗപ്പെടുത്തി വന്നിരുന്നതായിക്കാണുന്നു. അഹോ! എന്തൊരു ഘോരദാരിദ്ര്യാനിലനിലാണു് ഈ മഹദാശയസമ്പന്നൻ എരിപൊരികൊണ്ടു് കഷ്ടപ്പെട്ടിട്ടുണ്ടായിരുന്നതു്! നിരന്തരമായി പട്ടിണികൊണ്ടു വലഞ്ഞു്, അതിൽനിന്നു പോംവഴി കണ്ടുപിടിക്കാൻ ശേഷിയില്ലാതെ ദയനീയമായിട്ടായിരുന്നു സ്പെയിനിലെ സെർവാൻസ് എന്ന മഹാകവി മരണമടഞ്ഞതു്. ഫ്രാൻസിലെ വാഗ്ലീസ് മഹാകവിയെ "മൂങ്ങ"യെന്നായിരുന്നു ജനങ്ങൾ വിളിക്കാറുണ്ടായിരുന്നതു്. പകൽ പുറത്തിറങ്ങി സഞ്ചരിക്കുന്നതായാൽ കടക്കാർ പിടികൂടി തടവിലിട്ടുകളയുമെന്നു ഭയപ്പെട്ടിരുന്നതുകൊണ്ടു്, ഇദ്ദേഹം രാത്രികാലങ്ങളിൽ മാത്രമേ പുറമേ സഞ്ചരിച്ചിരുന്നുള്ളുവത്രെ! "മൂങ്ങാക്കവി" എന്നൊരു കുത്സിതനാമധേയം ജനങ്ങൾ കൊടുത്തിരുന്നു എങ്കിലും ആ മൂങ്ങയുടെ മൂളൽ കേൾക്കുവാൻ ഇന്നും ആ ത്രയോലക്ഷം ജനങ്ങൾ തയാറായിരിക്കുന്നു. എന്നാൽ അദ്ദേഹത്തിനു് ഈ പേർ കൊടുത്തു അധിക്ഷേപിച്ചവരുടെ പേരുകൾ പോലും, അവരുടെ മരണത്തോടൊന്നിച്ചു ദേഹം മൺമറഞ്ഞതുപോലെ, വായുമണ്ഡലത്തിൽ ലയിച്ചുപോയിരിക്കുന്നു.

കോമളപദാവലികൊണ്ടു് സാഹിത്യരസികന്മാരെയും സാധാരണജനസഞ്ചയത്തെയും ഒന്നുപോലെ ആഹ്ലാദിപ്പിച്ചുകൊണ്ടിരിക്കുന്ന ഫെർഡൗസി എന്ന പേർഷ്യൻമഹാകവി എഴുതിയ "ഷാനാമ"യ്ക്കു് [illegible]ച്ചിരുന്നതുപോലുള്ള പ്രതിഫലം മഹമ്മദ് ഗസ്സ്നിയിൽനിന്നു കിട്ടാതിരുന്നതുനിമിത്തം നിരാശനും ലോകവിദ്വേഷിയും ആയി അദ്ദേഹം പട്ടിണികിടന്നു കഷ്ടപ്പെട്ടു് കാലാന്തരം പ്രാപിച്ചു. ജീവിതം മുഴുവനും ദാരിദ്ര്യദേവതയുടെ ആലിംഗനത്തിൽ അകപ്പെട്ടു ഞെരിഞ്ഞുതകർന്നുകൊണ്ടിരുന്നതിനിടയ്ക്കു് എഴുതിവിട്ട ആ കവിതകൾ പേർഷ്യൻഭാഷയ്ക്കു മാത്രമല്ല ലോകത്തിനുതന്നെ ഒരു അനശ്വരസമ്പത്തായി ഈ സഹസ്രസംവത്സരത്തിനുശേഷവും പരിലസിച്ചുകൊണ്ടിരിക്കുന്നു.

ആംഗലസാഹിത്യത്തിലേക്കു തിരിയുന്ന പക്ഷം ഒരുനേരത്തെ സുഖഭക്ഷണത്തിനു പോലും വകയില്ലാത്ത വാറണ്ടിനെ സദാ ഭയപ്പെട്ടു കഷ്ടപ്പെട്ടുകൊണ്ടിരുന്നിട്ടും ആ തപ്തബാഷ്പധാരക്കിടയിൽക്കൂടി കവിതകളെഴുതി കീർത്തിസമ്പാദിച്ച അനേകംപേരെ നമുക്കു കണ്ടുപിടിക്കാൻ പ്രയാസമില്ല. ഗദ്യത്തിലും പദ്യത്തിലും ഒന്നുപോലെ തൂലികാചലനം ചെയ്തുകൊണ്ടിരുന്നിട്ടും ഗോൾഡ്സ്മിത്തിനു് പ്രായപൂർത്തി വന്നതിനുശേഷം സിവിൽവാറണ്ടിനെ ഭയപ്പെടാതെ ഒരു മാസമെങ്കിലും ജീവിക്കാൻ സാധിച്ചിരുന്നോ എന്നുള്ളതു സംശയമാണു്. പട്ടിണികിടന്നും തടവുശിക്ഷ അനുഭവിച്ചും, ഉത്തമർണ്ണന്മാരുടെ കഠിനവാക്കുകൾ ശ്രവിച്ചും സങ്കടപ്പെട്ടുകൊണ്ടിരുന്നതിനിടയിൽക്കൂടി എഴുതിവിട്ട കഥകളും കവിതകളും വായിച്ചാൽ നമുക്കുണ്ടാകുന്ന പരമാനന്ദം അനിർവ്വചനീയമെന്നേ പറയേണ്ടൂ. 3000-പവന്റെ കടത്തോടുകൂടി മൃത്യുവശഗനായിത്തീർന്ന ആ മഹാകവിയുടെ നിന്ദിതവും എന്നാൽ ഉല്ലാസജനകവും ആയ മഹൽജീവിതം ആംഗലഭാഷയുള്ള കാലംവരെ നിലനില്ക്കുന്നതാണു്.

യൌവ്വനാരംഭംമുതല്ക്കു ഹൃദയാവർജ്ജകമായ കവിതകളെഴുതുന്നതിൽ പ്രഖ്യാതിസമ്പാദിച്ചിരുന്ന ബേൺസ ദാരിദ്ര്യവിവശനായി ക്ഷീണഗാത്രനായിത്തീർന്നിട്ടില്ലായിരുന്നു എങ്കിൽ അദ്ദേഹം നേരത്തേതന്നെമരണംപ്രാപിച്ചുപോകുന്നതല്ലായിരുന്നു. സന്തപ്തഹൃദയത്തിന്റെ അന്തർഭാഗത്തുനിന്നു പുറപ്പെട്ടുകൊണ്ടിരിക്കുന്ന നിശ്ശബ്ദഗാനങ്ങൾ ശ്രവിച്ചു് ആനന്ദിക്കാൻമാത്രമേ നിർവ്യ[illegible]ത്വം മൂർത്തീകരിച്ചിരിക്കുന്ന ഈ ലോകത്തിനു കൌതുകമുള്ളു. സുഖസമൃദ്ധമായി ജീവിതം നയിച്ചു, വിവിധവിഭവപരിപൂർണ്ണമാ[illegible] കിടന്നുറക്കംകഴിച്ചു് 'സപ്രമഞ്ച'ക്കട്ടിലിൽ [illegible] കവിതകൾ [illegible] എഴുതിവിടുന്നവരുടെ ക[illegible]ലോലുപരാ[illegible]ർക്കു് തീരെ ഇഷ്ടമില്ല. സ[illegible]വിതത്തിനുവേ[illegible]ഷ്യർ സദാ ആനന്ദജീ[illegible]ടികൾ പലതേ[illegible] കഷ്ടതാക്രൂടങ്ങൾതന്നെ ആനന്ദജീവിതചി[illegible]"കൊണ്ടിരുന്നിട്ടും, ആവശ്യം; അവർക്കു് [illegible]മല്ല അവർക്കു് [illegible]കപ്പെട്ടു് മറുകര കാണാതെ [illegible]ന്നിധിയിലെ ജീവികളുടെ ചരിതങ്ങൾ വായിക്കുന്ന സഹ[illegible]നാണു് കൂടുതൽ സന്തോഷം. [illegible]ദിക്കാ ജീവിതത്തിന്റെ ചിത്രീകരണം വിജയമായിത്തീരണമെന്നുണ്ടെങ്കിൽ ആനുഭവ[illegible]ത്വം അനുപേക്ഷണീയമായി ഉണ്ടായിരിക്കണമെന്നുള്ളതുകൊണ്ടാണു് ഇത്തരം ദാരിദ്ര്യദാവാനിലനിൽപെട്ട കവികോകിലങ്ങളുടെ സങ്കടഗാനങ്ങൾ ലോകർക്കു് ആനന്ദസന്ദായകമായിത്തീർന്നിരിക്കുന്നതു്.

എക്കാലത്തും ആംഗലസാഹിത്യചക്രവർത്തിയായിരിക്കാൻതക്കവണ്ണം ധിഷണാസമ്പത്തും, കവിതാവാസനയും, ആശയസമൃദ്ധിയും, വിമർശനപടുത്വവും എല്ലാം ഒത്തിണങ്ങിവിളങ്ങിയിരുന്ന ഡാക്ടർ ജാൺസൻ 300-പവൻ വാർഷികപെൻഷൻ സർക്കാരിൽനിന്നു അനുവദിച്ചുകിട്ടിയതുവരെ, അതായതു് ഏകദേശം 54-ാംവയസ്സുവരെ, ദരിദ്രലോകചക്രവർത്തിയായി കഴിഞ്ഞുകൂടിയിരുന്നു എന്ന വാസ്തവം ഭുവനപ്രസിദ്ധമാണു്. ഇംഗ്ലീഷ് ഭാഷയിൽ വ

പ്ലവും നവ്യവും ആയ ഒരു നിഘണ്ടു എഴുതി പണ്ഡിതസാർവ്വഭൌമനെന്നും സാഹിത്യലോകത്തിലെ അപ്രതിഷേധ്യനായകനെന്നും പുകൾപൊങ്ങിച്ചതിനുശേഷംപോലും ഒരിക്കൽ ക്ലബ്ബിലൂണുകഴിച്ച പണം കൊടുക്കുന്നതിനു നിവൃത്തിയില്ലാതെ ജാൺസനു ജയിലിലേക്കു പോകേണ്ടിവന്നു.

ജയിൽജീവിതം കൊണ്ടല്ലെങ്കിലും നിത്യദാരിദ്ര്യത്തിൽപെട്ടു് അനന്തദുരിതം അനുഭവിച്ചുകൊണ്ടിരുന്ന ഒരു മഹാനാണു് താമസ് കാർലൈൽ. സമാദരണീയമായ ഉപന്യാസങ്ങളും, നിശിതവും നിഷ്കൃഷ്ടവും ആയ വിമർശനങ്ങളും, സൂക്ഷ്മവും നിഷ്പക്ഷവും ആയ അന്വേഷണപ്രതിപാദനങ്ങളാൽ ആരാധ്യമായ ചരിത്രഗ്രന്ഥങ്ങളുംകൊണ്ടു നിരന്തരം സരസ്വതീപൂജ നടത്തിക്കൊണ്ടിരുന്ന ഈ മഹാപുരുഷന്റെ ജീവിതചരിതം പല കവികളുടേതിനേക്കാളും പാവനമായി, നിരവധിലക്ഷം ജനങ്ങൾക്കു മാതൃകാപരമായി സമുജ്വലിച്ചുകൊണ്ടിരിക്കുന്നുണ്ടു്.

ദരിദ്രജീവിതം നയിച്ചുകൊണ്ടിരുന്നപ്പോഴായിരുന്നു തുളസീദാസൻ തന്റെ സുപ്രസിദ്ധകവിതാമൃതമായ രാമായണം വിരചിച്ചതു്. മലയാളികളാരും മറക്കാത്ത കുഞ്ചൻനമ്പ്യാരുടെ ജീവിതത്തിൽ ഏറിയ ഭാഗവും ദാരിദ്ര്യത്തിൽ അകപ്പെട്ടിരുന്നു. ഒരു ചാക്കരിപ്പുഴത്തിനുവേണ്ടി തുള്ളൽകഥയെഴുതിക്കൊടുത്തിട്ടുള്ള ഈ മഹാകവി ദാരിദ്ര്യത്തിൽ ജീവിച്ചിട്ടുണ്ടായിരുന്നില്ലെങ്കിൽ ഇത്ര വൈശിഷ്ട്യമേറിയ കവിതകൾ രചിക്കുമായിരുന്നോ എന്നുള്ളതു സംശയമാണു്. മലയാളഭാഷയ്ക്കു അമൂല്യമായ പല സമ്പത്തും നല്കിയിട്ടുള്ള കയ്യൂരുളങ്ങര രാമവാര്യരുടെ ദാരിദ്ര്യം ആർക്കും അറിയാവുന്നതാണു്. ദീർഘജീവിതം അനുഭവിച്ചിരുന്നു എങ്കിൽ ഇന്നത്തെ പല മഹാകവികളോടൊപ്പമോ കൂടുതലോ പ്രശോഭിക്കുമായിരുന്ന വി. സി. ബാലകൃഷ്ണപ്പണിക്കർ 23-ാംവയസ്സിൽ മരിച്ചുപോയതിനാകം ആർക്കും ആനന്ദം നൽകുന്ന അനേകം കവിതകൾ രചിക്കുന്നതിനു സംഗതി ആയതു അദ്ദേഹം തരണം ചെയ്തു കൊണ്ടിരുന്ന ദരിദ്രജീവിതം നിമിത്തമാകുന്നു. പത്രാധിപരായിരുന്ന നാട്ടുകടത്തപ്പെട്ട കെ. രാമകൃഷ്ണപിള്ള പത്രലോകത്തിനും സാഹിത്യത്തിനും ആദർശപരമായി പലതും പ്രവർത്തിച്ചതു്, മററാരെയും പരുഷം വിഹീനരാക്കിത്തീർത്തുകളയുമായിരുന്ന ഘോരദാരിദ്ര്യത്തിനിടയ്ക്കായിരുന്നു.

ഇപ്രകാരം നോക്കുമ്പോൾ ദരിദ്രജീവിതം നയിച്ചുകൊണ്ടു സാഹിത്യലോകത്തിൽ ശാശ്വതയശസ്സഞ്ചയം സമാർജ്ജിച്ചിട്ടുണ്ടായിരുന്ന അനവധി അനുഗ്രഹീതപുരുഷന്മാരെ എല്ലാ രാജ്യത്തും എല്ലാ ഭാഷകളിലും കാണാവുന്നതാണു്. സാധാരണന്മാരെ നികൃഷ്ടമാംവണ്ണം അധഃപതിപ്പിച്ചുകളയുന്ന ദാരിദ്ര്യം ഈ സരസ്വതീദാസന്മാർക്കു് വിശിഷ്ടാശയോൽഗമനത്തിനു നിദാനമായ തീരുകയാണു ചെയ്തിട്ടുള്ളതു്. ദാരിദ്ര്യം പലരേയും അപകർഷത്തിലേക്കു എടുത്തെറിഞ്ഞുകളയുമെന്നുള്ളതു വാസ്തവംതന്നെ; എന്നാൽ അസാധാരണമായി വാസനാബലവും, അനുകരണീയമായ നിശ്ചയശക്തിയും അടക്കാൻ പാടില്ലാത്തവിധം പ്രവർത്തനോൽസുകതയും ഉള്ള സാഹിത്യാരാധകന്മാർക്കു ദാരിദ്ര്യം അവരുടെ ഹൃദയരത്നം ഉരച്ചു മേന്മ വർദ്ധിപ്പിക്കുവാനുള്ള നികഷമായിട്ടാണു തീർന്നിട്ടുള്ളതു്. അപ്രകാരമുള്ള ദാരിദ്ര്യത്തിനെ ബന്ധുവെന്നല്ലാതെ ശത്രു എന്നു് എങ്ങനെ പറയാം?

# നിശാഗീതം.

(സി മാധവൻപിള്ള.)

സുരപുരിയോടു്—എന്ന മട്ടു്.

പകലിൻവെണ്മയെപ്പുകഴുവനിരുൾ
ഘലലും ചെയ്തുപോന്നിതുവരെ
പരവശയവളറിയുമോയതു
പഴുതെയാണെന്ന പരമാർത്ഥം.

അലയാഴിക്കെഴു മരിയലാവണ്യ
മകത്തടക്കാമെന്നതിമോഹാൽ

കലുങ്ങിപ്പിന്നെയും കുണുങ്ങിയാടുന്ന
തടിനിത്തനാതിൻ നിലകേൾ

രജനി നീ മുഖം വളരെ വീപ്പിച്ചു
കറുത്ത ഭാവത്തെ വഹിക്കിലും

കരിങ്കുവലയമിഴി നിറഞ്ഞുവാ-
ന്നൊഴുകിയില്ലയോ ചുംബാഷ്പം.

അഭിമാനവതി ഭവതിയെന്നല്ലേ-
യിതുവെളിവായിതെളിയിപ്പൂ.

അതിപ്രതാപിയാം പകലിൻവെണ്മയെ
കൊതിച്ചുപോരുമിവൾ പാവം

നിജരമണന്റെ കളങ്കമീക്ഷിക്കു
ന്നിതുപോലും ലോകഗതിയെന്നോ!


ഓജസ്സിന്റെ ക്ഷയം
ആപൽകരമാണു്.

ദഹനശക്തിയെ വർദ്ധിപ്പിക്കുന്ന ഔഷധപാനീയമാണു്
നിങ്ങൾക്കാവശ്യമുള്ളതു്.

ഉഷ്ണമേഖലയിലെ കാലാവസ്ഥ മനുഷ്യന്റെ ചൈതന്യത്തെയും ആരോഗ്യത്തെയും ഹനിക്കുന്നു, ശരീരത്തിലെ ജീവൽഭാഗങ്ങളെയും സിരാശക്തിയെയും ക്ഷയിപ്പിക്കുന്നു, വേലചെയ്യുന്നതിനുള്ള ഉത്സാഹം അവരിൽനിന്നകററുന്നു, അവരുടെ അഭ്യുദയമോഹത്തെ ഉന്മൂലനംചെയ്യുന്നു.

നമ്മുടെ നാട്ടിലെ ഉഷ്ണാവസ്ഥയുടെ ഈ നാശഫലങ്ങളെ അമർത്തുവാൻ ശക്തിയുള്ളതാണു് എലംബിക്കിന്റെ ശക്തവും പ്രസാദഹേതുകവുമായ ദ്രാക്ഷാസവമെന്ന ടോണിക്ക് ഔഷധം. അതു ശരീരത്തിലെ സിരാചക്രങ്ങൾക്കു ചൈതന്യം നൽകുന്നു, ഞരമ്പുകൾക്കു ബലമുണ്ടാക്കുന്നു. പ്രവർത്തനശക്തിയുണ്ടാക്കുന്നു. ആരോഗ്യത്തിനു വ്യക്തമായ ജീവൽഭാഗങ്ങളിലെ അഭിവൃദ്ധി വേഗത്തിൽ ദൃശ്യമാവുകയും ചെയ്യുന്നു. ചൈതന്യം തിളയ്ക്കുന്നു. പ്രയത്നിക്കുവാനും പ്രവർത്തിക്കുവാനും നിങ്ങൾക്കു നിങ്ങളെ തടുക്കാൻപാടില്ലാത്തവിധം, സന്നദ്ധതയുണ്ടാകുന്നു.

"എലംബിക്"
ദ്രാക്ഷാസവ

ഓരോകുപ്പി ദ്രാക്ഷാസവത്തോടൊന്നിച്ചു് ഉപയോഗപ്രദവും കണ്ടാൽ കൌതുകംതോന്നിക്കുന്നതുമായ ഒരു കണ്ണാടിക്കുടി ഇനാമായി കൊടുക്കപ്പെടും.

എല്ലാ സ്ഥലങ്ങളിലും കിട്ടും.

*Sold Everywhere*

ALEMBIC CHEMICALS, BARODA, BOMBAY.

ചെറുകഥാപംക്തി

# വാദി പ്രതിയായി.

എം. എൻ. ഗോവിന്ദൻനായർ, ബി. എ. ബി. എൽ

ശ്രീ ചിത്തിരതിരുനാൾ മഹാരാജാവു തിരുമനസ്സിലെ കിരീടധാരണമഹോത്സവത്തോടനുബന്ധിച്ചു തിരുവനന്തപുരത്തു സജ്ജീകരിച്ചിരുന്ന 'ചിത്രനഗര'ത്തിൽ അന്നു വലിയ ആൾക്കൂട്ടമായിരുന്നു. അവിടുത്തെ ടൗൺഹാളിൽ 'ചൂലയർകളി' തകർത്തു കൊണ്ടിരിക്കുന്നു. സയൻസുകാളേജ്‌വക ശാസ്ത്രപ്രദർശനശാലയിൽ ചടപടാരവത്തോടുകൂടി വിദ്യുത്‌സ്ഫുലിംഗങ്ങൾ ചാടുന്ന കാഴ്ചകണ്ടു ജനക്കൂട്ടം അമ്പരക്കുന്നു. കൊടുങ്കാട്ടിലെ ലതാഗൃഹങ്ങളിൽനിന്നു ചിത്രനഗരത്തിലെ പ്രദർശനശാലയിലേക്കു സ്ഥലംമാററപ്പെട്ട വനവാസികളായ ചില മനുഷ്യജീവികൾ, കരയിലിട്ട മത്സ്യങ്ങളെപ്പോലെ കിടന്നു പിടയ്ക്കുന്നു. ഉത്സാഹവും, തിക്കംതിരക്കും, വിവിധശബ്ദസംഘട്ടനങ്ങളും, ആഹ്ലാദവും നിറഞ്ഞു കാണപ്പെടുന്നു.

പരിഭ്രാന്തനയനങ്ങളോടുകൂടിയ ഒരു ചെറുപ്പക്കാരൻ അവിടെയെല്ലാം അസ്വസ്ഥനായി ചുററിനടന്നിരുന്നു. ഒരു യുവവിദ്യാർത്ഥിക്കു ചേരുന്ന വേഷം അയാൾക്കുണ്ട്. ഖദർശാലയിൽനിന്നു വാങ്ങിച്ച ഒരു സഞ്ചി അയാൾ തൂക്കിപ്പിടിച്ചിരിക്കുന്നു. അതിൽ എന്തൊക്കെയോ സാധനങ്ങൾ പുറമേ മുഴച്ചുകാണാമായിരുന്നു. അയാളുടെ നടപ്പും ഭയചകിതമായ ദൃഷ്ടിയും കണ്ടാൽ ആരെയോ പേടിച്ചു അഭയസ്ഥാനം തിരക്കി ഓടുകയാണെന്നു ആർക്കും തോന്നിപ്പോകും. അയാൾ കൂടക്കൂടെ പുറകോട്ടു നോക്കിക്കൊണ്ടിരുന്നു.

ആ യുവാവു് അടുത്തുകണ്ട 'ജയഭാരതം' കമ്പനിയുടെ പ്രദർശനശാലയിലേക്കു കയറി. ഗോദ്റെജ്സോപ്പുകളുടെ പരസ്യങ്ങളിൽ ചിലതു അയാൾക്കുംകിട്ടി. അവിടെ മേശപ്പുറത്തിരുന്ന സോപ്പുകളിൽ രണ്ടെണ്ണം മററാരും അറിയാതെ അയാളുടെ കയ്യിലിരുന്ന സഞ്ചിയിലും സ്ഥലംപിടിച്ചു. അടുത്ത ശാലയിൽനിന്നു രണ്ടു സെൻറുകുപ്പികൾ യുവാവിൻെറ ചൗര്യവൈദഗ്ദ്ധ്യത്തിനു ഇരയായി. പിന്നീടു ഒരു സ്വദേശിവസ്ത്രാലയത്തിലേക്കാണു് അയാൾ കയറിയതു്. ഒരു ഷർട്ടിംഗിനു വിലപേശിക്കൊണ്ടു് അയാൾ നിന്നസമയംകൊണ്ടു് ഒരു കസവുനേര്യതു അയാളുടെ സഞ്ചിക്കുള്ളിലായി. 'വിലവളരെക്കൂടുതലാണല്ലോ' എന്നു പറഞ്ഞുകൊണ്ടു യുവാവു സ്റ്റാളിനു പുറത്തിറങ്ങി. യാദൃച്ഛികമായിട്ടെന്നപോലെ അയാൾ പുറകോട്ടു തിരിഞ്ഞുനോക്കി. രണ്ടു കണ്ണുകൾ തന്നെ സൂക്ഷിച്ചുനോക്കുന്നതായി അയാൾ കണ്ടു. മദ്ധ്യവയസ്കനായ ഒരു മേൽമീശക്കാരനായിരുന്നു ആ കണ്ണുകളുടെ ഉടമസ്ഥൻ. യുവാവിൻെറ പരിഭ്രമം ശതഗുണീഭവിച്ചു. അയാളുടെ തിരിഞ്ഞുനോട്ടത്തിൻെറ സംഖ്യയും വർദ്ധിച്ചു.

അയാൾ വേഗം നടന്നുചെന്നു സയൻസുകാളേജ്‌വക പ്രദർശനശാലയിലേക്കു കയറി. രസതന്ത്രവിഭാഗത്തിൽനിന്നു രണ്ടു ടെസ്റ്റ്ട്യൂബും കുറേ റബർകുഴലും അയാൾ എടുത്തു. അവിടെനിന്ന ഒരു വിദ്യാർത്ഥിയുടെ ഫൗണ്ടൻപേനയും അയാൾ സഞ്ചിയിലാക്കി. ഒന്നു തിരിഞ്ഞുനോക്കി. ആ മീശക്കാരൻ ശാലയുടെ വാതില്ക്കൽ നില്ക്കുന്നു. യുവാവു ധൃതിയിൽ നടന്നു ഫിസിക്സ്‌വിഭാഗത്തിൽനിന്നു ഒരു കമ്യൂട്ടേറർ അയാളുടെ കൈക്കുള്ളിൽ അമർന്നു. അവിടെനിന്നു അത്രയേ എടുക്കാൻ സാധിച്ചുള്ളു. അയാളെ പിന്തുടന്ന ആൾ നിഴൽപോലെ അടുക്കൽ നില്ക്കുന്നു! യുവാവുഓടി. അയാൾ ശാലയിൽനിന്നു പുറത്തേക്കു ചാടി. ആ ചാട്ടത്തിൽ അയാൾ ഒരു സഹജീവിയുടെ ദേഹത്തു ആഞ്ഞുമുട്ടി. അതു് ഒരു ഡാഫിക്കുകാൺസ്റ്റാബിളായിരുന്നു അടുത്തകാലത്തു പോലീസിൽചേന്ന ആ ചെറുപ്പക്കാരൻ, മരംപോലുള്ള ബൂട്ട്സ് ആദ്യമായി ഇട്ടു് ചതഞ്ഞുപൊട്ടിയ തൻെറ പാദങ്ങളോടു അനുകമ്പ പ്രദർശിപ്പിച്ചുകൊണ്ടു നിന്ന അവസരത്തിലായിരുന്നു നമ്മുടെ യുവാവു അയാളുടെ ദേഹത്തു ചാടിവീണതു് 'അയ്യോ!' എന്നുള്ള ഒരു നിലവിളി പോലീസ്ഗൌരവത്തെ അതിലംഘിച്ചു പുറപ്പെട്ടുപോയി. Excuse me, (ക്ഷമിക്കൂ) എന്നു സാന്ത്വനപ്പെടുത്തിയുംകൊണ്ടു യുവാവു പിന്നെയും മുമ്പോട്ടു പാഞ്ഞു. പെട്ടെന്നു അയാളുടെ വലതുകൈ ഒരു ലോഹമുഷ്ടിയിൽ അകപ്പെട്ടു. തന്നെ പിന്തുടന്ന മീശക്കാരൻ അത്രമാത്രം അടുത്തെത്തിയെന്നു് അപ്പോഴാണു യുവാവിനു മനസ്സിലായതു്.

"വരൂ എൻെറകൂടെ" എന്നു് മീശക്കാരൻ മുരമുരത്തു.

"ഇല്ല. നിങ്ങൾക്കു തെററിപ്പോയി. ഞാൻ ഒന്നും മോഷ്ടിച്ചിട്ടില്ല" എന്നു യുവാവു വിക്കിവിക്കി പറഞ്ഞു.

"മര്യാദയ്ക്കു വന്നില്ലെങ്കിൽ ഫലം അറിയാമോ?"

"അയ്യോ! അങ്ങുന്നേ, ഉപദ്രവിക്കല്ലേ! നിവൃത്തിയില്ലാഞ്ഞിട്ടു ചെയ്തുപോയതാണേ!"

"ആട്ടെ, ഇങ്ങോട്ടു കയറിനില്ക്കു്"

ഒരു സൈക്കിളും ഉന്തിക്കൊണ്ടു് അതിലേ നടന്ന ഒരു കാൺസ്റ്റബിൾ പതുക്കെ അവരെ അനുഗമിച്ചു. മീശക്കാരൻ യുവാവിനെയുംകൊണ്ടു ഒരു കെട്ടിടത്തിൻെറ മറവിലേക്കു മാറിനിന്നു.

"നിൻെറ സമ്പാദ്യം ഇങ്ങെടുക്കു്, കാണട്ടെ!"

അയാളുടെ സഞ്ചി മീശക്കാരൻ പിടിച്ചു പറിച്ചു. അതിലെ സാധനങ്ങൾ അയാൾ പരിശോധിച്ചു. അയാളുടെ മുഖത്തു സംതൃപ്തി കളിയാടി.

"എടാ! ഭോഷാ! നീ എന്നെ ഒരു പോലീസുകാരനാണെന്നു തെററിദ്ധരിച്ചു ഇല്ലേ? നമ്മുടെ രണ്ടുപേരുടെയും തൊഴിൽ ഒന്നുതന്നെ ഞാൻതന്നെ ജോലിചെയ്തു മടുത്തു. ഇനി ഏതായാലും നീ എനിക്കുവേണ്ടി ജോലിചെയ്തതിനു ഒരു സലാം! പൊയ്ക്കോ!"

അവരെ പിന്തുടന്ന പോലീസുകാരൻ അടുത്തെത്തി. യുവാവു ഒരു ചെറിയ ആംഗ്യംകാണിച്ചു മീശക്കാരൻെറ കൈകളിൽ വിലങ്ങുവീഴാൻ ഒരുമിനിട്ടേ വേണ്ടിവന്നുള്ളു. യുവാവു ചിരിച്ചുകൊണ്ടു പറഞ്ഞു.

"ഹേ! കിട്ടുപിള്ളേ! നമ്മുടെ രണ്ടുപേരുടെയും തൊഴിൽ ഒന്നല്ലെന്നു ഇപ്പോൾ മനസ്സിലായൊ? ഞാൻ ഒരുപുതിയ സി. ഐ. ഡി ഇൻസ്പെക്ടരാണു്."

"അങ്ങുന്നുമാത്രമേ കിട്ടുപിള്ളേ കളിപ്പിച്ചിട്ടുള്ളു. ഈ വിദ്യയിൽ കിട്ടുപിള്ള അടിയറവെച്ചിരിക്കുന്നു."

---


ജ്യൗതിഷം.

—o—

നിങ്ങളുടെ ഭാവിയെക്കുറിച്ചു് അറിയണമോ?

**'The Kerala Astrological Bureau'**

Quilon, Travancore, S. India.

ശരിയായി അറിയിച്ചുതരും.



**The ROYAL STUDIO PHOTOS - the BEST: & therefore the CHEAPEST.**

**P. J. Cherian, Durbar Artist & Photographer (Cochin)**

*Managing Proprietor:*

**THE ROYAL STUDIO, ERNAKULAM; Branch:- ALWAYE.**

# സർ മാക് ഫേഴ് സൻറാബേട്ട് സൻ.

## ലണ്ടൻ മെൽബോൺവിമാനമത്സരത്തിൻെറ ജനയിതാവു്.

വക്കം രാമകൃഷ്ണൻ—സിങ്കപ്പൂർ.

ലണ്ടൻ-മെൽബോൺ വിമാനമത്സരത്തെപ്പററി നമ്മിൽഅധികംപേരും അറിഞ്ഞിരിക്കുമെങ്കിലും, അതിനു് വേണ്ട ചിലവു് (15000 പവനും 500 പവൻെറ ഒരു സ്വർണ്ണക്കപ്പും) വഹിച്ച ദേഹവും ജനയിതാവുമായ മഹാനേപ്പററി അറിഞ്ഞിട്ടുള്ളവർ അത്ര അധികം ഉണ്ടാകുമെന്നു തോന്നുന്നില്ല. ആ അത്ഭുതപൂർവ്വമായ കൃത്യത്തിനു വേണ്ടി ഒരുമ്പെട്ട ആ അത്ഭുതപുരുഷൻെറ ജീവിതചരിത്രം ഒന്നു സംക്ഷിപ്തമായെഴുതാനാണു് ഈ ലേഖനംകൊണ്ടു് ഉദ്ദേശിക്കുന്നതു്.

ഒരാളിൻെറ പരിതസ്ഥിതി, അയാളുടെ അഭിവൃദ്ധിക്കു്, എത്രതന്നെ അനനുയോജ്യമായിരുന്നാലും, സ്ഥിരോത്സാഹവും, ആത്മവിശ്വാസവുംകൊണ്ടു്, അതിനെ തരണം ചെയ്തു്, തൻെറ പ്രാപ്യസ്ഥാനത്തെത്താൻ സാധിക്കുമെന്നുള്ളതിനു് സർ മാക്ഫേഴ്സൻെറ ജീവിതം ഒരു മകുടോദാഹരണമാണു്.

മാക്ഫേഴ്സനു ആറുവയസ്സുമാത്രം പ്രായമുള്ളപ്പോഴായിരുന്നു തൻെറ മാതാപിതാക്കളോടൊന്നിച്ചു്, മാക്ഫേഴ്സൻ ഇംഗ്ലണ്ടിലേക്കു പോയതു്. കേവലം ദരിദ്രന്മാരായിരുന്ന അവർ ഇംഗ്ലണ്ടിൽ ലയത്തു് (Leith) എന്ന സ്ഥലത്തായിരുന്നു താമസമുറപ്പിച്ചതു്. ആറുകൊല്ലത്തിനിടയിൽ, തൻെറ ജന്മഭൂമിയായ ആസ്ട്രേലിയായിലെ ഒരു വിദ്യാലയത്തിൽനിന്നും സാധ്യമാക്കിയ അഞ്ചാറുമാസത്തെ പഠനം മാത്രമേ, മാക്ഫേഴ്സനു് ലഭിച്ചിരുന്നുള്ളു. ഇംഗ്ലണ്ടിൽ ചെന്നതിനുശേഷവും, സ്കൂളിൽചേൻറു് പഠിക്കുന്നതിനു മാക്ഫേഴ്സൻെറ ദാരിദ്ര്യാവസ്ഥ അനുവദിച്ചില്ല.

അനുദിനവും, അതിരാവിലെ, മൂന്നുമണിമുതൽ, എഡിൻബെറോ തെരുവുകളിൽക്കൂടി, പേപ്പർ വില്പനക്കായി, ആ സാധുബാലനു് അലഞ്ഞുതിരിയേണ്ടിവന്നു. അതിനുശേഷമുള്ള മററു സമയങ്ങളിൽ, ബാർബർ ഷാപ്പുകളിൽ, മുഖക്ഷൗരം ചെയ്യിപ്പിക്കുന്നവർക്കു്, സോപ്പുതേയ്ക്കുന്ന ജോലിയിലും മാക്ഫേഴ്സൻ ഏപ്പെട്ടിട്ടുണ്ടു്. എന്നിട്ടും, തൻെറ വീട്ടിലെ ദാരിദ്ര്യത്തിൻെറ കാഠിന്യംമൂലം, ആഴ്ചയിൽ ഒരു ദിവസംമാത്രമേ, അവക്കു് ശരിയായ ആഹാരമുണ്ടായിരുന്നുള്ളു. മററു ദിവസങ്ങളിലെല്ലാം അപ്പവും, കഞ്ഞിയും (Porridge and bread) ആയിരുന്നു അവരുടെ ആഹാരം. അങ്ങിനെയിരിക്കുമ്പോൾ, മാക്ഫേഴ്സനു് ഒരു മിട്ടായിക്കടയിൽ ഒരു ജോലികിട്ടി. തനിക്കു, അതു്, അധികം പ്രിയമായിരുന്നുതാനും! എന്നാൽ, വേലകിട്ടി അധികംനാൾ കഴിയുന്നതിനു് മുമ്പു്, തൻെറ മാതാപിതാക്കന്മാർ, തിരിയെ മേൽബോണിലേക്കു് പോകാൻ തീച്ചയാക്കുകയും, അവരോടൊന്നിച്ചു് മാക്ഫേഴ്സനു് പോകേണ്ടതായിവരുകയുംചെയ്തു. മെൽബോണിലെത്തി അധികം താമസിക്കുന്നതിനു മുമ്പായി, മാക്ഫേഴ്സനു്, അവിടെയുള്ള ഒരു കശാപ്പുകടയിൽ ഒരു വേലകിട്ടി തൻെറ പുതിയ ജോലിയിൽ ആ പരിശ്രമശീലനു അത്ര തൃപ്തി തോന്നിയില്ല. താൻ മുമ്പുചെയ്തിരുന്ന "മിട്ടായിക്കട"യിലെ ജോലിയെപ്പററിയുള്ള വിചാരം, മാക്ഫേഴ്സൻെറ ഹൃദയത്തിൽസർവ്വത്ര വ്യാപരിച്ചുകൊണ്ടിരുന്നു അനവരതം, അതിനെപ്പററി വിചിന്തനംചെയ്തുകൊണ്ടിരിക്കുന്നതു് മാക്ഫേഴ്സൻെറ ഒരു ദിനചര്യയായിത്തീൻു. അതെ, ആ ബാലൻെറ ഹൃദയം, ആ 'മിട്ടായിക്കട' അത്രത്തോളം കവൻിട്ടുണ്ടായിരിക്കണം...!! ആ അഭിനിവേശം തന്നെയായിരിക്കണം, ആ യുവാവിൻെറ മനസ്സിനെ, ഒടുവിൽ മിട്ടായി വ്യാപാരത്തിലേക്കു, തിരിച്ചുവിട്ടതും!

അമ്മയുടെ അരിവെപ്പുപാത്രങ്ങളായിരുന്നു, മിട്ടായിനിർമ്മാണത്തിനു് ഉപയോഗിച്ച മാക്ഫേഴ്സൻെറ ആദ്യത്തെ ഉപകരണങ്ങൾ. കളിമുറി നിർമ്മാണാലയവും. അനുദിനവുമുണ്ടാക്കുന്ന മിട്ടായി വില്ക്കുന്നതിനായി, ഓരോ വീട്ടിൻെറ വാതൽതോറും, കൊട്ടുംവെയിലത്തുപോലും "വിളി"ച്ചുംകൊണ്ടുനടന്നു്, തൻെറ വില്പന ശരിയായനുഷ്ഠിച്ചുവന്നു. മാക്ഫേഴ്സൻെറ ഈ പ്രവൃത്തി, വെറും നേരംപോക്കായിട്ടാണു്, തൻെറ മാതാപിതാക്കൾക്കു് ആദ്യം തോന്നിയതെങ്കിലും, അതിൻെറ ക്രമപ്രവൃദ്ധമായ വളച്ചയിൽ, അവർ അധികം സന്തോഷിക്കുകയും, തങ്ങളുടെ പുത്രൻെറ സദുദ്യമത്തിൽപുത്രനെ സഹായിക്കുകയും ചെയ്തുതുടങ്ങി. അധികം താമസംകൂടാതെ, മൂന്നു ചക്രങ്ങളുള്ള ഒരു വണ്ടിയിലായി മാക്ഫേഴ്സൻെറ മിട്ടായിവില്പന അഞ്ചുവഷക്കാലംകൊണ്ടു, മൂന്നു മിട്ടായിനിർമ്മാണാലയങ്ങളും, നാല്പതു പ്രവൃത്തിക്കാരും, ഒരു സാമാനശകടവും, മാക്ഫേഴ്സൻെറ സ്വന്തമായിത്തീൻു. ആദ്യം പഞ്ചസാര 'പാണി'യാക്കുന്നതിനുപയോഗിച്ചിരുന്ന തൻെറ അമ്മയുടെ ചട്ടി, അന്നു് മാക്ഫേഴ്സനു വേണ്ടിവന്നില്ല!!

പലതരം മിട്ടായികൾ കൂടാതെ, ശ്രേഷ്ഠമായ മററു മധുരപലഹാരങ്ങളും, മാക്ഫേഴ്സൻ തൻെറ ഫാക്ടറിയിൽ നിർമ്മിക്കുകയും, തദ്വാരാ വ്യവസായം ഒന്നിനൊന്നു അഭിവൃദ്ധപ്പെട്ടുവരുകയുംചെയ്തു. 1901-ൽ ആസ്ട്രേലിയായിൽ ഫെഡറേഷൻ നടപ്പിലായതുനിമിത്തം, തീരുവ നിലയ്ക്കുകയും, അതു മാകഫേഴസൻെറ വ്യാപാരം പത്തിരട്ടിയായി വർദ്ധിക്കുന്നതിനു കാരണമായിത്തീരുകയും ചെയ്തു. കച്ചവടസംബന്ധമായി, ഇംഗ്ലീഷുകാരോടും മാക്ഫേഴ്സൻ ഇടപെടാൻ തുടങ്ങി. മാക്ഫേഴ്സൻെറ പതിവുകാർ (Customers) ഒരു ലക്ഷത്തിൽനിന്നു അൻപതുലക്ഷമായി വദ്ധിച്ചു. ആസ്ട്രേലിയൻകമ്പോളങ്ങളിലെ ഭീമമായ വില്പനയ്ക്കുപുറമേ, ഗ്രേററുബ്രിട്ടണിലും, മാക്ഫേഴ്സൻെറ മധുരപലഹാരങ്ങൾക്കു് പ്രചുരപ്രചാരമുണ്ടായി.

അന്നത്തെ കളിമുറി, ഇന്നു് മുപ്പതു് ഏക്കർ നിറഞ്ഞ 19 ഫാക്ടറികളായിത്തീൻിട്ടുണ്ടു്. അന്നത്തെ ത്രിചക്രശകടം, ഇന്നു് അനേകം ലോറികളും, ട്രക്കുകളും, മാത്രമല്ല ഒരു വിമാനമായിട്ടുകൂടി മാറിക്കഴിഞ്ഞിട്ടുണ്ടു്. ഏകദേശം ആറുമാസത്തിനു മുമ്പാണു്, മാക്ഫേഴ്സൻെറ രണ്ടു മോട്ടാർവണ്ടികൾ, കച്ചവടപ്രചാരത്തിനായി, ആസ്ട്രേലിയായിൽ പല സ്ഥലങ്ങളിലായി 12000 മൈലോളം സഞ്ചരിച്ചതു്. ഇപ്പോൾ ആയിരമായിരം ആളുകൾ മാക്ഫേഴ്സൻെറ ഫാക്ടറികളിൽ ജോലിചെയ്തുവരുന്നുണ്ടു്.

ഉത്തമപരിശ്രമിയായ മാക്ഫേഴ്സനു ഇപ്പോൾ 54 വയസ്സു പ്രായമായെങ്കിലും തൻെറ നേരിട്ടുള്ള മേൽനോട്ടത്തിൻകീഴിലാണു് ഫാക്ടറികളിൽ വേലനടന്നുവരുന്നതു്. ദിനവും "ജോലിവേഷ"ത്തിൽ ഓരോ ഫാക്ടറിയും, നടന്നു പരിശോധിക്കുന്നതിനു് ഈ മദ്ധ്യവയസ്കൻ ഒരു മുടക്കവും വരുത്തുന്നതല്ല. അനുദിനവും, അദ്ദേഹം വ്യായാമംചെയ്യുകയും, തണുത്തവെള്ളത്തിൽ മുങ്ങിക്കുളിക്കുകയും ചെയ്യുന്നു.

വ്യവസായജീവിതത്തിലെ, വൈഷമ്യമേറിയപാതകളെ വിജയപൂർവ്വം തരണംചെയ്ത മാക്ഫേഴ്സൻ Australian Colossus എന്ന പേരിലാണു് അറിയപ്പെടുന്നതു്. ആസ്ട്രേലിയായിലെ ധനാഢ്യന്മാരിൽ തലവനും, ദയാമൂത്തിയുമായ അദ്ദേഹം അധഃപതിച്ച പല കുടുംബങ്ങളുടേയും ആരാധനാവിഗ്രഹമാണു്. ആസ്പത്രി തുടങ്ങിയുള്ള ധർമ്മസ്ഥാപനങ്ങൾക്കായി, ഒരു ഭീമമായതുക ഇദ്ദേഹം ഇതിനകം ചിലവഴിച്ചിട്ടുണ്ടു്.

1928-മുതൽ 1930-വരെ, മാക്ഫേഴ്സൻ റാബേർട്ട്സൻ, പൊതുക്കാര്യങ്ങൾക്കായി 10000 പവനോളം പ്രദാനംചെയ്തിട്ടുണ്ടു്. Antartic Expedition-നുവേണ്ടി, 6000 പവൻ, ഡാഗ്ലസ്സ്മാസനെ (Sir Douglas Mawson) സഹായിച്ചതുനിമിത്തം പുതുതായി കണ്ടുപിടിക്കപ്പെട്ട സ്ഥലത്തിനു് സർ ഡാഗ്ലസ്സ്, മാക്റാബേട്ട്സൻലാൻഡു് (Robertson Land) എന്നാണു് നാമകരണം ചെയ്തിട്ടുള്ളതു്.

1932-ജൂൺമാസത്തിലാണു് മി. മാക്ഫേഴ്സൻറാബേർട്ട്സനു 'സർ' സ്ഥാനം ലഭിച്ചതു. വിക്ടോറിയാസ്റ്റേററിനായി, അദ്ദേഹം ചെയ്തിട്ടുള്ള ധനസഹായത്തിൻെറ തുക, ഇതിനകം 100000 പവനിലധികമായിട്ടുണ്ടു്. അദ്ദേഹത്തിൻെറ സമ്പത്തുകൊണ്ടു് മററുള്ളവരും നന്നാകണമെന്നുള്ള സദുദ്ദേശത്തോടുകൂടി അദ്ദേഹം ചെയ്തിട്ടുള്ള സൽകർമ്മങ്ങൾ അസംഖ്യങ്ങളത്രെ!

വിശ്വവിശ്രുതമായ മാക്റാബേട്ട്സൻ മിട്ടായിയും, മധുരപലഹാരങ്ങളും നിർമ്മിക്കുന്ന സർ മാക്ഫേഴ്സൻെറ ഫാക്ടറികൾക്കാകമാനം, 2500000 പവൻ നൽകുന്നതാണെന്നു്, ഒരിക്കൽ അദ്ദേഹത്തോടു് ഒരാൾ പറയുകയുണ്ടായിട്ടുണ്ടു്- 'നിവൃ

# ഭക്ഷണം ശരീരപോഷണമായി മാറുന്നതെങ്ങിനെ?

(ഡാക്ടർ എം. കെ. ഗോവിന്ദപ്പിള്ള, പൊൻകുന്നം)

ആഹാരം ശരീരപോഷണത്തിനാവശ്യമാണെന്നു നമുക്കേവക്കും അറിയാമെങ്കിലും, ആനന്ദത്തോടുകൂടി ഭക്ഷിക്കുന്ന ആഹാരസാധനം രൂപാന്തരപ്പെടുന്നതു് ഏതുവിധമാണെന്നു സാധാരണക്കാർ ചിന്തിക്കാറില്ല. വായിൽ പ്രവേശിക്കുന്ന ഭക്ഷണസാധനങ്ങൾ കുറേദൂരം സഞ്ചരിച്ചശേഷം മലമായി പുറത്തുവരുന്നതുനിമിത്തം യാത്രയിൽ പല മാററങ്ങളും സംഭവിച്ചിട്ടുണ്ടെന്നു നിസ്സംശയം അനുമാനിക്കാം. ശരീരത്തിനുള്ളിൽവച്ചു് നാം അറിയാതെ നടക്കുന്ന ആ പ്രവൃത്തികൾ എന്തെല്ലാമെന്നു് ആരായുന്നതു വായനക്കാർക്കു് രസവിഹീനമായിരിക്കയില്ലെന്നു വിശ്വസിക്കുന്നു-

ഭക്ഷണസാധനങ്ങൾ വായിൽനിന്നും ഒരു കുഴൽമാറ്റും സഞ്ചരിച്ചു് അവസാനത്തിൽ മലദ്വാരത്തിൽകൂടി പുറത്തുവരുന്നതിനാൽ ഈ കുഴലിന്റെ ആദ്യഭാഗം വായാണെന്നും അവസാനം മലദ്വാരമാണെന്നും അനുമാനിക്കാം. ഈ കുഴലിനു് പോഷണക്കുഴൽ (Alimantary Canal) എന്നു പേർപറയുന്നു. ഈ കുഴലിന്റെ പലഭാഗങ്ങൾക്കുമുള്ള പ്രവൃത്തികൾ പലതരത്തിലാകയാൽ ആകൃതിവ്യത്യാസംപോലെ നാമവ്യത്യാസവുമുണ്ടു്. ചില ഭാഗങ്ങളിൽ ഈ കുഴൽ വലിപ്പം കുറഞ്ഞും, മററുചിലഭാഗങ്ങളിൽ വലിപ്പം കൂടിയും കാണപ്പെടുന്നു വായു്, ഗളനാളം, അന്നവാഹി, ആമാശയം, പക്വാശയം, ചെറുകുടൽ, വൻകുടൽ, മലവാഹി, എന്നിങ്ങനെ ഇതിന്റെ ആകൃതിയേയും, പ്രകൃതിയേയും ആധാരമാക്കി ഈ കുഴലിനെ എട്ടു പ്രധാനഭാഗങ്ങളായി വിഭജിക്കാം. വായിലിട്ടു ചവച്ചുപൊടിക്കുന്ന ഭക്ഷണസാധനം ആമാശയത്തിലേക്കു കടന്നുപോകുന്നതിനുള്ള കുഴലിന്റെ പ്രാരംഭഘട്ടത്തിനു് ഗളനാളം (Pharynx) എന്നു പേർപറയുന്നു. നാക്കിന്റെ ചുവട്ടിൽനിന്നും കഷ്ടിച്ചു രണ്ടുമൂന്നിഞ്ചുകീഴ്പോട്ടുള്ള ഈ ഭാഗത്തിനു് തൊണ്ട എന്നും പേർപറയാറുണ്ടു് ഗളനാളത്തിന്റെ അന്ത്യഭാഗത്തെ തുടർന്നുള്ളകുഴൽ അന്നവാഹി (Oesophagus) യാണു്. ഏകദേശം ഒരടിനീളമുള്ള ഈ കുഴൽ നെഞ്ചിനുള്ളിൽകൂടി നേരേ താഴോട്ടു ചെന്നു് ആമാശയത്തിലെത്തുന്നു. ഭക്ഷണം വിഴുങ്ങുമ്പോൾ ഗളനാളത്തിലുള്ളമാംസപേശികളുടെ പ്രവൃത്തിയാൽ ആ സാധനങ്ങൾ അന്നവാഹിയിൽ കടക്കുന്നു. അന്നവാഹിയിൽകൂടി ഭക്ഷണസാധനങ്ങൾ ആമാശയത്തിലെത്തുന്നതു് ഭക്ഷണത്തിന്റെ ഭാരംകൊണ്ടോ കുഴൽ കീഴോട്ടു കിടക്കുന്നതുകൊണ്ടോ മാത്രമല്ല. ഭക്ഷണം ഈ കുഴലിന്റെ മേൽഭാഗത്തു സ്പർശിക്കുമ്പോൾ കുഴലിന്റെ പുറമേയുള്ള മാംസവലയങ്ങൾമുകളിൽനിന്നും കീഴ്പ്പോട്ടു ചുരുങ്ങുകയും, തന്നിമിത്തം ഉണ്ടാകുന്ന സമ്മർദ്ദത്താൽ ഭക്ഷണസാധനം പടിപടിയായി കീഴ്പ്പോട്ടുപോകുകയുമാണു ചെയ്യുന്നതു്. ഈ കുഴലിന്റെ സമ്മർദ്ദംനിമിത്തം അന്നവാഹിയുടെ ഉൾപ്രദേശത്തു ശരിയായനിലയിൽ സ്പർശിക്കാതെ വായിൽനിന്നും ഭക്ഷണസാധനം ആമാശയത്തിലെത്തുന്നില്ല. ഈ കുഴലിനു് ഇതിന്റെ വിപരീതമായ പ്രവൃത്തിശക്തികൂടി ഉണ്ടെന്നുള്ളതു പ്രത്യേകം ധരിക്കേണം ആമാശയത്തിൽ കിടക്കുന്ന ആഹാരസാധനം വല്ല കാരണവശാലും ആമാശയത്തോടു സംഘടിപ്പിച്ചിരിക്കുന്ന ഈ കുഴലിന്റെ കീഴ്ഭാഗത്തു സ്പർശിച്ചാൽ അവിടെനിന്നും മുകളിലോട്ടു ഇപ്രകാരം പടിപടിയായ സങ്കോചിക്കുന്ന ഒരു സ്വഭാവവിശേഷം ഇതിനുണ്ടു്. അതുനിമിത്തമാണു് ഛർദ്ദി ഉണ്ടാകുന്നതും ആമാശയത്തിൽ കിടക്കുന്ന ഭക്ഷണസാധനം പുറത്തു വരുന്നതും.

ആമാശയത്തിനു് (Stomach) ഏകദേശം ഒരടി നീളവും, അരഅടി വ്യാസവും, ഉദ്ദേശം നാലിടങ്ങഴി കൊള്ളുന്നതക്ക വലിപ്പവുമുണ്ടു്. ഇതു് നെഞ്ചിനു നടുവിലുള്ള മാറെല്ലിന്റെ കീഴ്നിരപ്പിൽ ഇടംവലമായി കുറുകെ കിടക്കുന്നു ഇതും മാംസപേശിയാൽ മാത്രം നിർമ്മിച്ചിട്ടുള്ളതാണു്. ഭക്ഷണം ആമാശയത്തിലെത്തുമ്പോൾ ആമാശയത്തിന്റെ കഫനീപ്പാടകളിൽ (Mucous membranes) രക്തപ്രവാഹം വർദ്ധിക്കുകയും, തൽഫലമായി മാംസപേശികൾ സങ്കോചവികാസങ്ങൾ ആരംഭിക്കുകയും ചെയ്യുന്നു. ഭക്ഷണസാധനം വായിലിട്ടു ചവയ്ക്കുമ്പോൾ ഉമിനീരിനോടു യോജിപ്പിക്കുവാനായി ആ ഭക്ഷണസാധനത്തെ വേണ്ടവിധത്തിൽ ഇളക്കിക്കൊടുക്കുന്നതിനു് നാക്കു സന്നദ്ധമായിരിക്കുന്നു എന്നാൽ ആമാശയത്തിൽവച്ചു് ഭക്ഷണസാധനത്തോടു് പാചകനീരിനെ (gastricjuice) വേണ്ടവിധത്തിൽ കലർത്തുവാൻ നാക്കിനേപ്പോലെ ഒരു സഹായി ഇല്ല. (ആമാശയത്തിൽവച്ചു ഭക്ഷണസാധനത്തോടു ചേരുന്ന ദഹനസഹായിയായ ദ്രാവകത്തിനു് പാചകനീർ എന്നുപേർ പറയുന്നു.) അതിനാൽ ആമാശയമാംസപേശികൾ താനേ സങ്കോചിക്കയും വികസിക്കയും ചെയ്തു് ഭക്ഷണസാധനത്തെ ഇളക്കിമറിക്കുന്നു. ആമാശയത്തിൽ കിടന്നു കുഴഞ്ഞുമറിഞ്ഞു് പാചകനീരിനോടു വേണ്ടവിധം മേളിച്ചു കഴിയുമ്പോൾ ഭക്ഷണസാധനം ഒരു കുഴമ്പുപോലായിത്തീരുകയും, ആ കുഴമ്പു പക്വാശയത്തിലേക്കു കടക്കുകയും ചെയ്യുന്നു. ആമാശയത്തിൽനിന്നും പക്വാശയത്തിലേക്കുള്ള ദ്വാരം സാധാരണസമയങ്ങളിൽ അടഞ്ഞിരിക്കുമെങ്കിലും, ആഹാരം ആമാശയത്തിലെത്തുമ്പോൾ മുതൽ 10-15 മിനിട്ടിനുള്ളിൽ ഒരു പ്രാവശ്യം വീതം താനേ തുറക്കുകയും അടയുകയും ചെയ്തുകൊണ്ടിരിക്കും ആമാശയത്തിന്റെ വലത്തുഭാഗത്താണു് പക്വാശയത്തിലേക്കുള്ള ദ്വാരം. അതിനാൽ ഈ ദ്വാരമുഖത്തേക്കു ഭക്ഷണസാധനം നയിക്കുവാനായിട്ടു് ആമാശയം ഇടത്തുനിന്നും വലത്തോട്ടാണു സങ്കോചിക്കുന്നതു്. ഇപ്രകാരം പാചകനീരിനോടു ചേർന്നു പല മാററങ്ങളും സംഭവിച്ചിട്ടുള്ള ഭക്ഷണസാധനം (അശനക്കുഴമ്പു്) പക്വാശയത്തിലെത്തിയാൽ പിന്നീടുള്ള യത്രം മന്ദംമന്ദമായിട്ടാണു്. ഈ കുഴൽ വണ്ണംകുറഞ്ഞതാകയാൽ ഇതിനു പൊതുവേ ക്ഷുദ്രാന്ത്രം — (Small Intestine) അല്ലെങ്കിൽ ചെറുകുടൽ എന്നു പേർ പറയുന്നു. ഏകദേശം 20 അടി നീളമുള്ള ഈ കുഴലിന്റെ ആദ്യഭാഗത്തുള്ള മുക്കാൽ അടി നീളമുള്ള ഭാഗത്തിനാണു് പക്വാശയം (Duodenum) എന്നു പറയുന്നതു്. പക്വാശയത്തിൽവച്ചു് പിത്തനീരും (Bile) കണയനീരും, (Pancretic Juice) ആഹാരസാധനത്തോടുചേർന്നു ദഹനം ശരിയാക്കുന്നു. പിത്തനീർ ഉത്ഭവിപ്പിക്കുന്ന പിത്തനീർപിണ്ഡത്തിനു് കരൾ (liver) എന്നു പേർപറയും. കരളിൽനിന്നും ഉത്ഭവിക്കുന്ന പിത്തനീർ പിത്താശയത്തിൽ സംഭരിക്കുന്നു. കരളും പിത്താശയവും ഉദരത്തിന്റെ മേൽഭാഗത്തു വലത്തുവശത്തോടു ചേർന്നിരിക്കുന്നു കരളിന്റെ മുൻവശവും, വലത്തുവശവും, പിൻവശവും, വാരിയെല്ലുകളിൽ തൊട്ടിരിക്കുന്നു. പിത്താശയത്തിൽനിന്നും പിത്തനീരു് ഒരു കുഴൽവഴി പക്വാശയത്തിലെത്തി ആഹാരസാധനത്തോടു ചേരുന്നു. കണയപിണ്ഡം പക്വാശയത്തിന്റെ ഇടത്തുവശത്തായി ആമാശയത്തിനു നേരേ താഴെ സ്ഥിതിചെയ്യുന്നതും നീളമുള്ളതുംആയ ഒരു അവയവമാകുന്നു. കണയനീരും, പിത്തനീരും, പക്വാശയത്തിൽക്കൂടി ഭക്ഷണസാധനം സഞ്ചരിക്കുമ്പോൾ മാത്രമേ പക്വാശയത്തിലേക്കു് ഒഴുകുകയുള്ളു. ഇപ്രകാരം ആദ്യം ഉമിനീരിനോടും, ആമാശയത്തിൽവച്ചു പാചകനീരിനോടും, പക്വാശയത്തിൽവച്ചു് പിത്തനീർ, കണയനീർ എന്നിവകളോടും മേളിച്ചു പാകമായ ഭക്ഷണസാധനത്തിലുള്ള സാരാംശത്തെ ശരീരപോഷണകരമായി മാററുന്ന പ്രവൃത്തി പക്വാശയത്തിൽവച്ചാണു പ്രധാനമായിട്ടാരംഭിക്കുന്നതു്. പക്വാശയത്തിന്റെ ഉള്ളിൽ ഒരുതരം കഫനീപ്പാടകൾ വ്യാപിച്ചുകിടക്കുന്നുണ്ടു്. അന്നവാഹിയേപ്പോലെ ചെറുകുടലിനും സങ്കോചവികാസശക്തിയുണ്ടു് ഇതുനിമിത്തം ഭക്ഷണസാധനങ്ങൾ മുന്നോട്ടുഗമിക്കുന്നു. എന്നാൽ അന്നവാഹിയേപ്പോലെ അത്രവേഗത്തിൽ പക്വാശയം ചലിക്കാത്തതിനാൽ മന്ദംമന്ദമായിട്ടാണു് ഈ കുഴലിൽ കൂടി ഭക്ഷണസാധനം കടന്നു പോകുന്നതു് ഭക്ഷണത്തിലുള്ള പോഷണാംശം ജലരൂപത്തിലായാൽ മാത്രമേ രക്തത്തിൽ പ്രവേശിക്കുകയുള്ളു. വായിലിട്ടു ചവയ്ക്കുമ്പോൾമുതൽ ചില സാധനങ്ങൾ ജലരൂപത്തിലാകുന്നുണ്ടു്, അതിനാൽ അപ്പോൾമുതൽതന്നെ പോഷണാംശം രക്തത്തിലേക്കു പ്രവേശിക്കുന്നുണ്ടു്. എ

---

ത്തിയില്ലെ’ന്നു് പറഞ്ഞൊഴിയുന്നതിനു് അദ്ദേഹത്തിനു ഒട്ടും താമസിക്കേണ്ടിവന്നില്ല. അതെ, തന്റെ ഇന്നത്തെ കലൈശ്വര്യത്തിനു നിദാനമായ ആ “മിട്ടായിവ്യാപാരം” വേറൊരാളിനു വില്ക്കുകയെന്നുള്ളതു്, അദ്ദേഹത്തിന്റെ ഹൃദയത്തെ ഭേദിക്കാൻതന്നെ ഒരുവേള, പര്യാപ്തമായേക്കാം!

നാൽ ദഹനത്തിനുള്ള എല്ലാത്തരം ദ്രാവകങ്ങളും ചേൎന്ന് പോഷണാംശം മുഴുവൻ രക്തത്തിലേക്കു പ്രവേശിക്കത്തക്ക നിലയിലായിത്തീരുന്നതു പക്വാശയത്തിൽനിന്നും ചെറുകുടലിലേക്കു കടക്കുമ്പോഴാണ്. മുതലാകയാൽ അധികഭാഗവും രക്തത്തിലേക്കു വ്യാപിക്കുന്നതു ചെറുകുടലിൽ വച്ചാണ്. ജലരൂപത്തിലായിത്തീൎന്നിട്ടുള്ള പോഷണാംശം പോഷണക്കുഴലിന്റെ ചലനം നിമിത്തം കിടന്നു മറിയുകയും, പോഷണക്കുഴലിന്റെ ഉള്ളിലുള്ള കഫനീൎപ്പാടകളിൽ സ്പർശിക്കയും ചെയ്യും. പോഷണക്കുഴലിന്റെ ഉൾപ്രദേശത്തുള്ള ഈ കഫനീർപ്പാടയുടെ മറുവശത്തു രക്തക്കുഴലുകൾ വന്നുചേരുന്നുണ്ട്. അപ്പോൾ കഫനീർപ്പാടയുടെ ഉള്ളിൽ കിടക്കുന്ന ഭക്ഷണസാധനവും, കഫനീർപ്പാടകളിൽ പ്രസരിക്കുന്ന രക്തവും വളരെ സമീപിക്കുന്നു. ഏററവും മൃദുവായ ഒരു പാടയാണ് ഇവയെ വേർതിരിച്ചിരിക്കുന്നത്. ഈ പാടയിൽക്കൂടി ജലരൂപത്തിലുള്ള പോഷണസാധനങ്ങളെ രക്തക്കുഴലുകൾ സ്വീകരിക്കുന്നു. ചെറുകുടലിൽക്കൂടി സഞ്ചരിക്കുന്ന ഭക്ഷണസാധനം വൻകുടലിൽവച്ചു മാത്രമേ മുറുകി മലമായിത്തീരുന്നുള്ളു. അതിനാൽ വൻകുടലിൽ വച്ചും പോഷണാംശം രക്തത്തിൽ പ്രവേശിക്കുന്നതായിട്ടുനമാനിക്കാം. ഇതുനിമിത്തമാണു ചില രോഗാവസ്ഥകളിൽ ഭക്ഷണസാധനം വസ്തിവഴി കുടലിൽ കയററി പോഷണകരമാക്കിത്തീർക്കുന്നത്. ചെറുകുടലിന്റെ അവസാനഭാഗം മുതൽ—വൻകുടൽ ആരംഭിക്കുന്നതുമുതൽ—കുടൽ കുറച്ചുകൂടി വലിപ്പമുള്ളതായിത്തീരുന്നു. ഇതിനു സ്ഥൂലാന്ത്രം (Large intestine) എന്നും പേർ പറയാറുണ്ട്. വൻകുടലിൽനിന്നും ചെറുകുടലിലേക്കു യാതൊന്നും കടക്കാതിരിക്കത്തക്കവണ്ണമാണ് ഇവ തമ്മിൽ ചേരുന്ന ഭാഗം സൃഷ്ടിച്ചിരിക്കുന്നത്. വൻകുടലിന്റെ ഗതി കുറച്ചുദൂരം നേരേ മുകളിലേക്കും, പിന്നീടു പക്വാശയത്തിന്റെ മുൻഭാഗത്തുംകൂടി ഇടത്തുവശത്തേക്കു കുറുക്കെയും, പിന്നീടു ഇടത്തുവശത്തുകൂടി കീഴ്പോട്ടും ആകുന്നു. ഇതിന്റെ അവസാനഭാഗത്തിനു മലവാഹി (Rectum) എന്നു പേർ പറയുന്നു. ഇപ്രകാരം നാം ഭക്ഷിക്കുന്ന ആഹാരസാധനങ്ങളിലുള്ള പോഷണാംശത്തെ ഉമിനീർ, പാചകനീർ, പിത്തനീർ, കണയനീർ, മുതലായ ദ്രാവകങ്ങൾകലർത്തി പോഷണക്കുഴലിന്റെ സങ്കോചവികാസങ്ങളാൽ മർദിച്ചു ജലരൂപത്തിലാക്കി പോഷണക്കുഴലിന്റെ കഫനീർപ്പാടകളിൽ കൊണ്ടുചെന്നു കൊട്ടുക്കുകയും, ആ കഫനീർപ്പാടകളുടെ ബഹിർഭാഗത്തു വന്നു സന്നദ്ധമായി നിൽക്കുന്ന രക്തക്കുഴലുകൾ ആ സാരാംശത്തെ സ്വീകരിച്ചു ശരീരത്തിന്റെ നാനാഭാഗങ്ങളിലും വ്യാപിപ്പിച്ചു പോഷണകരമാക്കിത്തീർക്കുകയും ചെയ്യുന്ന അത്ഭുതകൎമ്മം അനവരതം നമ്മുടെ ശരീരത്തിൽ നടന്നുകൊണ്ടിരിക്കുന്നുണ്ടെങ്കിലും ആ വക കാൎയ്യങ്ങളേക്കുറിച്ചു സാധാരണക്കാർ ചിന്തിക്കാറില്ല. ഈശ്വരന്റെ സൃഷ്ടിവൈശിഷ്ട്യം അറിയുന്നതും ആനന്ദിക്കുന്നതും രസകരമായിത്തോന്നുന്നവർ ഈ വക രഹസ്യങ്ങൾ ആരാഞ്ഞു പഠിക്കട്ടെ!


---

# അനിലാലാപം.

ശ്രാമ്പിക്കൽ പത്മനാഭമേനോൻ ഇടപ്പള്ളി.

ആരെനിയാരായുന്നു! തെന്നലേ നെടുവീൎപ്പാൽ
ആൎദ്രമിന്നോരാം ഭവാൻ ദീനനെന്നായ്!!
കൂരിരുൾപ്പടപ്പിലും വാസരപ്രഭയിലും
ക്രൂരററഭവാൻനീന്തിത്തിരക്കിടുന്നു!
അല്ലല്ലാ! ഭവച്ചിത്തമാകവെ കവൎന്നോരു—
ക്കല്യയെ—യിതേവരെ കണ്ടീലെന്നോ?
കാട്ടിലും ഗിരിമുകൾപ്പാട്ടിലും കടലിലും
കോട്ടമററവളെന്നി തിരക്കിയില്ലേ?
പിച്ചകനികുഞ്ജത്തിലെത്തിനീ പ്രേമോന്മാദാൽ
പിച്ചുകൾ പലതരം പുലമ്പിയില്ലേ?
പൂമണം പൊഴിക്കുന്ന പൂവല്ലീനിരയോടു
പൂതനാംഭവാനെന്തോമൊഴിഞ്ഞതില്ലേ?
കണ്ടതില്ലാത്തമശ്ശരിയാളെയെന്നവർ ചൊൽകെ
കുണ്ഠനായ് ഭവാൻതേങ്ങിക്കരഞ്ഞുപോയി.
പുൽക്കൊടിവിരിപ്പിലായ് പൂമരച്ഛായയിങ്കൽ
പുക്കൊരുദിനമങ്ങു തളൎന്നാങ്ങെ;—
മോഹനസ്വപ്നത്തിലായ് ആത്മനായികതന്നെ
സ്നേഹശീലനാംഭവാൻ കണ്ടിരിക്കാം!!
"എങ്ങവളെന്നോമന" എന്നോതിയുടൻ ഭവാൻ
അങ്ങിങ്ങു വിബോധനായുഴന്നിരിക്കാം!!
നീലച്ചേലത്തഞ്ചും നിമ്നഗയ്ക്കൂറിവുണ്ടാം
നിൻപ്രണയിനിയുടെ ഗൂഢവൃത്തം
അങ്ങവൾഹൃദയത്തിൽ എത്രയോരഹസ്യങ്ങൾ
മങ്ങിയും മിന്നങ്ങിയും കിടപ്പതില്ല?
സുന്ദരവിഭാതശ്രീ തന്നിലായ് മുഴുകിനൽ
സിന്ദൂരപരാഗങ്ങളണിഞ്ഞുമെയ്യിൽ
ആലസ്യംകലരാതെ ദേവിയെത്തിരയുംനിൻ
ശീലത്തെ പ്രശംസിപ്പൂ കിളിക്കിടാങ്ങൾ.
അമ്പിളിക്കലയിലും തൂമിന്നൽകൊടിയിലും
ചെമ്പനീരലരിലുമെന്നുവേണ്ട
മോഹനവസ്തുക്കളിൽ സൌന്ദര്യമായിമിന്നും
ദേവിയെത്തേടുകാറേറ! ഗമിപ്പുഞാനും

---



# പാ ച ക ക ല.

എസ്സ്. എ. പിള്ള, ചടയമംഗലം.

രണ്ടാംഭാഗം (തുടർച്ച)

## പുളിശ്ശേരികൾ.

ഇതിൽ മൂന്നുവക പ്രധാനമാകുന്നു. (1) കഷണമിട്ട പുളിശ്ശേരി. (2) പച്ചപ്പുളിശ്ശേരി. (3) കുറുക്കുപുളിശ്ശേരി. ഇതിൽ പച്ചപ്പുളിശ്ശേരിക്കാണു മഹാരാഷ്ട്രസമ്പ്രദായത്തിൽ "കഢി" എന്നു വ്യവഹരിക്കുന്നതു്. ഈ മൂന്നിനും സ്വാദും മൂന്നുതരത്തിലാണെന്നു പ്രത്യേകം പറയണമെന്നില്ലല്ലോ.

പുളിശ്ശേരി നമ്പർ 1. ഇളയ കുമ്പളങ്ങ, പച്ചയും പഴുത്തതുമായ വെള്ളരിക്കാ, പച്ചമാങ്ങാ, പഴുത്തമാങ്ങാ, ഇളയ അമ്പഴങ്ങാ, ചേമ്പു്, വെണ്ടയ്ക്കാ, കത്തിരിക്കാ, മൂട്ടിയ പക്ഷം കാച്ചിലുകൾ, അറക്കീര മുതലായ കീരവർഗങ്ങൾ, ചെമ്പരത്തിപ്പൂവു് ഇവ ഇതിലേക്കുള്ള പ്രധാന കഷണങ്ങളാകുന്നു. ഇവയിൽ കീരകളും ചെമ്പരത്തിപ്പൂവും ഒഴിച്ചുള്ളവയെല്ലാം ഈരണ്ടെണ്ണം കൂട്ടിച്ചേർത്തും കഷണമാക്കാം. കഷണങ്ങൾ മിക്കവാറും ഒരേരൂപത്തിൽ ചതുരമായി നുറുക്കിക്കൊണ്ടാൽ നന്നായിരിക്കും. മാമ്പഴമാണെങ്കിൽ ഇരുവശവും പൂളിയിട്ടുകൊള്ളണം ചെറുതരം മാങ്ങയാണെങ്കിൽ ചുന ചെത്തിക്കളഞ്ഞും ചേർക്കാം. കഷണം കഴുകി ശുദ്ധിയാക്കി ഉപ്പും വെള്ളവുംചേർത്തു വേവിച്ചു വറ്റിച്ചുകൊള്ളണം. തേങ്ങാ, വററൽമുളകു പച്ചമുളകു്, ജീരകം, കരിവേപ്പില ഇവചേർത്തു കൂട്ടരച്ചു പുളിച്ച തൈരിൽ കലക്കി വേവിച്ചുവച്ചിരിക്കുന്ന കഷണത്തോടുകൂടി യോജിപ്പിച്ചു അടുപ്പിൽവച്ചു തിളച്ചുപോകാതെ പതഞ്ഞുവരുമ്പോൾ. ഉലുവാ, കടുകു്, വററൽമുളകു് (പച്ചമുളകും ആകാം) കരിവേപ്പില ഇവ നെയ്യും വെളിച്ചെണ്ണയും കലത്തി ഒഴിച്ചു അതിൽ മൂപ്പിച്ചു കടുകുവറുത്തു ചേർത്തുകൊള്ളേണ്ടതാകുന്നു. കടുകുവറുപ്പിൽ അല്പം നെയ്യുകൂടെ ചേർന്നില്ലെങ്കിൽ പുളിശ്ശേരിയുടെ പൂർണ്ണമായ സ്വാദു് ലഭിക്കയില്ല. ചിലർ പുളിശ്ശേരിക്കു മഞ്ഞൾകൂടി ചേർത്തുകാണുന്നുണ്ടു്. ഇതു അത്ര നല്ലരീതിയല്ല പുളിശ്ശേരി തിളച്ചുപോയാൽ രുചി കുറയും. ചെമ്പരത്തിപ്പൂ വേവിക്കുമ്പോൾ നിറം നല്ല കറുപ്പായിത്തീരുമെങ്കിലും മോരുചേർത്തുകഴിയുമ്പോൾ നല്ല രക്തവർണ്ണമായ മാറുന്നതാകുന്നു.

പുളിശ്ശേരി നമ്പർ 2. കഷണങ്ങൾ മേല്പറഞ്ഞതായിൽ ഏതെങ്കിലും തിരഞ്ഞെടുത്തുകൊള്ളണം. പുളിശ്ശേരിക്കു (നമ്പർ 1) പറഞ്ഞിട്ടുള്ളപ്രകാരം കൂട്ടരച്ചുകൊള്ളണം. (ഇതിനു കൂട്ടരയ്ക്കുന്നതും കടുകുവറുക്കുന്നതും പച്ചമുളകുതന്നെ ആയിരിക്കണം) പതച്ചു വാങ്ങേണ്ട പാകരീതിയും കടുകുവറുപ്പും മേല്പാണിച്ചിരിക്കുന്നതുപോലെതന്നെ. കൂട്ടു പുളിച്ച തൈരിൽ കലക്കി പാകത്തിനു ഉപ്പുംചേർത്തു അടുപ്പിൽവച്ചു പതയുമ്പോൾ കടുകുവറുത്തു യോജിപ്പിച്ചുകൊള്ളണം. ഇതിൽ കഷണം ഒന്നും കൂടാതെ കൂട്ടരച്ചു തൈരിൽ കലക്കി പതച്ചു വാങ്ങി കടുകുവറുത്തുകൊണ്ടാൽ "അധികം രുചിപ്രദമായ പച്ചപ്പുളിശ്ശേരി"യായി. "ദോസ" എന്ന പലഹാരം ഭക്ഷിക്കുന്നതിനു ഇതു പററിയ ഒരു കൂട്ടാനാകുന്നു. ഇതിൽ അല്പം മഞ്ഞൾപ്പൊടി ചേർത്തുകൊള്ളുന്നതിൽ വലിയ ദൂഷ്യമൊന്നുമില്ല.

പുളിശ്ശേരി നമ്പർ 3. നല്ലതുപോലെ പുളിച്ച പശുവിൻതൈരിൽ നല്ലമുളകുപൊടിയും മഞ്ഞൾപ്പൊടിയും കരിവേപ്പിലയും ഉപ്പും പാകത്തിനിട്ടു് അടുപ്പിൽവച്ചു് ഇളക്കി തിളച്ചുകൊഴുക്കണം. തവിയിൽ കോരിയാൽ കുഴമ്പുപോലെ അല്പം കട്ടിയായ പരുവത്തിലാകുമ്പോൾ ഇറക്കിക്കൊള്ളണം വെളിച്ചെണ്ണയും നെയ്യും സമം ചേർത്തു് അതിൽ കടുകും, ജീരകവും, കരിവേപ്പിലയും, വററൽമുളകുംകൂടി കടുകുവറുത്തൊഴിച്ചു് ഇളക്കി ഉപയോഗിക്കണം മലയാളബ്രാഹ്മണർക്കു് അത്യന്തം പ്രിയകരമായ "കുറുക്കുപുളിശ്ശേരി"യാണിതു്.

## മുളകുവെള്ളം.

ഇതു മലയാളബ്രാഹ്മണകുടുംബങ്ങളിൽ ശ്രാദ്ധത്തിനു് ഉപയോഗിക്കാൻ ഉണ്ടാക്കി വരുന്നുണ്ടു്. അവരുടെ ശ്രാദ്ധനാളിൽ കടുകു്, മുളകുവററൽ, വെളിച്ചെണ്ണ ഇവ വർജ്ജ്യങ്ങളാണെന്നാണു സങ്കല്പം. കറികൾക്കു് അന്നു നല്ലമുളകു മാത്രമെ ചേർക്കയുള്ളു. അതിനാൽ ഈ മുളകുവെള്ളത്തിനും പ്രധാനം നല്ലമുളകുതന്നെ. നല്ലമുളകും ജീരകവും ശുദ്ധജലം തളിച്ചു് അരച്ചു വെള്ളത്തിൽ കലക്കി തിളപ്പിക്കണം. മുക്കാൽപങ്കും വററി നല്ലതുപോലെ കൊഴുത്തു ലേഹ്യപാകം വരുമ്പോൾ നല്ല പശുവിൻതൈരു പിടിപ്പതു ഉപ്പുംചേർത്തു ധാരാളം വീഴ്ത്തി വീണ്ടും തിളപ്പിച്ചു കുറുക്കണം. പിന്നീടു വാങ്ങി നെയ്യിൽ ജീരകം വറുത്തിട്ടു് അതിൽ വീഴ്ത്തി ഇളക്കി ഉപയോഗിച്ചുകൊള്ളണം. ഇതിൽ കഷണം ഒന്നും ചേർക്കുന്നില്ല. ആവശ്യമുള്ളപക്ഷം ചേന, നേന്ത്രക്കാ ഇവ ഓരോന്നോ രണ്ടുംകൂടിയോ ചേർത്തുകൊള്ളാവുന്നതാണു്. കഷണങ്ങളോടുകൂടി ജീരകവും നല്ലമുളകും അരച്ചുചേർത്തു് ശുദ്ധജലത്തിൽ വേവിച്ചു് ഉപ്പുംചേർത്തു വററിച്ചു ലേഹ്യപാകം വരുമ്പോൾ തൈരുചേർത്തു പാകപ്പെടുത്തിക്കൊള്ളണം. സദ്യയിൽ ചതുർവിധവിഭവത്തിൽ ഉൾപ്പെട്ടിരിക്കുന്ന "പുളിച്ചകറി" ഇതാകുന്നു

## കാളൻ.

ഇതു പുളിശ്ശേരിയുടെ ഒരു വകഭേദം മാത്രമാകുന്നു. ശരിയായ കുറുക്കുപുളിശ്ശേരിയത്രെ കാളൻ.

കാളൻ നമ്പർ 1. നേന്ത്രക്കായും ചേനയും പ്രധാന കഷണങ്ങളാകുന്നു. ശരിയായി അരിഞ്ഞിട്ടുള്ള കഷണം കഴുകി നല്ലമുളകും വററൽമുളകും ഉപ്പും മഞ്ഞളും ചേർത്തു വേവിച്ചു വെള്ളം വററിച്ചു നല്ലതുപോലെ ഇളക്കി വരട്ടി അതിൽ നല്ല പുളയുള്ള പശുവിൻതൈർ ഒഴിച്ചു കുറുക്കുപുളിശ്ശേരിക്കു പറഞ്ഞിരിക്കുന്ന രീതിയിൽ പാകംചെയ്തുകൊള്ളാവുന്നതാകുന്നു. ഇതുതന്നെയാണു കാളൻ.

### പുളിശ്ശേരിപാകത്തിൽ പ്രത്യേകം ശ്രദ്ധിക്കേണ്ട സംഗതികൾ.

പശുവിൻതൈർ തിളയ്ക്കുമ്പോൾ കൊഴുപ്പുനശിച്ചു് വെള്ളംപോലെയാകും. വീണ്ടും തിളപ്പിച്ചു വററിച്ചാൽ കുഴമ്പുപോലെ ആയിത്തീരും. അപ്പോൾ അതിനു് നല്ലരുചിയും കൂടുതൽകൊഴുപ്പും ഉണ്ടായിരിക്കുന്നതാണു്. എന്നാൽ എരുമത്തൈരു് ആദ്യന്തം കൊഴുത്തും വെള്ളവുമായിരിക്കുകയേയുള്ളു. എല്ലാത്തൈരും, മോരും കൂട്ടിട്ടു് തിളപ്പിക്കാതെ പതച്ചുഎടുത്താൽ കൊഴുപ്പു കൂടുതലായി കാണും അതിനാൽ കുറുക്കുപുളിശ്ശേരിക്കും കാളനും പശുവിൻതൈരുതന്നെ ഉപയോഗിക്കേണ്ടതാകുന്നു. പച്ചസ്വാദുപോകാതെ പതച്ചുമാത്രം വാങ്ങേണ്ടുന്ന പച്ചപ്പുളിശ്ശേരി മുതലായവയ്ക്കു് പശുവിൻതൈരിൻെറ അഭാവത്തിൽ എരുമത്തൈരും ഉപയോഗിച്ചുകൊള്ളാം.

മാമ്പഴംചേർത്തപുളിശ്ശേരി — (കാളൻ) ഇതിനു പുളിരസംകലർന്നിട്ടുള്ള നാട്ടുമാമ്പഴമാണു് ഉത്തമം. ഇതിനെ ചുനചെത്തി അനന്നാവെള്ളത്തിൽ കഴുകി തൊലിയോടുകൂടി (പൂളുകയുംവേണ്ടാ) നല്ലമുളകും ഉപ്പും മഞ്ഞളു ചേർത്തു് ശുദ്ധജലത്തിൽ വേവിച്ചു് നല്ല പശുവിൻതൈർ ധാരാളമായിഒഴിക്കണം കരവേപ്പിലയുംചേർത്തു നല്ലതുപോലെ തിളയ്ക്കുമ്പോൾ അതിൽനിന്നും അല്പം വെള്ളംകോരിഎടുത്തു് ആ വെള്ളംചേർത്തു് തേങ്ങായും ജീരകവും നല്ല നേർമ്മയായി അരച്ചുകൊള്ളണം. കഷണത്തിൽ ഒഴിച്ചിട്ടുള്ള തൈരുതിളച്ചു് കുറുകിത്തുടങ്ങുമ്പോൾ ഈ കൂട്ടു്, മുൻപു് എടുത്തുവച്ചിരുന്ന തൈരുവെള്ളത്തിൽതന്നെ കലക്കിഒഴിച്ചു് വീണ്ടും തിളച്ചുകൊഴുക്കുമ്പോൾ വാങ്ങി കടുകും ജീരകവും, വററൽമുളകും നെയ്യിൽകൂട്ടി കടുകുവറുത്തു യോജിപ്പിച്ചുകൊള്ളണം. ഇതിൽ തേങ്ങാവളരെ കുറച്ചുമാത്രമെ അരച്ചുചേർക്കാവൂ. തേങ്ങാഅരച്ചുകലക്കുന്നതിനുപകരം തേങ്ങാപ്പാൽ ചേർക്കുന്നതായാൽ അല്പംകൂടെ രുചി ഉണ്ടായിരിക്കും.

നേന്ത്രവാഴയ്ക്കാതോൽപോക്കി നുറുക്കി കഷണമിട്ടു് മേൽപ്രകാരം പാക ചെയ്തെടുത്താൽ അതിനു "മോരുകറി" എന്നു പേരാകുന്നു.

മാമ്പഴം തൊലികളഞ്ഞു് പുളിശ്ശേരിക്കൂട്ടു് തൈരിൽകലക്കി പാകത്തിനു് ഉപ്പും ചേർത്തു് തിളപ്പിച്ചു് മേൽപ്രകാരം പാകം ചെയ്തു കടുകുവറുത്താൽ "മാമ്പഴപ്പുളിശ്ശേരി" യാകും.

### ഉപ്പുച്ചാർ

ഇതിൻെറ നടനരംഗം തുളുചെന്നൂരാണു്. 'മുക്കാണി'ബ്രാഹ്മണാലയങ്ങളിൽഇതിൻെറ പ്രാധാന്യം അവർണ്ണനീയമാകുന്നു. വളരെ സ്വാദുള്ള ഈ കറിക്കു, വെണ്ടയ്ക്കാ, കത്തിരിക്കാ, പിഞ്ചായുള്ളപടവലങ്ങാ, ഇളംചീരത്തണ്ടു് (കീരത്തണ്ടു്) ഇവയാണു് പ്രധാനകഷണങ്ങൾ. കഷണംനുറുക്കി കഴുകി ആകെ ആവശ്യമുള്ളതിൽ മുക്കാൽപങ്കു ഉ

പ്പും വേവുന്നതിന്ന് ആവശ്യമുള്ള വെള്ളവും ചേർത്ത് വേവിച്ചു വററിക്കണം എണ്ണപിരട്ടി വറുത്തവററൽമുളക്, പച്ചത്തേങ്ങാ, ജീരകം, അല്പമാത്രയിൽ ഉണക്കമരി ഇവ നല്ല നേർമ്മയായി അരച്ചു അധികം പുളിയില്ലാത്ത തൈരിൽകലക്കി പാകത്തിനുള്ള ഉപ്പുംചേർത്ത് തയാറായിരിക്കണം — അപ്പക്കൊടി, ചുണ്ടയ്ക്കാവററൽ, നല്ലമുളകുപൊടി ഇവ വെളിച്ചെണ്ണയിൽഇട്ടു വറുത്തു സുഗന്ധംപുറപ്പെട്ടപ്പോൾ ആദ്യം, കലക്കിവച്ചിരിക്കുന്നതൈരും, പിന്നീട് വേവിച്ചു വച്ചിരിക്കുന്ന കഷണങ്ങളുംഇട്ട് ചൂടുപിടിക്കുമ്പോൾ വാങ്ങിക്കൊള്ളേണ്ടതാകുന്നു.

അസ്ത്രം വെണ്ടമുറിയൻ, മുതിര മുതലായ പുഴുക്കുകൾ എന്നിവയോടൊപ്പം കഞ്ഞിക്കു ഒരു നല്ല കൂട്ടുവാൻതന്നെയാണ് അസ്ത്രം. "അസ്ത്രവും കഞ്ഞിയും" "പുഴുക്കുംകഞ്ഞിയും" എന്നൊക്കെ പറയാറുണ്ടല്ലൊ.

ഇതിന്റെ പ്രധാനകഷണങ്ങൾ ഏത്തൻകായ്, കാച്ചിൽ, ചേന, ചെറുകിഴങ്ങ്, ചേമ്പ്, മുതലായവതന്നെ. കൊഴുപ്പുള്ള സാധനങ്ങളാണ് അസ്ത്രത്തിനു കഷണമാക്കാൻ നന്നായിട്ടുള്ളത്. ഇവയിൽ ഓരോന്നു തനിച്ചും കൂട്ടിച്ചേർത്തും കഷണമാക്കിക്കൊള്ളാം. ഇതിന്റെ കഷണം അല്പംവലുതായി (ഒരംഗുലം നീളംവീതിഘനത്തിൽ കുറയാതെ) നുറുക്കിക്കൊള്ളണം.

കഷണങ്ങൾശുദ്ധിചെയ്തു നല്ലമുളകും വററൽമുളകും അല്പം മഞ്ഞളും ചേർത്തു പാകത്തിനുവെള്ളത്തിൽഇട്ടു വേവിക്കണം വേവു പകുതിയാകുമ്പോൾ ഉപ്പു പാകത്തിനു ചേർത്തുകൊള്ളണം. വീണ്ടും തിളപ്പിച്ച് നല്ല പശുവിൻതൈര് ഒഴിച്ച് കൊത്തോടുകൂടി പച്ചക്കറിവേപ്പില ഇട്ട് കൊഴുത്തുതുടങ്ങുമ്പോൾ വാങ്ങിക്കൊള്ളണം. ഇതിന്ന് കടുകുവറുക്കേണ്ട ആവശ്യംഇല്ല. കടുകുവറുത്തുപോയാൽ ഇതിന്റെ രൂപവും പ്രകൃതിയും രുചിയും ഭേദപ്പെട്ടു "കാളനാ"യിത്തീരുന്നതാണ്. തീരെ വിളയാത്ത (ഇടിച്ചക്ക) ഇളംചക്കയും കഷണമാക്കി അസ്ത്രം പാകപ്പെടുത്തിവരുന്നുണ്ട്.

കഢി ഇതു് മഹാരാഷ്ട്രപാകമാകുന്നു നമ്മുടെ പച്ചപ്പുളിശ്ശേരിക്കു സമമായ പാകരീതിയിൽ ഉണ്ടാക്കിവരുന്നു. ഇതിൽ ചിലതിനെക്കുറിച്ചു മുന്നൊരിടത്തുപ്രതിപാദിച്ചിട്ടുണ്ട്. അതുകൂടാതെ അതിരുചിപ്രദങ്ങളായ ഏതാനും'കഢി'കളുടെ പാകരീതി മഹാരാഷ്ട്രപാചകത്തിൽതന്നെ ഇവിടെ പ്രസ്താവിക്കുന്നു ഇവയ്ക്കു കഷണംചേർക്കുന്നതും ചേർക്കാത്തതും നന്നുതന്നെ. പാകരീതിയിൽ നല്ലജാഗ്രതകാണിച്ചുകൊണ്ടാൽ ഇവ അത്യധികം രുചിയുള്ള കറിതന്നെയാണെന്നു നിസ്സംശയം പറയാം.

(1) കഷണംചേർക്കാത്ത കഢി — അല്പം തേങ്ങാ(തിരുകി)യും തുവരപ്പരിപ്പും പച്ചമുളകും ജീരകവും അല്പം മഞ്ഞളുംകൂടി നേർമ്മയായി അരയ്ക്കണം അധികം പുളിയില്ലാത്ത ഒറതൈരിൽ അധികം വെള്ളംപോലെ ആകാതെ കട്ടയായി കലക്കി കൊഴുപ്പിനുമാത്രം അല്പം അരിമാവും പാകത്തിനു ഉപ്പുംചേർത്ത് അടുപ്പിൽവച്ച് കുറഞ്ഞ തരത്തിൽ തീയെരിച്ച് കൊഴുപ്പുവരുത്തണം. പിന്നീട് അല്പം പച്ചകൊത്തമല്ലിയും കറിവേപ്പിലയും വറുത്ത ഉലുവാപ്പൊടിയുംചേർത്തിളക്കിവാങ്ങി കടുകുംതൊലിപോക്കി ഉടച്ചിട്ടുള്ള ഉഴുന്നുപരിപ്പും നെയ്യിലൊ വെളിച്ചെണ്ണയിലൊ ചേർത്ത് കടുകുവറുത്തു ചേർത്തുകൊള്ളുകയുംവേണം.

കഢിനമ്പർ 2 — മേൽപ്രസ്താവിച്ചരീതിയിൽ കഢിചെയ്തു കടുകുവറുത്തു വച്ചുകൊണ്ട്:

തുവരപ്പരിപ്പ്, മുളകുവററൽ, ജീരകം, ഇവ പാകത്തിനു ഉപ്പുകൂട്ടി നേർമ്മയായി അരച്ച് നെല്ലിക്കായോളം വലുപ്പത്തിൽ നെയ്യിലൊ വെളിച്ചെണ്ണയിലൊ ഉരുട്ടിയിട്ട് മൂപ്പിച്ചു വറുത്തു കോരി ആ കഢിയിൽ ഇട്ടുകൊള്ളണം. ഇതു് അധികം സ്വാദുള്ള ഒരു കറിയാകുന്നു

കഢി നമ്പർ 3 — പിഞ്ചുവെണ്ടയ്ക്കാ, പിഞ്ചു കത്തിരിയ്ക്കാ, ഇവ കഷണമാക്കി (കത്തിരിക്കാ കുറൽകളഞ്ഞു്) ശുദ്ധിചെയ്തു മഞ്ഞൾപൊടിയുംഇട്ട് ശുദ്ധജലത്തിൽ ഇട്ടു തിളച്ച് പകുതി വേവുമ്പോൾ പാകത്തിന് ഉപ്പുംപുളിയും ചേർത്ത് മുക്കാൽ പങ്കു വെള്ളവും വററിച്ച് കഢിക്കുള്ള കൂട്ടുതൈരിൽ കലക്കിഒഴിച്ച് പതച്ചുവാങ്ങി കടുകുവറുത്തുകൊണ്ടാൽ മിഴിവാകും.

N. B വെണ്ടയ്ക്കാചേർക്കുന്ന കൂട്ടുവാനെല്ലാം മററുള്ള കഷണങ്ങൾ മിക്കവാറും വെന്തുകഴിഞ്ഞതിൽ പിന്നീടുമാത്രമെ വെണ്ടയ്ക്കാ ഇട്ടുകൊള്ളാൻ പാടൊള്ളു. അല്ലെങ്കിൽ വെണ്ടക്കാ വെന്തു ഉടഞ്ഞുപോകുന്നതിനിടയാകും. വെണ്ടക്കാ ചേർത്തുകഴിഞ്ഞാൽ പിന്നീട് അല്പമായിട്ടെ തിളപ്പിക്കാവൂ എന്നും ഓർമ്മയായിരിക്കണം.

(തുടരും)


# THE STATE AIDED BANK OF TRAVANCORE Ltd.

(Under the Patronage of and largely supported by the Government of H. H. The Maharajah Travancore)

**CHAIRMAN:- K. C. PANDALA B. Sc. (LOND.)**

| | | |
|---|---|---|
| Subscribed Capital | :- | 15,60,400. |
| Capital Paid up | :- | 7,93,589 3 11. |
| Reserve and other Funds | :- | 2,23,500. |

## HEAD OFFICE:- ALLEPPEY.

**Branches: Trivandrum, Changanacherry, Cochin and Quilon.**

**Sub-Offices: Ernakulam, Kayamkulam and Kottayam.**

Current Deposit Accounts opened and Fixed Deposits received on terms which may be ascertained on application.

Every kind or Banking Business transacted

For Particulars apply to

or to the
CHAIRMA
COLLEGE BUILDINGS
ESPLANADE, MADRAS'

C. KRISHNA MENON M.A.
MANAGER ALLEPPEY.

# ശ്രീരാമവിലാസം ബുക്ക്ഡിപ്പോ—കൊല്ലം.

ബ്രാഞ്ചുകൾ—തിരുവനന്തപുരം, ആലപ്പുഴ എറണാകുളം.

## നോവലുകൾ.

| | ക. | ണ. | സ. |
|---|---|---|---|
| അഹിഭയം അഥവാ കേരളകാളിദാസൻ. | 1 | 8 | 0 |
| സത്യാഗ്രാഹി. | 1 | 8 | 0 |
| വിജയലക്ഷ്മി. | 0 | 4 | 0 |
| ചമ്പകമാല അഥവാ വനേശരാജ്യത്തിലെ ഒരു ഘാതകൻ. | 0 | 10 | 0 |
| ദേവകി. | 0 | 8 | 0 |
| അംഗനാചുംബനം ഒന്നാംഭാഗം. | 0 | 12 | 0 |
| രണ്ടാംഭാഗം. | 0 | 12 | 0 |
| മൂന്നാംഭാഗം. | 1 | 0 | 0 |
| മൂന്നുഭാഗങ്ങളും ചേർന്നതിന് | 2 | 4 | 0 |
| അരമനരഹസ്യം. | 1 | 0 | 0 |
| താരാഭായി. | 1 | 0 | 0 |
| കാലൻെറ കൊലയറ ഒന്നാംതരം. | 1 | 4 | 0 |
| രണ്ടാംതരം | 1 | 0 | 0 |
| മരതകമണി. | 0 | 12 | 0 |
| പ്രേമധാമം അഥവാ സുവർണ്ണകുമാരി | 0 | 12 | 0 |
| മലയൻ അഥവാ മലേഷ്യയിലെ കുമുദപ്രിയതമൻ. | 0 | 12 | 0 |
| കമലാഭായി. | 1 | 0 | 0 |
| നാഗേശ്വരൻ അഥവാ കപടരാജാവ്. | 1 | 0 | 0 |
| വീരകേസരി. | 1 | 0 | 0 |
| ചിത്രലേഖ | 0 | 12 | 0 |
| അമരസിംഹൻ | 0 | 12 | 0 |
| ഡൊരസ്ലിണി മുഴകാലിക്കോബയൻറ് | 1 | 0 | 0 |
| സാധാരണബയൻറ്. | 0 | 12 | 0 |
| കുസുമോത്സവം. | 1 | 8 | 0 |
| ഇന്ദിര. | 1 | 0 | 0 |
| പ്രണയപാശം. | 1 | 0 | 0 |
| വാസിനി. | 0 | 12 | 0 |
| മേനിക്കടെലാസ്. | 1 | 0 | 0 |
| അവളുടെ അത്ഭുതപ്രേമം. | 0 | 8 | 0 |
| പ്രണയപ്രതികാരം. | 1 | 0 | 0 |
| ബാങ്കർ ചന്ദ്രശേഖരൻ. | 0 | 12 | 0 |
| കഷ്ടം അഥവാ സെസിലിയുടെ പ്രണയം. | 0 | 4 | 0 |
| മായാമണ്ഡലം. | 1 | 8 | 0 |
| കനകമംഗലം. | 1 | 0 | 0 |

## ജീവചരിത്രങ്ങൾ.

| | ക. | ണ. | സ. |
|---|---|---|---|
| ശ്രീരാമകൃഷ്ണദേവൻ. | 0 | 12 | 0 |
| വിവേകാനന്ദസ്വാമികൾ | 0 | 4 | 0 |
| മഹാത്മാഗാന്ധി. | 0 | 2 | 0 |
| ശ്രീമച്ഛങ്കരാചാര്യർ. | 0 | 4 | 0 |
| ഗുരുനാനാക്ക്. | 0 | 4 | 0 |
| ലാലാലജപതറായി | 0 | 4 | 0 |
| പണ്ഡിതമോതിലാൽനെഹ്റു | 0 | 8 | 0 |
| ഹെൻറിഫോർഡ്. | 0 | 8 | 0 |
| മുഹമ്മദുനബി. | 2 | 0 | 0 |
| ജനറൽ ഗാർഫീൽഡ് അഥവാ സാർവ്വഭൗമനായിത്തീർന്ന കൃഷകബാലൻ. | 0 | 4 | 0 |
| ഡാക്ടർ ലിവിംഗ്സ്റ്റൺ. | 0 | 4 | 0 |
| ബുദ്ധിമാനായ അഹിക്കർ. | 0 | 4 | 0 |
| വിക്ടോറിയാമഹാറാണി. | 0 | 8 | 0 |

## ചെറുകഥകൾ

| | | | |
|---|---|---|---|
| കഥാവല്ലരി ഒന്നാംഭാഗം. | 0 | 4 | 0 |
| ബാഷ്പാങ്കുരം | 0 | 8 | 0 |
| മുരളീഗാനം മുതലായ ചെറുകഥകൾ. | 0 | 4 | 0 |
| രാധാറാണി. | 0 | 3 | 0 |
| വൃദ്ധാചലൻ. | 0 | 4 | 0 |
| സുഭദ്ര. | 0 | 4 | 0 |
| ബട്ട്ളർപപ്പൻ. | 0 | 4 | 0 |

## വ്യാകരണഗ്രന്ഥങ്ങൾ.

| | | | |
|---|---|---|---|
| ശബ്ദമുക്താവലി മലയാളം പാക്കററുനിഘണ്ടു | 1 | 4 | 0 |
| ശബ്ദരൂപാവലി പ്രഥമഭാഗം. | 0 | 3 | 0 |
| അമരകോശം മൂന്നുകാണ്ഡം സാരാർത്ഥബോധിനി എന്ന വ്യാ: സഹിതം | 1 | 0 | 0 |
| കുമാരസംഭവം സവ്യാഖ്യാനം. | 1 | 0 | 0 |
| സിദ്ധരൂപം | 0 | 3 | 0 |
| പ്രയോഗദീപിക | 1 | 8 | 0 |

---

ശ്രീരാമവിലാസം പ്രസ്സിനോട് അനുബന്ധിച്ചിട്ടുള്ള "ശ്രീരാമവിലാസം"

## ഫൈൻ ആർട്ട്സ് സ്റ്റുഡിയോവിൽ

ഹാഫ്ടോൺബ്ളാക്കുകൾ, ലൈൻബ്ളാക്കുകൾ, വിവിധവർണ്ണമഷികളിലടിക്കാവുന്ന ബ്ളാക്കുകൾ മുതലായവ

പരിഷ്കൃതരീതിയിൽ കൃത്യസമയത്ത് കുറഞ്ഞ റേററിൽ ചെയ്തുകൊടുക്കുന്നതാണ്.

തിരുവിതാംകൂറുകാരുടെ വകയായ ഏക

## ബ്ളാക്കുനിർമ്മാണശാല ഇതുമാത്രം.

അപേക്ഷിക്കേണ്ടും മേൽവിലാസം,— ശ്രീരാമവിലാസം ഫൈൻ ആർട്ട്സ് സ്റ്റുഡിയോ—കൊല്ലം

# THE MALAYALA RAJYAM CHITRAVARIKA.

1st APRIL 1935. Vol. VII No 30


## ഉത്തരവാദിത്വമുള്ള ഞങ്ങളുടെ ചില സിദ്ധൌഷധങ്ങൾ.

**അശോകാരിഷ്ടം:**—ആർത്തവസംബന്ധമായി സ്ത്രീകൾക്കുണ്ടാകുന്ന എല്ലാവക രോഗങ്ങൾക്കും വിശിഷ്യ, രക്തസ്രാവം, യോനിസ്രാവം എന്നിതുകൾക്കു ഇതിനോളം ശ്രേഷ്ഠമായി യാതൊരൌഷധവും ഉണ്ടായിട്ടില്ലെന്നുള്ളതു നിസ്തർക്കമാകുന്നു. അർശ്ശസ്സ്, ശോഫം, അരുചി എന്നിതുകളെക്കൂടി സമാഹരിക്കുവാൻ ശക്തിമത്തായ ഈ വിശിഷ്ടൌഷധം സ്ത്രീലോകത്തിന് വിലതീരാത്ത ഒരനുഗ്രഹമാകുന്നു. അരമുതൽ ഒരൌൺസുവരെ രണ്ടുനേരവും സേവിക്കണം.
24 ഔൺസു കുപ്പി 1-ക്കു വില 2 ക . ണ.

**ഉശീരാസവം:**—രക്തപിത്തത്തിന്റെ ഏതു ഭയങ്കരാവസ്ഥയിലും ഉപയോഗിക്കുവാനും ഉപയോഗമാത്രയിൽതന്നെ സദ്യഃഫലം നൽകുവാനും ഇതിന്നുശരി മറെറാരൌഷധവുമില്ല. രോമകൂപങ്ങളിൽക്കൂടിയും മൂത്രമാർഗ്ഗത്തിൽക്കൂടിയും രക്തം പോകുന്നതിനെ ഇതു ക്ഷണത്തിൽ മാററും. കൂടാതെ, കൃമിദോഷങ്ങൾ, രക്താധിക്യമുള്ള മൂലക്കുരു, ചുട്ടുനീറൽ ഇവകളേയും ആശ്വാസപ്പെടുത്തും. പാണ്ഡു, കുഷ്ഠം, പ്രമേഹം, കൃമിദോഷങ്ങൾ, നീരു് എന്നിവകളിൽ ഈ ദിവ്യൌഷധം എത്രത്തോളം ആശ്വാസപ്രദമാണെന്ന് ഒരിക്കൽ ഉപയോഗിച്ചുനോക്കുന്നവക്കു അനുഭവൈകവേദ്യമായിത്തീരും. അരമുതൽ ഒരൌൺസുവരെ രണ്ടുനേരവും ഭക്ഷണത്തിനുമുമ്പ് സേവിക്കണം.
24 ഔൺസു കുപ്പി 1-ക്കു 2 ക 8 ണ.

**കനകാസവം:**—കാസശ്വാസം, ക്ഷയരോഗം എന്നിതുകളിൽ ഈ ഔഷധം ചെയ്യുന്ന ശക്തിമത്തായ ആശ്വാസം സുപ്രസിദ്ധമാകുന്നു. അരമുതൽ ഒരൌൺസുവരെ രാവിലേയും വൈകുന്നേരവും ഭക്ഷണത്തിനു മുൻപു സേവിക്കണം. എത്ര വിഷമകരമായ കഫക്കെട്ടിനേയും ഇതു ക്ഷണത്തിൽ തീർക്കുന്നതാണ്.
24 ഔൺസു കുപ്പി 1-ക്കു വില 2 ക ൮ ണ.

**പിപ്പല്യാസവം:**—ക്ഷയരോഗങ്ങളിൽ അതിശയനീയമായ ഫലത്തെ ചെയ്യുന്ന ഒരു പ്രസിദ്ധ സിദ്ധൌഷധമാണിതു്. മാത്രമല്ല, ഗുന്മൻ, ഗ്രഹണി, പാണ്ഡു, അഗ്നിമാന്ദ്യം, അർശോരോഗങ്ങൾ എന്നിവകളിലും ഇതു് അത്യുത്തമമാകുന്നു. മഹോദരത്തിനും ഇതു ഫലപ്രദമാണെന്നു പരീക്ഷിച്ചറിഞ്ഞിട്ടുള്ളതാണ്. അരമുതൽ ഒരൌൺസുവരെ രണ്ടുനേരവും സേവിക്കണം.
കുപ്പി 1-ക്കു 2 ക 8 ണ.

**ദന്ത്യരിഷ്ടം:**—മൂലക്കുരു, മലബന്ധം, ഗ്രഹണി, പാണ്ഡുരോഗം, മഹോദരം ഇവകളെ ശമിപ്പിക്കുകയും അഗ്നിബലത്തെ വർദ്ധിപ്പിക്കുകയും അരോചകത്തെ നശിപ്പിക്കുകയും ചെയ്യും. നിത്യശോധനയ്ക്കും ഇതു ബഹു വിശേഷമാകുന്നു. അരമുതൽ ഒരൌൺസുവരെ രണ്ടുനേരവും സേവിക്കാം. 24 ഔൺസു കുപ്പി 1-ക്കു 2 ക.

**പുനർന്നവാസവം:**—വീക്കം, മഹോദരം, പ്ലീഹ, വീപ്പ്, അമ്ലപിത്തം, യകൃദ്രോഹം, ഗുന്മം, ജ്വരം എന്നീ സകല ഭയങ്കരരോഗങ്ങളിലും ഒന്നുപോലെ ആശ്വാസപ്രദമായ ഒരൊന്നാംതരം സിദ്ധൌഷധമാണിതു്. അരമുതൽ ഒരൌൺസുവരെ രണ്ടുനേരവും ഭക്ഷണത്തിനു മുൻപു സേവിക്കണം.
24 ഔൺസു കുപ്പി 1-ക്കു വില 2 ക 12 ണ.

**ലക്ഷ്മീവിലാസ ലേഹ്യം:**—ക്ഷയരോഗത്തേയും അതു വരുത്തിക്കൂട്ടുന്ന അനർത്ഥങ്ങളേയും ആരെയും പറഞ്ഞറിയിക്കേണ്ടതില്ല. രോഗസാമ്രാട്ടായ ക്ഷയം എത്ര ബലിഷ്ഠശരീരത്തേയും ക്ഷണകാലത്തിനുള്ളിൽ ക്ഷീണിപ്പിച്ച് അസഹ്യമായ ചുമയ്ക്കും കഫക്കെട്ടിനും അമിതമായ ആലസ്യത്തിനും വിധേയമാക്കി ജീവനെത്തന്നെ സമാഹരിച്ചുകളയുന്നു. എത്ര ഭയങ്കരമായ ക്ഷയരോഗത്തേയും സമൂലം നശിപ്പിച്ചു വിജയകരമായ ആശ്വാസത്തെ ജനസാമാന്യത്തിനു നൽകുവാൻ പര്യാപ്തമായ ഒരു പുരാതനയോഗത്തെ അനവധി നിരീക്ഷണങ്ങളുടേയും പരീക്ഷണങ്ങളുടേയും ഫലമായി കണ്ടുപിടിച്ചു പ്രയോഗിച്ചു പ്രഖ്യാതി സമ്പാദിച്ചിട്ടുള്ള ഒരു ദിവ്യൌഷധമാണ് 'ലക്ഷ്മീവിലാസലേഹ്യം.' ക്ഷയരോഗികൾ തങ്ങളുടെ വിലയേറിയ ജീവിതത്തേയും ധനത്തേയും നശിപ്പിക്കാതെ ഈ ശ്രേഷ്ഠൌഷധം വരുത്തി സേവിക്കുവിൻ! വിശിഷ്യ, എത്ര ക്ഷീണശരീരികളേയും മന്ദബുദ്ധികളേയും ഇതു് അതിശയനീയമാംവിധം ആശ്വസിപ്പിക്കുന്നതാണ്. ഓരോ ഉരുപ്പികത്തുക്കം ആഹാരത്തിനു മുൻപു സേവിച്ചു പാലോ ഇലവിൻവേരിട്ടുവച്ച കഷായമോ അനുപാനമായുപയോഗിക്കുക.
റാത്തൽ 1-ക്കു 4 ക.

**ശാരിബാസവം:**—പ്രമേഹത്തിൽ ഇത്ര മഹത്തായ മറെറാരൌഷധവും ആയുർവ്വേദം വിധിച്ചിട്ടില്ല. 18 വിധങ്ങളായ പ്രമേഹങ്ങളേയും പ്രമേഹപ്പിടകകളേയും തജ്ജന്യങ്ങളായ ഇതരരോഗങ്ങളേയും ഇതു ക്ഷണത്തിൽ ആട്ടിയോടിക്കുന്നു. അര ഔൺസുമുതൽ ഒരൌൺസുവരെ രണ്ടു നേരവും സേവിക്കാം
24 ഔൺസു കുപ്പി 1-ക്കു വില 2 ക 8 ണ.

അമൃതസഞ്ജീവനി ആയുർവ്വേദ ഔഷധാലയം കൊല്ലം (തിരുവിതാംകൂർ)

rinted and ublished by K. Raghavan Pillai at the Sri Rama Vilas Press, Quilon. Editor K. G. Sanker.